PROCEEDINGS OF THE TRAVANCORE -COCHIN LEGISLATIVE ASSEMBLY.

FIRST SESSION—1953.

Friday, the 6th March, 1953

Vol. VIII — OFFICIAL REPORT — No. 9

The Assembly met in the Assembly Chamber, Trivandrum, at Eleven of the Clock on Friday, the 6th March 1953, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

കയർവ്യവസായസ്തംഭനം

* ൨൭൧. [൧] ശ്രീ. ആർ. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർവ്യവസായസ്തംഭനംമൂലം എത്രപേർ തൊഴിലില്ലാത്തവരായിത്തീർന്നിട്ടുണ്ട്;

(ബി) അവർക്കു തൊഴിൽ നൽകാൻ എവിടെയെല്ലാം പൊതുമരാമത്തുപണികൾ ആരംഭിച്ചിട്ടുണ്ട്;

(സി) തൻമൂലം എത്രപേർക്ക് തൊഴിൽ ലഭിച്ചിട്ടുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഈ ചോദ്യത്തിന് പലതവണയും ഉത്തരം പറഞ്ഞിട്ടുള്ളതാണ്. എങ്കിലും ഒരുതവണകൂടി ഉത്തരം പറയാം.

(എ) കയർമാറ്റ്സ്, മാറ്റിംഗ്സ് മുതലായവ ഉൽപാദിപ്പിക്കുന്ന ഫാക്ടറികളിലുള്ള കയർവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന

തിൽ ഉദ്ദേശം ൧൭,൦൦൦ പേൎക്കു് ജോലിയില്ലാതായി തീൎന്നിട്ടുണ്ടു്. പച്ചത്തൊണ്ടിൽനിന്നും ചകരിയും കയറും ഉൽപാദിപ്പിക്കുന്ന ഘട്ടംവരെയുള്ള കുടിൽവ്യവസായപരമായ കയൎവ്യവസായത്തിൽ ഏൎപ്പെട്ടിരിക്കുന്നവൎക്കു് തൊഴിൽ ഇല്ലാതായിട്ടറിവില്ല. എന്നാൽ കയറിനുണ്ടായ വിലക്കുറവുമൂലം ഇവൎക്കു് ജീവിതാവശ്യങ്ങൾക്കുള്ള സാധനങ്ങൾ വാങ്ങിക്കാൻ കഴിവില്ലാതായിത്തീൎന്നിട്ടുണ്ടു്.

ഫാക്ടറിയിലുള്ള ജോലിക്കാൎക്കു് ജോലിയില്ലാതായിട്ടുണ്ടെന്നു് പറഞ്ഞതു് പൂൎണ്ണമായി ഇല്ലാതായിട്ടുണ്ടെന്നുള്ള അൎത്ഥത്തിലല്ല. ജോലി മുഴവൻ ദിവസങ്ങളിലും കിട്ടാതായിട്ടുണ്ടു്.

(ബി) ഈ കുഴപ്പം പരിഹരിക്കാൻ അമ്പലപ്പുഴ ചേൎത്തല മുതലായ സ്ഥലങ്ങളിൽ പലഭാഗത്തും താഴെപറയുന്ന പൊതുമരാമത്തു പണികൾ നടപ്പാക്കിയിട്ടുണ്ടു്.

1. Deepening Varanad—Poothotta Canal
2. Improvements to Chandiroor Thodu
3. Improvements to Kalathil Thodu
4. Deepening 16th Mile Canal A. A. Road
5. Deepening 19th Mile Canal A. A. Road
6. Reclamation of Kayal Lands
7. Opening a road from T. D. Temple to Pallithodu 1st mile
8. Opening a road from Paravoor market to Beach.
9. Opening a road from Wadai Canal North bank east end to Punnams
10. Opening a road from 49/2 Quilon Alleppey road to Beach
11. Filling the tank and straightening in 15-7 A. A. Road to Sakheswaram temple
12. Widening A. A. Road Miles, 2, 3, 4, 5, 9, 10, 11, 12 & 13
13. Surfacing A. A. Road

(സി) ഇവയിൽ ചില ജോലികൾ ൧൯൫൨ ഒക്ടോബറിൽ ആരംഭിച്ചവയാണു്. ഇപ്പോൾ ദിവസേന ശരാശരി ൧൭,൦൦൦ പേൎക്കു ജോലി കിട്ടിക്കൊണ്ടിരിക്കുന്നുണ്ടു്.

ഇതിനുപുറമെ കൊല്ലം-എറണാകുളം റയിൽവേ ജോലി തുടങ്ങിയിട്ടുള്ളതുകൊണ്ടു് കുറെ ആളുകൾക്കു് ജോലി അവിടെ കിട്ടും. ഈ പ്രദേശത്തുള്ളവൎക്കു് അതിൽ മുൻഗണനകൊടുക്കണമെന്നു് നിശ്ചയിച്ചിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: അമ്പലപ്പുഴ ചേൎത്തല താലൂക്കുകളിൽ കയൎവ്യവസായ സ്തംഭനംമൂലം ഉദ്ദേശം എത്ര ആളുകൾക്കു തൊഴിലില്ലാതായിത്തീൎന്നിട്ടുണ്ടെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: (എ) യുടെ ഉത്തരത്തിൽ അതു ഞാൻ പറഞ്ഞിട്ടുണ്ടു്. ഫാക്ടറിജോലിക്കാർക്കു് പൂർണ്ണമായി ജോലി കിട്ടുന്നില്ല. ബാക്കിയുള്ളവർ തൊഴിലില്ലാതെയായിട്ടില്ല. എന്നാൽ അവരുടെ സാമ്പത്തികസ്ഥിതിയ്ക്കു ഊനം തട്ടിയിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: ഫെബ്രുവരി മാർച്ചുമാസത്തിൽ രാജപ്രമുഖൻ ഈ അസംബ്ലിയിൽ ചെയ്ത പ്രസംഗത്തിൽ ഇങ്ങനെയാണു് പറഞ്ഞിരിക്കുന്നതു്: "The resultant unemployment of the labouring classes."

കഴിഞ്ഞ കൊല്ലത്തിൽ തന്നെ തൊഴിലില്ലായ്മയുണ്ടെന്നു രാജപ്രമുഖൻ പ്രസ്താവിച്ചതിനെ മന്ത്രി സമ്മതിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ടു്. അതുതന്നെയാണു ഞാൻ പറഞ്ഞതു്. ഫാക്ടറി തൊഴിലാളികൾക്കു ആഴ്ചയിൽ ആറു ദിവസം ജോലികിട്ടിയിരുന്നതു ഇപ്പോൾ കുറച്ചുകുറവായിട്ടേ കിട്ടുന്നുള്ളു. കുടിൽവ്യവസായത്തിലേർപ്പെട്ടിരിക്കുന്നവർക്കു സാമ്പത്തികമായി അധഃപതനം വന്നിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ: കയർവ്യവസായ സ്തംഭനംമൂലം തീരപ്രദേശങ്ങളിലുള്ള കയററുതൊഴിലാളികൾക്കും തൊഴിലില്ലായ്മ ഉണ്ടായിട്ടുണ്ടെന്നാണു രാജപ്രമുഖന്റെ പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു്.

Mr. Speaker : Order, order, please. Are you going to give a different interpretation on the views of Rajapramukh's address ?

ശ്രീ. ആർ. ഗംഗാധരൻ: രാജപ്രമുഖന്റെ പ്രസംഗത്തിൽ അടുത്ത കൊല്ലത്തിൽ ചെയ്യുന്ന—

Mr. Speaker : Will it solve the unemployment question ? He has said that there is some unemployment. Leave it there.

ശ്രീ. ആർ. ഗംഗാധരൻ: ഫാക്ടറി തൊഴിലാളികൾ മാത്രമല്ല, തൊഴിലില്ലായ്മയുള്ളതു്. എല്ലാ കയററുതൊഴിലാളികൾ തൊഴിലില്ലാതെയിരിക്കുകയാണു്. അതിനെപ്പററി മന്ത്രിയുടെ അഭിപ്രായമെന്താണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു ശരിയാണു്. അതു സംബന്ധിച്ച പൂർണ്ണവിവരം ഞാൻ നേരത്തെ പറഞ്ഞുകഴിഞ്ഞു.

Mr. speaker : Order, order please. This question has already been answered.

ശ്രീ. ആർ. ഗംഗാധരൻ: കയറിന്റെ പ്രശ്നം അത്രത്തോളം പ്രാധാന്യമുള്ളതുകൊണ്ടാണു് അതുസംബന്ധിച്ചുള്ള ചോദ്യങ്ങൾ ചോദിക്കാൻ അനുഗ്രഹിക്കുന്നതു്?

മററു തീരപ്രദേശങ്ങളിൽ തൊഴിലില്ലായ്മ ഉണ്ടെങ്കിൽ ആ പ്രദേശങ്ങളിൽ പൊതുമരാമത്തുപണികൾ ഏർപ്പെടുത്താതെയിരിക്കുന്നതു് എന്തുകൊണ്ടാണു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കഴിവുള്ളിടത്തോളം ഇതിനൊക്കെ റിലീഫ് ഉണ്ടാക്കണമെന്നാണ് ഗവണ്മെന്റിന്റെ ഉദ്ദേശം, അതിനു എടുത്തിട്ടുള്ള നടപടികൾ പലതവണ ഇവിടെ പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ആർ. ഗംഗാധരൻ: ചിറയിൻകീഴ് താലൂക്കിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഉണ്ട്. അവിടെയും പല പൊതുമരാമത്തുപണികൾ തുടങ്ങിയിട്ടുണ്ടെന്നാണ് പൊതുമരാമത്തു വകുപ്പു മന്ത്രി എന്നോടു പറഞ്ഞതു്.

ശ്രീ. ആർ. ഗംഗാധരൻ: പൊതുമരാമത്തു പണികൾകൊണ്ടു് തൊഴിലില്ലായ്മ പരിഹരിക്കപ്പെടുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പൊതുമരാമത്തു പണി എടുത്താൽ ആളുകൾക്കു ധാരാളം ജോലി കിട്ടും.

ശ്രീ. ആർ. ഗംഗാധരൻ: തൊഴിലില്ലായ്മയ്ക്കു പരിഹാരമായി അവിടെ എന്തെങ്കിലും പണികൾ ആരംഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആ ഉദ്ദേശത്തോടുകൂടി പണികൾ തുടങ്ങിയില്ലെങ്കിൽതന്നെയും പൊതുമരാമത്തുപണികൾ നടക്കുമ്പോൾ അത്രത്തോളം തൊഴിലില്ലായ്മ പരിഹരിക്കപ്പെടും.

Shri P. S. Nataraja Pillai: May I know whether the price of coir will be increased in proportion to the number of supplementary questions?

ശ്രീ. ഓ. സി. മേനോൻ: കയർവ്യവസായ സ്തംഭനവും തൊഴിലില്ലായ്മയും ഇപ്പോൾ മുമ്പിലത്തെക്കാൾ കൂടിയിരിക്കുകയാണോ കുറഞ്ഞിരിക്കുകയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ അതു ഭേദപ്പെട്ടിരിക്കുന്നുവെന്നാണ് അറിവ്.

ശ്രീ. ഇ. കൃഷ്ണൻനായർ: തീരപ്രദേശങ്ങളിൽ മാത്രമല്ല, ഉൾനാടുകളിലും കയറുപണി ഒരു കുടിൽവ്യവസായമായി നടത്തി ആളുകൾ ഉപജീവനംകഴിച്ചുവരുന്നതായി ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിയാം.

ശ്രീ. കുഞ്ഞിത്തൊമ്മൻ: ചേർത്തലയും അമ്പലപ്പുഴയും ഉള്ള തൊഴിലില്ലാത്തവർക്കു റെയിൽവേപണിയിൽ മുൻഗണന കൊടുക്കുമെന്നു പറയുകയുണ്ടായി. മറ്റു സ്ഥലത്തുള്ള തൊഴിലില്ലാത്തവർക്കും അവിടെ ജോലി കൊടുക്കാൻ കഴികയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കയർവ്യവസായത്തെപ്പറ്റിയുണ്ടായ ശ്രീ. ഗംഗാധരന്റെ ഒരു ചോദ്യത്തിനാണ് ഞാൻ അങ്ങനെ മറുപടി പറഞ്ഞതു്. തൊഴിലില്ലാത്തവർക്കായിരിക്കും അവിടെ ജോലി നൽകുന്നതു്.

ശ്രീ. കെ. മാധവനുണ്ണിത്താൻ : കിഴക്കൻപ്രദേശങ്ങളിലുള്ള കയർവ്യവസായത്തെ സഹകരണാടിസ്ഥാനങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ടോ ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു ഭാഗത്തിലുള്ളതായാലും അതു സ്കീമിൽ വരുന്നതാണു്.

യൂഗോസ്ലേവിയൻ ഗുഡ്‌വിൽ മിഷൻ.

※ ൨൧൮. [൧] ശ്രീ. ആർ. ഗംഗാധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂഗോസ്ലേവിയൻ ഗുഡ്‌വിൽ മിഷൻ ഈ സംസ്ഥാനം സന്ദർശിച്ചു് മന്ത്രിമാരുമായി സംഭാഷണങ്ങൾ നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ സംഭാഷണങ്ങളുടെ ഒരു വിവരം നൽകാൻ സാധിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) :

(എ) യൂഗോസ്ലേവിയൻ ഗുഡ്‌വിൽമിഷൻ ൧൯൫൩ ഡിസംബർ മാസം ൨൧-ാംതീയതി മുതൽ ൨൬-ാംതീയതിവരെ ഈ സംസ്ഥാനം സന്ദർശിച്ചു. മുഖ്യമന്ത്രിയേയും പൊതുമരാമത്തുമന്ത്രിയേയും മാത്രമെ കാണുകയുണ്ടായുള്ളു.

(ബി) അവരുടെ കൂടിക്കാഴ്ച ഒരു ഔപചാരിക സന്ദർശനം മാത്രമായിരുന്നു.

ശ്രീ. ആർ. ഗംഗാധരൻ : ആ സംഭാഷണാവസരത്തിൽ ഈ സംസ്ഥാനത്തേയ്ക്കു് വല്ല സഹായവും ചെയ്യുന്ന കാര്യത്തെപ്പററി അവർ സംസാരിക്കുകയുണ്ടായോ?

ശ്രീ. എ. ജെ. ജാൺ : ഒന്നും സംസാരിച്ചില്ല.

Statistical Officers.

※219 [4] **Shri K. Bhanu :** Will the Minister for Civil Supplies be pleased to state :

(*a*) The number of statistical officers appointed by the Government for collection of statistics with regard to fish catches;

(*b*) whether such statistics are separately collected for the coastal area.

Chief Minister (**Shri A. J. John**): (*a*) No Statistical Officers have been appointed by Government for collection of statistics with regard to fish catches.

(*b*) No.

Shri K. Bhanu : Is there any agency through which the catches may be increased during each season?

Shri A. J. John : There is no agency.

Shri A. A. D. Luiz : Is any survey being conducted with regard to various divisions?

Shri A. J. John : At present no survey is being conducted. The Government of India have appointed one man and he is working at Vizhinjam. He is sending reports to the Marine Fishing Station at Pantalam.

Tenancy Legislation.

✽220 [5] **Shri K. Bhanu :** Will the Minister for Law be pleased to state :

whether the Government propose to bring tenancy legislation to secure fixity of tenure and if so by what time?

Minister for Finance and Civil Supplies (**Shri Panampilli Govinda Menon**):

The entire question of amending the law relating to tenancy and land policy is under the active consideration of the Government. The necessary Bill is being prepared and it will be introduced at an early date.

ശ്രീ. കെ. കരുണാകരൻ : എന്നത്തേയ്ക്കു അതു പൂർത്തിയാകുമെന്നു പറയാൻ കഴിയുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതൊരു കോംപ്ലക്സ് സബ്ജക്റ്റാണ്. അതുകൊണ്ടു വ്യക്തമായി അതിനു ഒരു തീയതി പറയുക സാദ്ധ്യമല്ല. വളരെയേറെ ശ്രദ്ധ അക്കാര്യത്തിൽ പതിപ്പിച്ചുവരുന്നുണ്ടു്.

ശ്രീ. കെ. കരുണാകരൻ : കാലതാമസംമൂലം കൃഷിക്കാരുടെയിടയിൽ വലിയ നിരാശയും വൈരാഗ്യവും ഉണ്ടായിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെ വേഗം ഇവിടെ ഒരു ലാൻഡ് പോളിസി നിയമം വരണമെന്നു ആഗ്രഹമുള്ള ധാരാളം ആളുകളുണ്ടു്. വേഗം വരാത്തതുകൊണ്ടു അവർക്കു കുറച്ചു അസുഖം ഉണ്ടായേക്കാം.

ശ്രീ. കെ. കരുണാകരൻ : ആ അസുഖം രാജ്യത്തിന്റെ ഭദ്രതയ്ക്കു ഹാനികരമാണെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു വളരെ വേഗത്തിൽ തന്നെയുണ്ടാകണം. അതിൽ അഭിപ്രായവ്യത്യാസമില്ല.

ശ്രീ. ഒ. സി. നൈനാൻ : ഈ രാജ്യത്തുള്ള വിവിധതരം ടെനൻസികളെയും ഇതിൽ ഉൾപ്പെടുത്തണമെന്നാണോ ഉദ്ദേശിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതേ.

ശ്രീ. പി. വി. അവിരാത്തരകൻ : ടെനൻസി സംബന്ധിച്ചു എന്തെങ്കിലും വ്യത്യാസം വരുത്തുമ്പോൾ ഭൂഉടമസ്ഥന്മാരുമായി ആലോചിക്കുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : പലരുമായി ആലോചിക്കേണ്ടി വരും.

ശ്രീ. പി. വി. അവിരാത്തരകൻ : അവക്ക് ഒരു സംഘടനയില്ലം അതുകൊണ്ടു ആരോടാണു ഗവൺമെൻറ ആലോചിക്കുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഏതു രീതിയിലാണു വേണ്ടതെന്നു പ്ലാനിംഗ്കമ്മിഷൻ തീരുമാനിച്ചിട്ടുണ്ടു്.

Shri A. A. D. Luiz : According to the different land policies followed by Government, may I know whether it is necessary to make changes in the Constitution?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പാപ്പുലർ ഡിമാൻസ് എന്താണെന്നുള്ളതിനെ അനുസരിച്ചിരിക്കും. ഭരണഘടനയിൽ എതെങ്കിലും ഭൂമി എടുക്കുകയാണെങ്കിൽ അതിനു കാമ്പൻസേഷൻ കൊടുക്കണമെന്നു പറയുന്നുണ്ടു്. കാമ്പൻസേഷൻ കൊടുക്കുന്നതു പാപ്പുലർ ഡിമാൻറ അല്ലെങ്കിലേ ആ പ്രശ്നം ഉദിക്കുകയുള്ളു.

ശ്രീ. ചെങ്ങേരപ്പള്ളി പി. നാരായണൻപോററി : ഗവൺമെൻറ ഇക്കാര്യത്തിൽ ശ്രദ്ധ പതിപ്പിച്ചു കൊണ്ടിരിക്കയാണെന്നു പറയുകയുണ്ടായി. അങ്ങനെ ശ്രദ്ധ പതിപ്പിക്കാൻ തുടങ്ങിയിട്ടു എത്ര നാളായിയെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വളരെക്കാലമായി.

Shri K. Balakrishna Menon : May I know what time the Government will take to introduce the legislation?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : വ്യക്തമായി പറയാൻ സാധിക്കുകയില്ല. ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണെന്നല്ലാതെ കൂടുതലൊന്നും പറയാൻ നിവൃത്തിയില്ല.

Shri K. Balakrishna Menon : Will it be during the course of the Assembly's life time?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു തീർച്ചയായും അങ്ങനെയാണു്.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : സ്റ്റേ ചെയ്തിട്ടുള്ള പ്രൊവിഷൻസിലെ ഏതെങ്കിലും വ്യവസ്ഥ റീ കൺസിഡർ ചെയ്യാൻ ഗവൺമെൻറിനു ഭയവുണ്ടാകുമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പററി ആലോചിക്കാം.

ശ്രീ. കെ. ബാലകൃഷ്ണമേനോൻ : അതു സംബന്ധിച്ചു എന്തെങ്കിലും നടപ്പിൽ വരുത്താൻ എത്ര താമസമുണ്ടാകും?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതാണല്ലോ ഞാൻ മുമ്പു പറഞ്ഞതു്. ഇതു് വളരെ ബുദ്ധിമുട്ടുള്ള ഒരു വിഷയമായതുകൊണ്ടു് നാളെയോ മറ്റെന്നാളോ കൊണ്ടുവരുന്നതിനു വിഷമമാണു്. ചോദ്യം ചോദിക്കുന്ന ബഹുമാനപ്പെട്ട മെമ്പറന്മാർ എത്രമാത്രം ഉൽക്കണ്ഠ പ്രകടിപ്പിക്കുന്നുണ്ടോ അതിൽ കൂടുതൽ ഉൽക്കണ്ഠ ഈ വിഷയത്തിൽ ഗവൺമെന്റിനുണ്ടു്.

Shri K. Balakrishna Menon : Within the framework of the Report of the Planning Commission, Government will have to introduce some legislation. When will it be introduced?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നമ്മുടെ രാജ്യത്തിന്റെ പ്രാദേശികമായ ആവശ്യമനുസരിച്ചു ഒരു ലെജിസ്ലേഷൻ ഉണ്ടാക്കുന്നതിനു അല്പം ശ്രദ്ധവേണം.

ശ്രീ. ആർ. കേശവപിള്ള : ഈ വിഷയത്തിൽ ഈ രാജ്യത്തെ ജനങ്ങളുടെ അഭിപ്രായമറിയുന്നതിനു ഒരു കമ്മിറ്റിയെ നിയമിച്ചു് ആ കമ്മിറ്റിയുടെ റിപ്പോർട്ടു കിട്ടിയതിനുശേഷം ഒരു ലെജിസ്ലേഷൻ ഉണ്ടാക്കിയാൽ പോരേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെയുള്ള കമ്മിറ്റി നിയമനമെല്ലാം കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : കഴിഞ്ഞ തവണത്തെ രാജപ്രമുഖന്റെ അഡ്രസിൽ ഇതിനൊരു ബിൽ അവതരിപ്പിക്കുമെന്നു പ്രസ്താവിച്ചിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ടു്.

ശ്രീ. ആർ. ഗംഗാധരൻ : അതിനുശേഷം കൊല്ലം ഒന്നു കഴിഞ്ഞിട്ടും ഇതുവരെ ബിൽ അവതരിപ്പിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു പ്രത്യക്ഷമായിട്ടുള്ള ഒരു കാര്യമാണു്.

ശ്രീ. പ്രാക്കുളം ഭാസി : ആ കമ്മിറ്റി റിപ്പോർട്ടിനെ എന്തു ചെയ്തുവെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ആ റിപ്പോർട്ടു നിയമനിർമ്മാണത്തിലുള്ള ആധാരങ്ങളിലൊന്നാണു്.

ശ്രീ. പ്രാക്കുളം ഭാസി : ആ റിപ്പോർട്ടു എടുക്കാൻ എന്തു ചിലവായി എന്നു് ഓർമ്മയുണ്ടെങ്കിൽ പറഞ്ഞാൽ കൊള്ളാം?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : റിപ്പോർട്ടിനു എന്തു ചെലവായിട്ടുണ്ടെന്നു ഇതിനുമുമ്പു ഈ സഭയിൽ പറഞ്ഞിട്ടുണ്ടു്. ഇപ്പോൾ ഓർമ്മയില്ല.

Price of Manure.

*221. [6] **Shri T. S. Ramaswami :** Will the Chief Minister be pleased to state :

(*a*) the date on which reduction of prices of manure was announced by the Government by way of concession to South Travancore; and

(*b*) was there any exemption to this reduction ?

Chief Minister (**Shri A. J. John**):

(*a*) 2nd December 1952.

(*b*) Yes. This reduction was not applicable to Ammonium Sulphate which is not being subsidised at all.

Shri T. S. Ramaswami : What is the percentage of reduction?

Shri A. J. John : In South Travancore it is 50 per cent as per the latest order.

Shri T. S. Ramaswami : May I know the kind of manure sold at reduced rates ?

Shri A. J. John : Bone-meal and ground-nut cake.

Shri T. S. Ramaswami : Are the Government aware that bone-meal and ground-nut cake were not suitable for paddy on the date these were given on concessional rates?

Shri A. J. John : I am not aware.

Shri T. S. Ramaswami : Are the Government aware that the said manure is useful only before the transplantation?

Shri A. J. John : It may be.

Shri T. S. Ramaswami : Was this concession given to all the cultivators?

Shri A. J. John : South Travancore was given this concession on account of the drought.

Shri T. S. Ramaswami : May I know the total quantity of manure sold at this rate ?

Shri A. J. John : My information is that 7 cwts. of bone-meal and 66 cwt. 14 lbs. of groundnut cake have been sold at this rate.

ശ്രീ. എ. കുഞ്ഞൻനാടാർ : ഒരേക്കർ കൃഷിചെയ്യുന്നതിന് എത്ര ഹൺഡ്രഡ്വെയിററ വളം വേണമെന്നു പറയാമോ?

Shri. A. J. John : I am not aware of that.

ശ്രീ. എ. കുഞ്ഞൻനാടാർ : തെക്കൻ തിരുവിതാംകൂറിലേക്ക എത്ര ടൺ വളം കൊടുക്കണമെന്നും, എത്ര കാലംവരെ കൊടുക്കണമെന്നും നിശ്ചയിച്ചിട്ടുണ്ടോ ?

ശ്രീ. എ. ജെ. ജാൺ : അതാതു ക്രാപ്പിലേക്ക ആവശ്യപ്പെടുന്നതനുസരിച്ച് സപ്ലൈചെയ്യുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ട്. എത്ര ടണ്ണാണെന്നു അറിഞ്ഞുകൂടാ.

ശ്രീ. ജോസഫ് വാഴപ്പിള്ളി : തെക്കൻ തിരുവിതാംകൂർകാർക്ക മാത്രം ഇങ്ങനെ കൺസഷൻ റേററിൽ വളം കൊടുക്കുന്നതിന് പ്രത്യേക കാരണം വല്ലതുമുണ്ടോ ?

ശ്രീ. എ. ജെ. ജാൺ: തെക്കൻ തിരുവിതാംകൂറിൽ നെൽകൃഷി ഉണക്കകൊണ്ടു നശിച്ചുപോയതായി അറിവു കിട്ടിയതിനാൽ അവർക്കു എന്തെങ്കിലും കൺസെഷൻ ചെയ്യണമെന്നു ഗവണ്മെന്റിനു ബോദ്ധ്യം വന്നതുകൊണ്ടാണു്.

Shri P. S. Nataraja Pillai : May I know the quantity of Ammonium Sulphate distributed in that area after this date?

Shri A. J. John : I have not got that information now.

Shri P. S. Nataraja Pillai : Are the Government aware that Ammonium Sulphate is not the manure that is to be supplied after transplantation ?

Shri A. J. John : I am not aware of that.

Shri P. S. Nataraja Pillai : Are the Government aware that in December all the transplantation of paddy will be over in South Travancore ?

Shri A. J. John : It may be so.

Shri P. S. Nataraja Pillai : Does the Government know that this reduction did not materially benefit the people affected by the drought in South Travancore ?

Shri A. J. John : Government do not think so.

Shri P. S. Nataraja Pillai : May I know whether there was any representation for reduction in the price of Ammonium Sulphate ?

Shri A. J. John : It is not sold at concessional rates.

Shri P. S. Nataraja Pillai : When the only manure suitable for the season is Ammonium Sulphate where is the justice in giving concession in the price of other kinds of manure ?

Shri A. J. John : The question will be considered.

ശ്രീ. പി. വി. അവിരാതരകൻ: തെക്കൻ തിരുവിതാംകൂറിൽ മാത്രം ഉണക്കസംഭവിച്ചുവെന്നു ഗവണ്മെന്റ എങ്ങനെ മനസ്സിലാക്കി?

ശ്രീ. എ. ജെ. ജാൺ: അതു പലതരത്തിലും മനസ്സിലാക്കാം. അവിടെയുള്ള ആളുകളുടെ നിവേദനങ്ങൾവഴിയും, റെവന്യൂ, അഗ്രികൾച്ചറൽ ഡിപ്പാർട്ടുമെന്റുകളുടെ റിപ്പോർട്ടുകൾവഴിയും മനസ്സിലാക്കാം.

ശ്രീ. പി. വി. അവിരാതരകൻ: വടക്കൻ തിരുവിതാംകൂറിലും ചില സ്ഥലങ്ങളിൽ ഉണക്ക ബാധിച്ചിട്ടുണ്ടെന്നു ഗവണ്മെന്റിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: അറിവു കിട്ടിയിട്ടുണ്ടു്.

ശ്രീ. കെ. കരുണാകരൻ: ആ കാര്യം പരിഗണിക്കാതിരിക്കാൻ എന്തെങ്കിലും പ്രത്യേകകാരണമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അവരുടെ കാര്യങ്ങളും പരിഗണിച്ചു എല്ലാ സൗകര്യങ്ങളും ആവശ്യം ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. എ. കെ. ചെല്ലയ്യാ: തെക്കൻ തിരുവിതാംകൂറിലുള്ള കൺസഷൻറേററിൽ തിരുവനന്തപുരത്തു ആരെങ്കിലും വളം വാങ്ങിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിഞ്ഞുകൂടാ.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ചിററൂർ താലൂക്കിൽ ഉണക്ക ബാധിച്ചിട്ടുള്ള കൃഷിക്കാർക്കു എന്തെങ്കിലും സൗജന്യങ്ങൾ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ആവശ്യം വേണ്ട കൺസഷൻസ് ചെയ്യാൻ ആലോചിക്കുന്നുണ്ട്. വെള്ളക്കരം ഇളവുചെയ്യുക, വിത്തുനൽകുക മുതലായ കാര്യങ്ങളെപ്പററി ഗവണ്മെൻറ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ആർ. കൃഷ്ണനെഴുത്തച്ഛൻ: ചിററൂർ താലൂക്കിലുള്ളവർക്കു സൗജന്യമായി വിത്തു കൊടുക്കുന്നതിന് ഏർപ്പാടുചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതിനെപ്പററി ആലോചിക്കുന്നുണ്ട്.

High Court.

* 222 (7) **Shri T. S. Ramaswami :** Will the Chief Minister be pleased to state the result of the State Government's consultation with the Central Government regarding the transfer of one bench of the High Court from Ernakulam to Trivandrum?

Chief Minister (**Shri A. J. John**): The Bill relating to the transfer of a Bench is included in the agenda of the current session of the Parliament and it will be introduced there.

Shri T. S. Ramaswami : May I know whether the State Government has given any recommendation in regard to the jurisdiction of this Act?

Shri A. J. John : Correspondence is going on between this Government and the Central Government about this matter.

Shri T. S. Ramaswami : Have the Government received any suggestion from the Quilon Bar Association regarding jurisdiction?

Shri A. J. John : I have seen that in newspapers. I do not know whether Government have received it.

Shri P. S. Nataraja Pillai : Has this Government any idea of the Bill introduced in the Council of States ?

Shri A. J. John : I have not received a copy of the Bill and so do not know the provisions.

Shri P. S. Nataraja Pillai : Has this question of jurisdiction also been included in the draft Bill that has been submitted by this Government?

Shri A. J. John : Yes.

Shri P. S. Nataraja Pillai : May I know whether Government had any occasion to see the draft of the Bill that is now being presented in the Upper House there ?

Shri A. J. John : I have not got a copy of the Bill.

Shri P. S. Nataraja Pillai : Was there any previous reference regarding this Bill to this Government?

Shri A. J. John : The case of jurisdiction was under reference.

Shri O. C. Ninan : Who is the authority to decide the territorial jurisdiction?

Shri A. J. John : The State Government may make a recommendation.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ ബില്ലിനെപ്പററി കാൺഗ്രസ്സ് പാർട്ടിയിലുള്ള പാർലമെൻറ് മെംബറന്മാർ എന്തു നില സ്വീകരിക്കണമെന്ന് ഈ ഗവണ്മെൻറ് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതിന് ഈ ഗവണ്മെൻറിന് യാതൊരധികാരവുമില്ല.

Shri Nedumangad R. Kesavan Nair: Is provision made in the draft sent by this Government for opening a single Bench in Trivandrum?

Shri A. J. John: Yes.

ശ്രീ. ടി. കെ. ദിവാകരൻ: ഇപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ബില്ലിൽ കൊല്ലം ഡിസ്ട്രിക്ട്കോടതികൂടി തിരുവനന്തപുരം ഡിവിഷൻ ബെഞ്ചിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതു് ബില്ലിൻെറ കാപ്പി കിട്ടിയതിനു ശേഷമേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. കെ. ദിവാകരൻ: ഇവിടെനിന്നും അയച്ച ബില്ലിൽ ഉൾപ്പെടുത്തിയാണോ അയച്ചതു്?

ശ്രീ. എ. ജെ. ജാൺ: ഒരു ഡിവിഷൻ ബെഞ്ചും ഒരു സിങ്കിൾ ജഡ്ജും തിരുവനന്തപുരത്തു് ഉണ്ടായിരിക്കണമെന്നാണ് ഇവിടെനിന്നും അയച്ച ഡ്രാഫ്ററു ബില്ലിലുള്ളതു്.

Travancore Sugars and Chemicals Ltd.

*223 (9) **Shri T. S. Ramaswami :** Will the Minister for Finance be pleased to state ;

(*a*) was any settlement arrived at before the then Labour Minister between the Management of the Travancore Sugars and Chemicals Ltd., and their workers on the closing of the Nagercoil Distillery and the consequent discharge of the workers; and

(*b*) what was the total amount of compensation paid to the discharged workers?

Minister for Finance and civil supplies **(Shri Panampilli Govinda Menon) :**

(*a*) Yes! The settlement was arrived at before the then Labour Minister between the Management of the Travancore Sugars and Chemicals Ltd., and their workers on the closing of the Nagercoil Distillery and the consequent discharge of the workers.

(*b*) The total amount of compensation paid to the discharged workers was Rs. 63,633.

Shri T. S. Ramaswami : May I know the number of workers benefited by this?

Shri Panampilli Govinda Menon : It is not seen from the records. I only see from the records that there was a tripartite conference and a settlement. The settlement has been implemented.

Shri T. S. Ramaswami : What is the principle followed in respect of this compensation?

Shri Panampilli Govinda Menon : I do not know. It is not an action taken by the Government. In a tripartite conference, the parties agreed that this shall be the compensation. And this happened long ago.

Shri T. S. Ramaswami : Who was the Labour Minister then ?

Shri Panampilli Govinda Menon : I do not remember. The settlement was in the month of May 1951. I do not remember who was the Labour Minister.

Shri T. S. Ramaswami : May I know whether the Government will be pleased to take this as an example for paying compensation to the discharged workers?

Shri Panampilli Govinda Menon : I do not know whether this is a good example. If this is good, it will be followed.

ശ്രീ. എ. കുഞ്ഞൻ നാടാർ: നാഗർകോവിൽ ഡിസ്റ്റിലറിയിൽ നിന്നും ജോലിയില്ലാതെ പിരിച്ചുവിടപ്പെട്ട തൊഴിലാളികൾക്കു് പുതിയ ഡിസ്റ്റിലറിയിൽ ജോലി കൊടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദ മേനോൻ: അതിനു നോട്ടീസ് വേണം.

പ്രൈവററ് സെക്കണ്ടറിസ്കൂറം പദ്ധതി.

* ൨൨൮. [൧൦] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങറംക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രൈവററ്സെക്കണ്ടറിസ്കൂറം പദ്ധതി ഗവണ്മെൻറ് അംഗീകരിച്ചിട്ട് എത്ര കാലമായി;

(ബി) ആ പദ്ധതി ഇതേവരെ നടപ്പിൽ വരുത്താത്തതെന്തുകൊണ്ട്;

(സി) ഈ പദ്ധതിയനുസരിച്ചുള്ള ശമ്പളവും മററും എപ്പോറം നടപ്പിൽവരുത്താമെന്നാണ ഗവണ്മെൻറ് പ്രതീക്ഷിക്കുന്നതു്?

മുഖ്യമന്ത്രി (എ. ജെ. ജാൺ):

(എ) പഴയ പദ്ധതി ൧൧൨൫ മുതല്ക്കും, പരിഷ്കരിച്ച പദ്ധതി ൧൧൨൭ മുതല്ക്കും അംഗീകരിച്ചു.

(ബി) പദ്ധതി ഭാഗികമായി നടപ്പിൽ വരുത്തിയിട്ടുണ്ട്.

(സി) പൂർണ്ണമായി നടപ്പിലാക്കുന്നതിനുള്ള നടപടികറം ദ്രുതഗതിയിൽ എടുത്തുവരുന്നു.

ശ്രീ. ടി. എ. മജീദ്: പഴയ പദ്ധതിയും പുതിയ പദ്ധതിയുമെന്നു പറയുന്നതെന്താണ്?

ശ്രീ. എ. ജെ. ജാൺ: ഈ സംഗതി ഇവിടെ പല പ്രാവശ്യവും ഡിസ്കസ് ചെയ്തിട്ടുള്ളതാണ്. അതായതു് ആദ്യമേ രൂപീകരിച്ച പദ്ധതി പഴയ പദ്ധതി എന്നും, രണ്ടാമതു് ആ പദ്ധതിയിൽ ഏതാനും പരിഷ്കാരങ്ങറം വരുത്തി രൂപീകരിച്ചിട്ടുള്ള പദ്ധതിക്ക് പുതിയ പദ്ധതി എന്നും പറയുന്നു എന്നുമാത്രമേയുള്ളു. ഇതിവിടെ പലപ്രാവശ്യവും പറഞ്ഞിട്ടുള്ളതാണ്.

ശ്രീ. ടി. എ. മജീദ്: ഈ ഭാഗികമായി നടപ്പിൽ വരുത്തിയിട്ടുണ്ട് എന്നു പറയുന്നതെന്താണ്?

ശ്രീ. എ. ജെ. ജാൺ: ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട് എന്നു പറഞ്ഞാൽ ഇപ്പോറം അവരുടെ സേവനവ്യവസ്ഥകറംക്കുള്ള നടപടികറം എടുക്കുകയും പിന്നെ അവരുടെ ശമ്പളം ഇന്നതാണെന്നു ക്ലിപ്തപ്പെടുത്തുകയും അതു തൽക്കാലത്തേക്ക് ഓരോ അദ്ധ്യാപകനും കിട്ടേണ്ടതായ മിനിമം ശമ്പളം പ്രൊവിഷണലായി കൊടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. പിന്നീട് അദ്ധ്യാപകരുടെ സർവ്വീസ് കണക്കാക്കി അതു് നിശ്ചയിക്കുന്നതിനുള്ള റൂളുകറം തയാറാക്കി ആയതു് അതനുസരിച്ച് ഓരോ അദ്ധ്യാപകനും കിട്ടേണ്ട ശമ്പളം ഇത്രയാണെന്നു കണക്കാക്കി അവക്കു ചെല്ലാനുള്ള തുകകറം എല്ലാം ഒരുമിച്ചു കൊടുക്കുന്നതാണ്.

ശ്രീ. ടി. എ. മജീദ്: പുതിയ പദ്ധതി അനുസരിച്ചും ഈ അദ്ധ്യാപകന്മാരുടെ പരാതികറം പരിഹരിച്ചിട്ടില്ല എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: പരിഹരിച്ചിട്ടുണ്ടെന്നറിയാം.

ശ്രീ. ടി. എ. മജീദ്: അദ്ധ്യാപകന്മാരുടെ എല്ലാ പരാതികളും പരിഹരിച്ചിട്ടുണ്ടെന്നാണോ പറയുന്നതു്?

ശ്രീ. ഏ. ജെ. ജാൺ: കഴിയുന്നിടത്തോളം എല്ലാ പരാതികളും പരിഹരിച്ചിട്ടുണ്ട്.

ശ്രീ. ടി. എ. മജീദ്: ഇപ്പോൾ ശേഷിക്കുന്ന പരാതികൾ ആദ്യം മുതൽ അവക്കുള്ള പരാതികളാണെന്നറിയാമോ?

ശ്രീ. ഏ. ജെ. ജാൺ: ആയിരിക്കാം.

ശ്രീ. ഈ. കൃഷ്ണൻ നായർ: അവരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ച് പരാതിയുള്ളതായി അറിയാമോ?

ശ്രീ. ഏ. ജെ. ജാൺ; അറിഞ്ഞുകൂടാ.

അദ്ധ്യാപകരുടെ ശമ്പളക്രമം.

* ൨൨൫. [൧൧] ശ്രീ. ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ?

(എ) 'തുല്യജോലിയ്ക്കു തുല്യവേതനം' എന്ന തത്വം വിദ്യാഭ്യാസവകുപ്പിനെ സംബന്ധിച്ചിടത്തോളം ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ടോ;

(ബി) ഗവണ്മെന്റ് സെക്കണ്ടറി സ്കൂളിലെയും പ്രൈവറ്റ് സെക്കണ്ടറിസ്കൂളിലെയും അദ്ധ്യാപകർക്കുള്ള ശമ്പളവും അലവൻസും എത്ര;

(സി) ഈ വ്യത്യാസത്തിനുള്ള കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) ഉണ്ട്; സേവനവ്യവസ്ഥകളും തുല്യമാണെങ്കിൽ.

(ബി) (൧) ഗവണ്മെന്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം:—ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ൨൨൫ മുതൽ ൨൭൫ വരെ. ഗ്രാഡുവേറ്റ് അദ്ധ്യാപകന്മാർ ൧൭൫—൨൨൫ വരെ. ഫസ്റ്റ്ഗ്രേഡ്-സെക്കൻഡ്ഗ്രേഡ് ൧൨൫— ൧൭൫ വരെ. തേർഡ്ഗ്രേഡ് ൫൦—൧൦൦ വരെ. ഭാഷാദ്ധ്യാപകന്മാർ സീനിയർ ൫൦—൧൦൦ വരെ. ഭാഷാദ്ധ്യാപകന്മാർ ജൂനിയർ ൩൦—൬൦ വരെ. മററദ്ധ്യാപകർ ൩൦—൬൦ വരെ.

(൨) ഗവണ്മെന്റ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ അലവൻസ് ൧൭൬ മുതൽ ൩൨൫ വരെ ശമ്പളത്തിന്റെ ൨൦ ശതമാനം. ൧൬൧ രൂപാ മുതൽ ൧൭൫ വരെ ൩൫ രൂപാ. ൮൬ രൂപയിൽ കുറയാത്ത ശമ്പളത്തിന് ൩൩ രൂപാ. ൨൬ൽ കുറയാത്ത ശമ്പളത്തിന് ൨൭ രൂപ.

(൩) പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ ശമ്പളം—ഹൈസ്കൂൾ ഹെഡ്മാസ്റ്റർ ൧൫൦—൨൦൦ വരെ. ഗ്രാഡുവേററ് അദ്ധ്യാപകർ ൮൫—൧൫൦ വരെ. ഹൈസ്കൂൾ ഭാഷാദ്ധ്യാപകർ ൧-൬-൫൦-നു മുമ്പ് സർവ്വീസിൽ പ്രവേശിച്ചവർ ൮൫—൯൫ വരെ. ഹൈസ്കൂൾ ഭാഷാദ്ധ്യാപകർ ൧-൬-൫൦-നുശേഷം സർവ്വീസിൽ പ്രവേശിച്ചവർ ൮൫—൭൦ വരെ. ഗ്രാഡുവേററ് അദ്ധ്യാപകർ (സ്പെഷ്യൽ ടീച്ചേഴ്സ് ഉൾപ്പെടെ) ൩൦—൬൦ വരെ.

(൪) പ്രൈവററ് സെക്കണ്ടറിസ്കൂൾ അദ്ധ്യാപകരുടെ അലവൻസ് ശമ്പളത്തിന്റെ പതിനഞ്ചു ശതമാനം, എന്നാൽ പതിനഞ്ചു രൂപയിൽ കുറയാൻ പാടില്ല.

(സി) സേവനവ്യവസ്ഥകൾ വ്യക്തമായതുകൊണ്ടു്.

ശ്രീ. ടി. എ. മജീദ്: അദ്ധ്യാപകന്മാർ എല്ലാം ചെയ്യുന്ന ജോലി തുല്യമല്ലേ?

ശ്രീ. എ. ജെ. ജാൺ: ജോലി തുല്യമായിരിക്കും.

ശ്രീ. ടി. എ. മജീദ്: ഗവൺമെൻറ് സ്കൂൾ അദ്ധ്യാപകന്മാർക്ക് പഠിപ്പിക്കുക അല്ലാതെ മററു ജോലികൾ വല്ലതുമുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവർക്ക് ൫൫ വയസ്സുവരെ ജോലിചെയ്യാൻ പാടുള്ളു. അതിനുശേഷം അവർ റിട്ടയർ ചെയ്യണം. പ്രൈവററ് സ്കൂളുകളിൽ അദ്ധ്യാപകർക്ക് ൬൦ വയസ്സുവരെ ജോലിയിലിരിക്കാം. അവർക്കു പ്രാവിഡൻറഫണ്ടു് (മാനേജുമെൻറും ഗവൺമെൻറും അദ്ധ്യാപകനും) കൂടി ഏർപ്പെടുത്തിയിട്ടുണ്ടു്. കൂടാതെ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർ മിക്കവാറും സ്വദേശങ്ങളിൽ ജോലി ചെയ്യാൻ സാധിക്കുന്നവരാണ്.

ശ്രീ. ടി. എ. മജീദ്: ഈ അലവൻസ് എന്നു പറയുന്നതു് വില കൂടുതൽ അലവൻസ് അല്ലേ?

ശ്രീ. എ. ജെ. ജാൺ: ഡീയർനസ് അലവൻസ് എന്നാണു പറയുന്നതു്.

ശ്രീ. ടി. എ. മജീദ്: അങ്ങനെയാണെങ്കിൽ പ്രൈവററ് സ്കൂൾ അദ്ധ്യാപകന്മാർക്ക് സാമാനങ്ങൾക്കു വില കുറച്ചുകൊടുത്താൽ മതിയെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജാൺ: കുറച്ചു സാമാനം വാങ്ങിയാൽ കുറച്ചു വില കൊടുത്താൽ മതി.

ശ്രീ. ടി. എ. മജീദ്: ഈ അലവൻസ് നിശ്ചയിക്കുന്നതിൽ എന്തു മാനദണ്ഡമാണ് സ്വീകരിച്ചിരിക്കുന്നതു്.

ശ്രീ. എ. ജെ. ജാൺ: ഒരു മാനദണ്ഡം വച്ചു എന്നേയുള്ളു.

ശ്രീ. ടി. എ. മജീദ്: സാമാനങ്ങൾക്ക് വിലക്കൂടുതൽ ഉള്ളതുകൊണ്ടല്ലേ ഡീയർനസ് അലവൻസ് വച്ചിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: അദ്ധ്യാപകരുടെ സേവനവ്യവസ്ഥകൾ വ്യത്യസ്തമായിരിക്കുന്നതുകൊണ്ടാണ് വ്യത്യസ്തമായ അലവൻസും നിശ്ചയിച്ചിരിക്കുന്നതു്.

Shri P. S. Nataraja Pillai: May I know whether the Government will be pleased to consider the feasibility of granting a running scale for the graduate entrants in Government service?

Shri A. J. John: I don't think it is possible for the time being on account of financial commitments already incurred. It may not be possible to consider the question at present.

ശ്രീ. പി. ചാക്കോ: പ്രാവിഡൻറഫണ്ടു് നിരക്കു എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: ഒരണയാണെന്നാണ് എന്റെ ഓർമ്മ. അതു മി. ചാക്കോയ്ക്കുതന്നെ അറിവുള്ളതാണല്ലോ.

ശ്രീ. പി. ചാക്കോ: പദ്ധതിയനുസരിച്ച് ന സ. എന്നു നിശ്ചയിച്ചിട്ടു ന്യ പൈസ വീതമാണ് എടുക്കുന്നതെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയാണെങ്കിൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. അമ്പാട്ടു ഈശ്വര മേനോൻ: കമ്മേഴ്സ്യൽ സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളപരിഷ്കരണത്തെപ്പറ്റി നടപടിയെടുക്കുവാൻ ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ഗവൺമെന്റാലോചിക്കാം.

ശ്രീ. ഇ. കൃഷ്ണൻ നായർ: പല സ്കൂളുകളിലും ഈ പുതിയ പദ്ധതി നടപ്പിലാക്കിയിട്ടില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയുണ്ടെങ്കിൽ അതേപ്പറ്റി അന്വേഷിച്ച് വേണ്ടതു ചെയ്യാം.

ശ്രീ. കെ. ജെ. തോമസ്: ഗവൺമെന്റ് ഫിക്സ് ചെയ്തിരിക്കുന്ന തുക അദ്ധ്യാപകന്മാർക്ക് കൊടുക്കാതിരിക്കുന്നതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഫിക്സ് ചെയ്ത തുക കൊടുക്കാമെന്നാണ് സമ്മതിച്ചിരിക്കുന്നത്. അതു കണക്കുനോക്കിവരുമ്പോൾ ഏതെല്ലാം തുക കിട്ടാനുണ്ടോ അതെല്ലാം കൊടുക്കുന്നതാണ്.

Shri T. S. Ramaswami : Was there any change made in the ratio of the number of teachers in the various grades?

Shri A. J. John : No substantial change is made. The existing practice is continued.

Shri T. S. Ramaswami : What is the present ratio?

Shri A. J. John : I think it is 1:2:7.

Shri T. S. Ramaswami : Was not the ratio fixed formerly as 1:2:3?

Shri A. J. John : Yes; afterwards some teachers were taken to the last grade.

Shri T. S. Ramaswami : When was that change made?

Shri A. J. John : I am not in a position to say.

Shri T. S. Ramaswami : What was the reason for the change?

Shri A. J. John : Financial consideration.

Shri T. S. Ramaswami : Are the Government aware that many of the graduate teachers are obstructed from promotions because of the change?

Shri A. J. John : May be. But on this specific condition, they are taken into service.

അദ്ധ്യാപികമാരുടെ പ്രസവാവധി.

✻ ൨൨൩. [൧൨] ശ്രീ.ടി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

ഗവണ്മെന്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപികക്കു് നാലുമാസം പ്രസവാവധി അനുവദിക്കുമ്പോൾ, പ്രൈവറ്റ സെക്കണ്ടറിസ്കൂൾ അദ്ധ്യാപികക്കു രണ്ടുമാസം മാത്രം പ്രസവാവധി അനുവദിച്ചിരിക്കുന്നതെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): സേവനവ്യവസ്ഥകൾ വ്യത്യസ്തമായതുകൊണ്ടു്.

ശ്രീ. ടി. എ. മജീദ്: അങ്ങനെ വ്യത്യസ്തമായ ഒരു വ്യവസ്ഥ സ്വീകരിച്ചിരിക്കുന്നതു തികച്ചും പരിഹാസ്യമാണെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അതു പരിഹാസ്യമായ ഒരു വ്യവസ്ഥയല്ല. ഇപ്പോൾ അവർക്കു് പകുതിശമ്പളം കൊടുക്കും. മുമ്പു് ഇതും ഇല്ലായിരുന്നു.

ശ്രീ. ടി. എ. മജീദ്: അദ്ധ്യാപികമാരുടെ ഗർഭകാലത്തിനു വ്യത്യാസമില്ലെന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം. അതുകൊണ്ടുതന്നെയാണു് രണ്ടു മാസം പകുതിശമ്പളത്തോടുകൂടിയുള്ള അവധി ഇതിനു വച്ചിരിക്കുന്നതു്.

ശ്രീ. ടി. എ. മജീദ്: അപ്പോൾ ഈ അദ്ധ്യാപികമാർ കുട്ടികളെക്കൂടി സ്കൂളിൽ കൊണ്ടുപോകണമെന്നാണോ പറയുന്നതു്?

ശ്രീ. എ. ജെ. ജോൺ: എന്നല്ല. മുമ്പു് അവർക്കു ശമ്പളത്തോടുകൂടെ അവധി ഇല്ലായിരുന്നു. എക്സ്ട്രാ ഓർഡിനറി ലീവെടുത്താൽ ശമ്പളം കിട്ടുകയില്ലായിരുന്നു. എന്നാൽ ഇപ്പോൾ പകുതി ശമ്പളത്തിൽ രണ്ടു മാസത്തെ അവധി ലഭിക്കുന്നതാണു്.

ശ്രീ. പി. ചാക്കോ: പ്രൈമറിസ്കൂൾ അദ്ധ്യാപികമാർക്കു് ഒരു മാസംപോലും അവധി അനുവദിക്കുന്നില്ലാ എന്നറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: പ്രസവകാലാവധി ഇത്രമാത്രം വ്യത്യസ്തമായി തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ സേവനവ്യവസ്ഥകൾ ഭേദപ്പെടുത്താൻ ഗവണ്മെന്റിനു ദയവുണ്ടാകുമോ?

ശ്രീ. എ. ജെ. ജോൺ: അതേപ്പറ്റി ആലോചിച്ചിട്ടില്ല. ഈ അടുത്തകാലത്താണു് പകുതിശമ്പളത്തോടുകൂടിയുള്ള അവധി അനുവദിച്ചതു്. ഉടൻതന്നെ ഇതേപ്പറ്റി ആലോചിക്കാൻ ഒക്കുമോ എന്നു കണ്ടറിയേണ്ട സംഗതിയാണു്.

Mr. Speaker : Next question, please.

Shri K. Balakrishna Menon : There is an allied question-question No. 21, on the same subject standing in the name of Mr. Samraj. That may also be allowed to be put next so that we can have a comprehensive answer on the subject.

Mr. Speaker : Let us now proceed with question No. 13.

Community Development Projects.

* 227. [13] **Shri K. Bhanu :** Will the Chief Minister be pleased to state:

(*a*) what types of organization have been set up in our State for giving effect to the programme of community development projects; and

(*b*) the nature of work that has already been started in our State ?

Chief Minister **(Shri A. J. John):**

(*a*) The State organisation for the implementation of the community projects consists of the following:

I. The Headquarters establishment at the State level—Development Commissioner assisted by the Financial Assistant and his staff.

II. The Project establishment at the Project level—Project Executive Officers assisted by the Assistant Project Officers and their staff.

III. The following committees and Advisory Bodies:

(1) The State Development Committee consisting of the Chief Minister, Minister for Finance, Minister for Public Works and the Development Commissioner.

(2) The Advisory Board consisting of the Secretaries to Government concerned with the development schemes.

(3) The Committee of advisers consisting of the principal Heads of Departments concerned with the Development Schemes.

(4) Project Advisory Committees, one for each project, consisting of leading public workers, representative agriculturists, M. L. As., etc.

The first two committees are concerned with the policy and administrative aspects of the Community Project programme. The Committee of Advisers will share in the planning and execution of the programmes, visiting the project areas, inspecting the works and giving guidance, etc. The Project Advisory Committee is for advising the Project Executive Officer about the programme of work to be undertaken.

(*b*) Distribution of manures, pest control, digging of compost pits, irrigation, supply of improved paddy seeds and soil conservation, livestock improvement; construction of roads and bridges; and supply of drinking water are some of the works undertaken in the projects.

Shri K. Bhanu : May I know whether there is any provision to enlist non-official co-operation in the scheme ?

Shri A. J. John : There is sufficient non-official co-operation in the project scheme.

Mr. Speaker : Let me know whether the House is agreeable to get the answer to question No. 21 just now, because somebody else may say that his question may be reached and so on.

The House did not agree to take up question No. 21 immediately.

Mr. Speaker : I will proceed in the order. Question No. 14 please.

Awarding prices to producers of paddy.

✻ 228. [14] **Shri R. Kesava Pillai :** Will the Minister for Agriculture be pleased to state, whether any scheme for awarding prizes to producers of the largest quantity of paddy per acre or any other measurement has been introduced for encouraging cultivators to grow more food by the pursuit of scientific cultivation ?

Chief Minister **(Shri A. J. John) :** Yes.

ശ്രീ. ആർ. കേശവപിള്ള: അങ്ങനെ സമ്മാനം കൊടുത്തിട്ടുള്ളവരുടെ പേരുവിവരം പറയാമോ?

ശ്രീ. എ. ജെ. ജാൺ : അവരുടെ പേരുവിവരം എന്റെ കൈവശം ഇല്ല. ഓരോ താലൂക്കിലും ൨൦൦ രൂപായും ഓരോ ഡിസ്ട്രിക്ടിലും ൫൦൦ രൂപായും ആണ് സമ്മാനമായി കൊടുത്തിട്ടുള്ളതു്.

ശ്രീ. ആർ. കേശവപിള്ള: ഓരോ ഡിസ്ട്രിക്ടിലും ഇതുപോലെ സമ്മാനങ്ങൾ കൊടുക്കാറുണ്ടോ?

ശ്രീ. എ. ജെ. ജാൺ : ഉണ്ട്.

ശ്രീ. ആർ. കേശവപിള്ള : തിരുവനന്തപുരം ഡിസ്ട്രിക്ടിൽ എത്ര പേർക്ക് സമ്മാനങ്ങൾ കൊടുത്തു?

ശ്രീ. എ. ജെ ജാൺ : ആർക്കെല്ലാം കൊടുത്തു എന്നറിഞ്ഞുകൂടാ.

ശ്രീ. ആർ. കേശവപിള്ള : ഒരേക്കറിൽ കൂടുതൽ വിളവായി എത്ര പറ നെല്ല് വിളയിച്ചിട്ടുണ്ട്?

ശ്രീ. എ. ജെ. ജാൺ : അയ്യായിരം റാത്തൽ മുതൽ ആറായിരം റാത്തൽവരെ വിളഞ്ഞിട്ടുണ്ട്.

ശ്രീ. ആർ കേശവപിള്ള : ഇതിലേക്ക നിലം ഉടമസ്ഥന്മാർക്ക് എന്തെങ്കിലും സഹായധനം നൽകുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ : സഹായധനം ഒന്നും നൽകുന്നില്ല. എന്നാൽ ഡിപ്പാർട്ടുമെന്റിൽ നിന്നും വേണ്ട ഒത്താശകൾ ചെയ്തുകൊടുക്കുന്നുണ്ട്.

ശ്രീ. ആർ. കേശവപിള്ള: വിളവു പരിശോധിക്കാൻ പോയ ഉദ്യോഗസ്ഥന്മാർക്ക് അലവൻസു കൊടുത്തില്ലെന്നു പരാതി ഉണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അങ്ങനെ പരാതിയുള്ളതായി അറിയുന്നില്ല.

ശ്രീ. കെ. ഭാനു: അഖിലേൻഡ്യാ അടിസ്ഥാനത്തിൽ ആർക്കെങ്കിലും സമ്മാനം കിട്ടിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജാൺ: കിട്ടീട്ടുള്ളതായി അറിവില്ല.

ശ്രീ. ഇ. കൃഷ്ണൻ നായർ: ഗവണ്മെൻറിന് വിളവു വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്കീം ഉണ്ടെന്നു നാട്ടിലുള്ള ആളുകൾക്ക് അറിഞ്ഞുകൂടെന്നു ഗവണ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജാൺ: ഇവിടെ സന്നിഹിതരായിരിക്കുന്ന നിയമസഭാമെംബറന്മാർ അവരവരുടെ നിയോജകമണ്ഡലത്തിലുള്ളവരോട് ഇപ്രകാരമുള്ള ഒരു സ്കീം ഉണ്ടെന്നു പറഞ്ഞു മനസ്സിലാക്കുന്നതു വളരെ പ്രയോജനകരമായിരിക്കും.

ശ്രീ. ഇ. കൃഷ്ണൻ നായർ: നിയമസഭാമെംബറന്മാർ നാട്ടിൻപുറത്തുള്ളവരുടെ അടുക്കൽ ചെന്നു പ്രചാരണം നടത്തണമെന്നുള്ളതാണോ ആ സ്കീം?

ശ്രീ. എ. ജെ. ജാൺ: സ്കീം പലതും ഉണ്ട്. എന്നാൽ നിയമസഭാമെംബറന്മാർകൂടി നാട്ടിൻപുറത്തു ചെന്ന് പ്രചാരണം നടത്തുന്നതു നന്നായിരിക്കും.

ശ്രീ. കെ. കരുണാകരൻ: ഇങ്ങനെയുള്ള കാര്യങ്ങൾ പൊതുജനങ്ങളെ പറഞ്ഞു മനസിലാക്കി ജനങ്ങളെക്കൊണ്ടു വേണ്ടതു പ്രവർത്തിപ്പിക്കേണ്ടതു നിയമസഭാമെംബറന്മാരുടെ ചുമതലയല്ലയോ?

ശ്രീ. എ. ജെ. ജാൺ: അതെ.

തിരുവനന്തപുരം 'സംസ്കൃതകാളേജ്'.

*൭൨൯. [൬൭] ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) തിരുവനന്തപുരം സംസ്കൃതകാളേജ് യൂണിവേഴ്സിററി കാളേജിൽ ലയിപ്പിക്കുവാൻ എന്തെങ്കിലും ആലോചന നടക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അങ്ങനെയൊരാലോചനയ്ക്കു പ്രേരകമായിത്തീർന്ന പരിഗണനകൾ എന്തെല്ലാമാണ്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: അതിനെക്കുറിച്ചു പത്രപ്രസ്താവനകൾ ഉണ്ടായിട്ടില്ലേ?

Mr. Speaker : You may put the question independently of newspapers, for no question should be based on newspaper reports.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: സംസ്കൃത കാളേജുകൂടി യൂണിവേഴ്സിററി കാളേജിലേക്കു ലയിക്കുകയാണെന്നുള്ളതിനെക്കുറിച്ചു യൂണിവേഴ്സിററിയുടെ അഭിപ്രായം എന്തെങ്കിലും ഗവൺമെൻറിനു കിട്ടീട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഇപ്പോൾ അതിനെക്കുറിച്ച് യാതൊരു ആലോചനയും ഇല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: യൂണിവേഴ്സിററി കാളേജിലേക്കു ലയിപ്പിക്കരുതെന്നു പറഞ്ഞു് ശ്രീ. കുമ്പളത്തു ശംകുപ്പിള്ള എന്നു പറയുന്ന ആൾ പത്രത്തിലെഴുതിയിരുന്നതു ഗവൺമെൻറു കണ്ടിട്ടുണ്ടോ?

Mr. Speaker : Nobody can guarantee that report.

Failure of crop.

* 230. [20] **Shri A. Kunjan Nadar :** Will the Chief Minister be pleased to state:

(a) whether the Government have done any relief work in South Travancore to relieve the ryots from the failure of the last Kanni crop; and

(b) if so, what is the nature and extent of work done?

Chief Minister **(Shri A. J. John):**

(a) Yes;

(b) Arrangements were made for the remission of water cess, remission of procurement levy, sale of manure at subsidized rates, issue of ration cards to labourers receiving wages in kind and to agriculturists who got no paddy owing to drought and execution of public works for providing work to the agricultural labour population. A remission of nearly 3,70,000 paras of paddy in the levy fixed was given in the entire area.

Mr. Speaker : This question has been discussed at length. So have you any more supplementary questions?

ശ്രീ. എ. കുഞ്ഞൻനാടാർ: അവിടെ എത്ര ഏക്കർ ഭൂമിക്കു വെള്ളക്കരം ഇളവുചെയ്തു കൊടുത്തിട്ടുണ്ടു്?

ശ്രീ. എ. ജെ. ജോൺ: അതെപ്പററി അന്വേഷിച്ചു് റിപ്പോർട്ടു സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിരിക്കുകയാണു്. റിപ്പോർട്ടു വന്നതിനു ശേഷമേ പറയുവാൻ നിവൃത്തിയുള്ളൂ.

ശ്രീ. ടി. എസ്സ്. രാമസ്വാമി: വെള്ളക്കരം ഇതിനുമുമ്പുതന്നെ ഇളവുചെയ്തു കൊടുത്തിട്ടുള്ളതല്ലേ?

Mr. Speaker : It has been stated that Government have ordered remission of water cess. To what extent of acreage that concession is to be given, that is being enquired into . The answer was given in this manner.

ശ്രീ. ടി. എസ്സ്. രാമസ്വാമി: സർ, അതു എട്ടുമാസത്തിനുമുമ്പ് ഇളവുചെയ്തുകൊടുത്തിട്ടുള്ളതാണ്.

Mr. Speaker: As a principle Government sanctioned relief in the matter of water cess. That alone has been done.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ആ ഉത്തരവ് ഒന്നു മേശപ്പുറത്തു വയ്ക്കാമോ?

ശ്രീ. എ. ജെ. ജാൺ: അതിന്റെ കാപ്പി എന്റെ കൈവശം ഇല്ല.

ശ്രീ. ടി. എസ്സ്. രാമസ്വാമി: ആ ഉത്തരവ് ഏതെല്ലാം സ്ഥലങ്ങളെ ബാധിക്കുമെന്നു ഞങ്ങൾക്കറിയാൻ കഴിഞ്ഞില്ല.

ശ്രീ. എ. ജെ. ജാൺ: തെക്കൻതിരുവിതാംകൂറിനെ ബാധിക്കുന്നതാണ്.

ശ്രീ. ടി. എസ്സ്. രാമസ്വാമി: തെക്കൻതിരുവിതാംകൂറിലെ ഏതെല്ലാം പകുതികളെയാണ് അതു ബാധിക്കുന്നതെന്നു പറയാമോ?

ശ്രീ. എ. ജെ. ജാൺ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

Community Project.

*231. [21] **Shri A. Samraj :** Will the Chief Minister be pleased to state:

(a) the amount spent up till now for the various Community Projects in the State;

(b) what improvements in agriculture and industry are made in these regions;

(c) whether any new Community Project for fishermen are going to be started; and

(d) if so, what are the details?

Chief Minister **(Shri A. J. John):**

(a) Rs. 96,652-12-1

(b) The following measures have been adopted to effect improvement in agriculture, distribution of improved paddy seeds, manures and fertilizers to the ryots,

pest control, popularisation of compost pits, lift irrigation, improvements of tanks, soil conservation. Steps for the development of cottage industries are under way.

(*c*) Yes.

(*d*) The Project aims at bringing about (1) an increase in the return of fishermen's activity (2) efficient distribution of fish products (3) improvement of the health and sanitary conditions of the fishing population and (4) a higher standard of living for the community in the project area.

ஸ்ரீ. ஏ. ஸாம்ராஜ்: வித்து (பேடி ஸீட்ஸ்) தோவாளை-அகஸ்தீஸ்வரம் தாலுகாக்களில் எவ்வளவு கொடுக்கப்பட்டிருக்கிறது என்று சொல்லலாமா?

ശ്രീ. എ. ജെ. ജാൺ: വിത്തു കൊടുത്തതായി കാണുന്നില്ല. ൧൨ ടൺ വളം കൊടുത്തിട്ടുള്ളതായി കാണുന്നു.

ஸ்ரீ. ஏ. ஸாம்ராஜ்: காட்டேஜ் இன்டஸ்றிக்காக எவ்வளவு செலவு செய்யப்பட்டிருக்கிறது?

ശ്രീ. എ. ജെ. ജാൺ: അതിനുള്ള നടപടികൾ എടുത്തുവരുന്നതേ ഉള്ളു.

ശ്രീ. എ. കുഞ്ഞൻ നാടാർ: തൊണ്ണൂററായിരം രൂപാ ചെലവാക്കിയെന്നു പറഞ്ഞിട്ടുണ്ടു്. അതു സ്കീമിനു വേണ്ടിയും ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിനു വേണ്ടിയും ചെലവാക്കിയ മൊത്തം ചെലവാണോ?

ശ്രീ. എ. ജെ. ജാൺ: മൊത്തം ചെലവായ തുകയാണു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇതു സംബന്ധിച്ചുള്ള ജോലികൾക്കു് ഇത്ര കാലതാമസം വരുന്നതു് റെഡ്ടേപിസം കൊണ്ടാണോ?

ശ്രീ. എ. ജെ. ജാൺ: റെഡ്ടേപിസം ഒന്നും ഉണ്ടാകുകയില്ല. ഇതു സംബന്ധിച്ചുള്ള ജോലികൾ വളരെ വേഗത്തിൽ ചെയ്തുതീർക്കണമെന്നു ഗവൺമെൻറ നിർദ്ദേശിച്ചിട്ടുണ്ടു്.

ശ്രീ. എ. കുഞ്ഞൻ നാടാർ: സാംക്ഷൻ സമയത്തിനു കിട്ടുന്നില്ലെന്നു പരാതിയുണ്ടായിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ബഡ്ജററ സെൻട്രൽ ഗവൺമെൻറിനയച്ചിരുന്നു. ബഡ്ജററ സാംക്ഷൻ ചെയ്തു വരുന്നതിനു കുറച്ചു കാലതാമസം വന്നു. ഇപ്പോൾ സാംക്ഷൻ കൊടുക്കുവാൻ യാതൊരു കാലതാമസവും വരുത്തുന്നില്ല.

ശ്രീ. എ. കുഞ്ഞൻ നാടാർ: ൫൦൦ രൂപയുടെയും ൧൦൦ രൂപയുടെയും മററും വേലകൾ നടക്കുന്നതിനു ബഡ്ജററ് അനുവാദത്തിന്റെ ആവശ്യമെന്താണു്?

Mr. Speaker: Without the allotment of money how could the work be carried out ?

Shri A. Kunjan Nadar: In the budget lump sum allotments are included for different items. Hence the question.

ശ്രീ. എ. ജെ. ജോൺ: ബഡ്ജററ്സാംങ്ഷൻ ചെയ്യാതെ ൧൦൦ രൂപ പോലും അനുവദിക്കുവാൻ നിവൃത്തിയില്ല.

ശ്രീ. എ. കുഞ്ഞൻനാടാർ: ഇതിലേക്കുള്ള അഡ്മിനിസ്ട്രേറീവ് സാംക്ഷൻ കൊടുക്കേണ്ടതാരാണ്? ടെക്കനിക്കൽസാംക്ഷൻ കൊടുക്കേണ്ടതാരാണ്?

ശ്രീ. എ. ജെ. ജോൺ: അഡ്മിനിസ്ട്രേറീവ് സാംക്ഷൻ കൊടുക്കേണ്ടതു് അതു് കൈകാര്യം ചെയ്യുന്ന മിനിസ്റ്ററും ഡവലപ്മെൻറ് കമ്മീഷണരും ടെക്കനിക്കൽ സാംക്ഷൻ കൊടുക്കേണ്ടതു് അതിലേക്കുള്ള പ്രത്യേകം പ്രത്യേകം എക്സ്പേർട്ടുകളും ആണ്.

SHORT NOTICE QUESTION.

Shri C. C. Ayyappan: Sir, I am authorized to put the question standing in the name of Shri Achyutha Menon.

Mr. Speaker: Yes.

ഡിറെറൻഷൻ.

* ൧. [൧] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി ഗേൾസ് ഹൈസ്കൂളിൽ ഈ വർഷത്തിൽ എസ്സ്. എസ്സ്. എൽ. സി. പരീക്ഷയ്ക്കു ഏഴു വിദ്യാർത്ഥിനികളെ അനർഹമായി ഡിറെറയിൻ ചെയ്തുവെന്ന ഒരു പരാതി ഡയറക്ടർക്കു് ലഭിക്കുകയുണ്ടായോ;

(ബി) അതെ സംബന്ധിച്ചു അന്വേഷണം നടത്തി എന്തു നടപടി സ്വീകരിച്ചു;

(സി) ആ വിദ്യാർത്ഥിനികൾക്കു മാത്രമായി ഒരു പ്രത്യേക പരീക്ഷ നടത്തി അവരെ വീണ്ടും ഡിറെറയിൻ ചെയ്യുകയുണ്ടായോ;

(ഡി) സെലക്ഷൻ പരീക്ഷയും ഡിറെറൻഷനും ഒരു നയമായി ഗവണ്മെൻറ് സ്വീകരിക്കാതിരിക്കെ, ഈ ഒരു പ്രത്യേക സ്കൂളിൽ മാത്രം ഏഴു വിദ്യാർത്ഥിനികളുടെ പേരിൽ ഇത്തരമൊരു നടപടിക്രമം അംഗീകരിക്കാൻ കാരണമെന്തു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഉണ്ടു്.

(ബി) ഈ വിദ്യാർത്ഥിനികൾക്കുവേണ്ടി വീണ്ടും പരീക്ഷ നടത്തി പാസാകുന്നവരെ തിരഞ്ഞെടുക്കാൻ ഹെഡ്മിസ്ട്രസിനു ഉത്തരവു കൊടുത്തു.

(സി) രണ്ടാമത്തെ പരീക്ഷയിലും തോററതുകൊണ്ടു് ഡിറെറയിൻ ചെയ്തു.

(ഡി) കുട്ടികളുടെ പഠിത്തത്തിലുള്ള പുരോഗതിയും സ്വഭാവവും പരിഗണിച്ചു പരീക്ഷയ്ക്കു അയയ്ക്കുന്നതാണു് നയം. ഇതിനു വിരുദ്ധമായി ഈ സ്കൂളിലും ഒന്നും ചെയ്തിട്ടില്ല.

ശ്രീ. സി. സി. അയ്യപ്പൻ: സ്കൂൾഫൈനൽ ക്ലാസിൽ സാധാരണ ഡിററൻഷൻചെയ്ക പതിവുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അവരുടെ കാണ്ടക്ററും പ്രോഗ്രസും അനുസരിച്ചാണു് അവരെ പരീക്ഷയ്ക്കു അയയ്ക്കുന്നതു്.

ശ്രീ. സി. സി. അയ്യപ്പൻ: മറെറവിടെയെങ്കിലും ഡിററൻഷൻ ചെയ്യുന്നുണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതേപററി എനിക്കു നല്ല നിശ്ചയമില്ല. ഏതായാലും അങ്ങനെ ചെയ്യുവാൻ ഹെഡ്മാസ്റ്റർമാൎക്കു് അധികാരമുണ്ടു്.

ശ്രീ. സി. സി. അയ്യപ്പൻ: പരീക്ഷക്കയക്കുന്ന കുട്ടികളുടെ ലിസ്റ്റിൽ ഇവരുടെ പേരുകൾ ഉൾപ്പെടുത്തിയിരുന്നു എന്നും എന്നാൽ ഫീസടച്ചിട്ടില്ല എന്ന കാരണത്താലാണു് അവരെ ഡിറെറയിൻ ചെയ്തതെന്നും അറിയാമോ?

ശ്രീ. എ. ജെ. ജാൺ: ആ അറിവു് ശരിയല്ല. അവർ ഇതിലേക്കു പ്രത്യേകം നടത്തിയ പരീക്ഷയിൽ തോററു. അതേസംബന്ധിച്ചു് പരാതികൾ ഉണ്ടായപ്പോൾ ഇവരെ ഡിററയിൻ ചെയ്യേണ്ടതാണെന്നും എന്നാൽ വീണ്ടും ഒരു പരീക്ഷ ഏൎപ്പെടുത്തി അതിൽ ജയിക്കുന്ന പക്ഷം അവരെ പരീക്ഷക്കയക്കുന്നതിൽ വിരോധമില്ലെന്നും ഡയറക്ടർ അഭിപ്രായപ്പെട്ടു. രണ്ടാമത്തെ പരീക്ഷയിലും അവർ തോൽക്കുകയാണു് ചെയ്തതു്.

ശ്രീ. സി. സി. അയ്യപ്പൻ: ഏതു മാനദണ്ഡം അനുസരിച്ചാണു് കുട്ടികളെ ഡിറെറയിൻ ചെയ്യുന്നതു്?

ശ്രീ. എ. ജെ. ജാൺ: അവരുടെ കാണ്ടക്ററും പ്രോഗ്രസും അനുസരിച്ചാണു്.

ശ്രീ. സി. സി. അയ്യപ്പൻ: ഈ വിദ്യാൎത്ഥിനികളുടെ കാണ്ടക്ററ മോശമാണെന്നു വല്ല റിക്കാർഡും ഉണ്ടോ?

ശ്രീ. എ. ജെ. ജാൺ: അതേപററി ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. സി. സി. അയ്യപ്പൻ: ഈ സ്കൂളിൽ ഇതിനുമുമ്പു് വേറെ ഏതെങ്കിലും കുട്ടികളെ ഡിറെറയിൻ ചെയ്തിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: നിശ്ചയമില്ല.

WRITTEN ANSWERS.

കയർസഹകരണപ്രസ്ഥാനം.

*൨൩൨. [൨൨] **ശ്രീ. കാമ്പിശ്ശേരിൽ കരുണാകരൻ:** താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ;

സഹകരണാടിസ്ഥാനത്തിൽ കയർവ്യവസായം പുനരുദ്ധരിക്കുവാനുള്ള പരിപാടി ഗവണ്മെന്റപേക്ഷിച്ചിരിക്കയാണോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

അല്ല.

Anglo Indians.

*233 [23] **Shri A. A. D. Luiz:** Will the Chief Minister be pleased to state the exact number of Anglo Indians entertained in Government service during 1950-51 and 1951-52?

Chief Minister **(Shri A. J. John:)**

1950-51	..	One
1951-52	..	Nil

Anglo-Indians.

*234 [24] **Shri A. A. D. Luiz:**

Will the Chief Minister be pleased to state whether the Anglo Indians are considered by the Government as a distinct minority for the purposes of recruitment to Government service?

Chief Minister **(Shri A. J. John:)** No.

Handloom Weaving Factories.

*235 [26] **Shri C. Sankar:** Will the Minister for Industries & Commerce be pleased to state:

(*a*) Whether any handloom weaving factories have been given financial aid by the State Government;

(*b*) If so, the names of such Factories; and

(*c*) If not, will the Government take steps to aid such factories by advancing loans without interest?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) No.

(*b*) This question does not arise.

(*c*) This will be considered when such factories apply for loans according to the provisions of the Travancore-Cochin State Aid to Industries Act.

Arrest of Shri K. P. Prabhakaran M. L. A.

*236. [29] **Shri P. V. Avira Tharakan:** Will the Minister for Home Affairs be pleased to state:

(*a*) whether it is a fact that Mr. K. P. Prabhakaran, M. L. A., and some others who were arrested in January 1953 were not given food while they were in the custody of the Police at Trichur;

(*b*) whether the Government have noticed a statement issued by Mr. Prabhakaran about this?

Minister for Home Affairs **(Shri T. M. Varghese):**

(*a*) No.

(*b*) Yes.

Reserve Bank

*237. [30] **Shri P. V. Avira Tharakan:** Will the Minister for Finance be pleased to state:

(*a*) Whether the Government be pleased to place a copy of the agreement made between this Government and the Reserve Bank on 30th June 1952; and

(*b*) What is the advantage by the establishment of the currency chests of the Reserve Bank in the four district treasuries of the State?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(*a*) A copy of the agreement is placed on the table. (Placed in the Library.)

(*b*) *For Government*:

The currency chests serve to secure for Government an effective utilisation of their available resources and bring about considerable savings in remittance charges.

For banks and Public :

They provide remittance facilities to banks and the public at reasonable rates.

They enable treasuries to issue rupee coins in exchange for notes and notes in exchange for coin or to supply notes of lower denominations for those of higher denominations and vice versa.

They also enable treasuries to maintain purity of note circulation in as much as the availability of large stocks of new notes in the chests makes it possible for old and soiled notes to be withdrawn and replaced by fresh notes.

സംയോജനം.

*൨൩൮. [൩൩] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക അഭ്യന്തരകാര്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം സെൻട്രൽ പ്രിസണും വിയ്യൂർ സെൻട്രൽ ജയിലും തമ്മിലുള്ള സംയോജനം കഴിഞ്ഞോ ;

(ബി) രണ്ടു ജയിലുകളിലും ഒരേതരത്തിലുള്ള നിയമങ്ങളാണോ ഇന്ന് നിലവിലുള്ളത് ;

(സി) തിരുവനന്തപുരം സെൻട്രൽ പ്രിസണിൽ മൂന്നിൽ രണ്ടു ഭാഗം ശിക്ഷ അനുഭവിച്ചുകഴിഞ്ഞ തടവുകാരെ വിട്ടയയ്ക്കാൻ വ്യവസ്ഥയില്ലേ ;

(ഡി) വിയ്യൂർ സെൻട്രൽജയിലിൽ ആ വ്യവസ്ഥ നടപ്പാക്കിയിട്ടുണ്ടോ ?

അഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വറുഗീസ്) :

(എ) തിരുവനന്തപുരം സെൻട്രൽ പ്രിസണും വിയ്യൂർ സെൻട്രൽ ജയിലും തമ്മിലുള്ള സംയോജനം നടന്നിട്ടില്ല.

(ബി) അല്ല. വിയ്യൂർജയിലിൽ കൊച്ചിൻ ജയിൽറൂൾസും, സെൻട്രൽപ്രിസനിൽ സെൻട്രൽ പ്രിസൺ റൂൾസും നിലവിലിരിക്കുന്നു.

(സി) ഉണ്ട്.

(ഡി ഇല്ല.

Wholesale Depots.

*239. [34] **Shri O. C. Ninan:** Will the Minister for Finance and Civil Supplies be pleased to state:

(*a*) how many wholesale depots are run by the Government;

(*b*) does the Government get any profit out of them;

(c) is it the policy of the Government to run all the whole-sale depots; and

(d) what is the number of wholesale depots run by private agencies and at what all places?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):**

(a) 19 wholesale Depots (exclusive of sub depots) are run by Government in 18 taluks of the State.

(b) Yes.

(c) Yes.

(d) 127.

Agastheeswaram.	2
Kalkulam.	4
Vilavancode.	9
Neyyattinkara.	10
Nedumangad.	8
Kottarakkara.	8
Pathanapuram.	6
Shencottah.	1
Kunnathoor.	4
Pathanamthitta.	11
Vaikom.	16
Meenachil.	29
Muvattupuzha.	6
Thodupuzha.	5
Devicolam.	2
Peermade.	6
	127

Prosecuting Inspectors.

*240 [35] **Shri O. C. Ninan:** Will the Minister for Home Affairs be pleased to state:

(a) how many prosecuting Inspectors are there in this State;

(b) what is the minimum qualification fixed for that post;

(c) what is the scale of pay for the same;

(d) is it a fact that there is a lot of delay for cases owing to the fact that there are not sufficient number of Prosecuting Inspectors;

(e) is it a fact that ordinary police Inspectors have to conduct crminal cases in courts ;

(f) are head constables allowed to conduct criminal cases ; and

(g) are they doing it now.

Minister for Home Affairs **(Shri T. M. Varghese) :**

(a) 16.

(b) The minimum qualification fixed for the post of Prosecuting Sub-Inspectors of Police is graduation in law.

(c) Rs. 125-5-150.

(d) Government are not aware of this .

(e) Yes, to a limited extent.

(f) Yes, in certain cases of simple nature.

(g) Yes.

Cess for Lift Irrigation.

*241. [36] **Shri O. C. Ninan :** Will the Chief Minister be pleased to state :-

(a) is the Government levying any cess for lands which had the benefit for lift irrigation ;

(b) what is the amount of cess levied for one acre ;

(c) are the lands bensfited under the G.M.F. also included in the levy ;

(d) are there any lands which are benefited by the lift irrigation whether under the G.M.F. or otherwise which are exempted from the levy of cess ;

(e) what is the amount of cess realised in 1952 under this head ; and

(f) what is the amount which remains to be realised ?

Chief Minister **(Shri A. J. John) :**

(a) Yes.

(b) Rs. 25.

(c) Yes.

(d) No.

(e) Rs. 58,883—4—5.

(f) Rs. 92,258—15—6.

കശുഅണ്ടിവ്യവസായം.

* ൨൪൨. [൩൮] ശ്രീ. കെ. കെ. കുമാരപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുഅണ്ടിവ്യവസായത്തിൽ ഇപ്പോൾ ഉണ്ടായിരിക്കുന്ന വ്യവസായമാന്ദ്യത്തിന് എന്താണ് കാരണം;

(ബി) എത്ര കശുവണ്ടിഫാക്ടറികൾ ഈ സ്റ്റേറ്റിലുണ്ട്;

(സി) അതിൽ എത്രയെണ്ണം അടച്ചിട്ടിട്ടുണ്ട്;

(ഡി) ഈ ലോക്കൗട്ടുമൂലം തൊഴിലില്ലാതായിത്തീർന്നിട്ടുള്ള തൊഴിലാളികൾക്ക് എന്തു സഹായം തൊഴിൽ ഉടമകളും ഗവണ്മെൻറും നൽകുന്നുണ്ട്?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) സാമ്പത്തികവൈഷമ്യവും അസംസ്കൃതസാധനമായതോട്ടണ്ടിയുടെ അഭാവവുമാണ് കാരണം.

(ബി) ൱൬൯

(സി) ൨൯.

(ഡി) ഫാക്ടറിആക്റ്റ് പ്രകാരമുള്ള ശമ്പളത്തോടുകൂടിയ അവധിയും ബോണസും ഫാക്ടറികൾ അടച്ചിട്ടകാലത്ത് ചില ഫാക്ടറി ഉടമകൾ കൊടുത്തിട്ടുണ്ട്. മറ്റുചിലർ പിരിച്ചുവിട്ടതൊഴിലാളികൾക്ക് അവരുടെ മറ്റുഫാക്ടറികളിൽ ജോലികൊടുത്തിട്ടുണ്ട്.

Supply of manure.

*243. [39] **Shri E. Krishnan Nair:** Will the Chief Minister be pleased to state:

(*a*) what arrangement the Government have made for the supply of manure to farmers; and

(*b*) whether any concession is given to such farmers as are not in a position to purchase manure for ready cash?

Chief Minister (**Shri A. J. John**):

(*a*) Government have made arrangements through the Department of Agriculture to purchase different kinds of manures and to stock them in Central depots established by the Department in important centres of the State. From these central depots, manures are supplied to sub-depots and agency depots, 359 in number all over the State. Supply of manure to farmers is being carried out by these sub-depots and agency depots run by the Department, Co-operative Societies, Panchayats and individual agents.

(*b*) Such farmers are allowed to get manures on credit, on crop loan basis, subject to certain rules.

Judiciary.

*244. (40) **Shri M. William** : Will the Minister for Home Affairs be pleased to state :

(*a*) whether the High Court has sent in proposals for the re-organaisation of the Judiciary of the Travancore-Cochin State ;

(*b*) if so, when ; and

(*c*) whether any steps have been taken thereon ?

Minister for Home Affairs (**Shri T. M. Varghese**) :

(*a*) Yes.

(*b*) 1st August 1952.

(*c*) Yes.

ഐ. ഏ. എസ്സിലേക്കുള്ള ഉദ്യോഗങ്ങൾ.

* ൨൪൫. [൪൧] ശ്രീ എ. എൽ. ജേക്കബ്ബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടിപറയുമോ :

(എ) തിരുവിതാംകൂർ-കൊച്ചിയിലെ ഉദ്യോഗസ്ഥന്മാരിൽനിന്നും പ്രമോഷൻമുഖേന ഐ. ഏ. എസ്സിലേക്കു എടുക്കപ്പെടേണ്ട ഉദ്യോഗങ്ങൾ എത്ര ;

(ബി) അതിലേക്കു ആരെഎങ്കിലും തിരഞ്ഞെടുത്തിട്ടുണ്ടോ ? ഉണ്ടെങ്കിൽ ആരെല്ലാം ;

(സി) ഇങ്ങിനെ എടുക്കുന്നവരെപ്പററി ശുപാർശചെയ്യുവാൻ ഈ ഗവണ്മെൻറിന് അധികാരമില്ലേ ?

മുഖ്യമന്ത്രി (ശ്രീ. ഏ. ജെ. ജാൺ):

(എ) നാല്.

(ബി) തിരഞ്ഞെടുപ്പു കഴിഞ്ഞിട്ടില്ല. ശ്രീ ജ്ഞാനസുന്ദരമുതലിയാർ (മദ്രാസ് പ. സ. കമ്മീഷൻ മെംബർ) തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക്സർവ്വീസ് കമ്മീഷൻ ചെയർമാൻ ചീഫ്സെക്രട്ടറി എന്നിവരടങ്ങിയ തിരഞ്ഞെടുപ്പുകമ്മററിയുടെ റിപ്പോർട്ടിന്മേലുള്ള നിർദ്ദേശങ്ങൾ ഇൻഡ്യാഗവണ്മെൻറിന് അയച്ചിരിക്കുകയാണ്.

(സി) ഉണ്ട്.

ഗവണ്മെൻറപ്രസ്സ് പരിഷ്കാരം.

* ൨൪൬. [൪൨] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെൻറ് പ്രസ്സ് പരിഷ്കാരത്തിനുവേണ്ടി ൧൧൨൫–൨൬ മുതൽ ഇതുവരെ എത്രസംഖ്യ അനുവദിച്ചിട്ടുണ്ട് ;

(ബി) ഗവണ്മെന്റിന്റെ അച്ചടിജോലികൾ മുഴുവൻ ഗവണ്മെന്റ പ്രസ്സിൽ നിർവഹിക്കാനുള്ള സൗകര്യസജ്ജീകരണങ്ങൾ പൂർത്തിയായിട്ടുണ്ടോ? ഇല്ലെങ്കിൽ എന്ന് പൂർത്തിയാകുമെന്നു പറയാമോ;

(സി) ഗവണ്മെന്റിന്റെ അച്ചടിവേലകൾ മുഴുവൻ ഗവണ്മെന്റ് പ്രസ്സിൽ നടത്താൻ സാധിക്കുമെന്നു ഗവണ്മെന്റ് തീരുമാനിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഏഴ് ലക്ഷം രൂപ.

(ബി) ഇല്ല. ഏതാണ്ട് രണ്ടുവർഷംകൂടി വേണ്ടിവരും.

(സി) ഉണ്ട്.

ഗവണ്മെന്റ് പ്രസ്സ്.

*൨൪൧. [൪൩] ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഗവണ്മെന്റ് പ്രസ്സിൽ വെളിയിൽനിന്നു പല അച്ചടിവേലകളും ഏറെറടുത്തു നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതേസമയം ഗവണ്മെന്റിന്റെ അച്ചടിവേലകൾ പ്രൈവററപ്രസ്സുകളെ ഏൽപ്പിക്കാനുള്ള കാരണമെന്ത്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഗവണ്മെന്റ്ജോലി കുറവുള്ളഅവസരത്തിൽ പുറമേനിന്നും കിട്ടുന്നജോലി ചെയ്യാറുണ്ട്.

(ബി) വളരെഅധികം ജോലിത്തിരക്കുള്ളപ്പോൾ ചിലജോലികൾ കൃത്യസമയത്തിനു ചെയ്തുതീർക്കുവാൻ ഗവണ്മെന്റപ്രസ്സിനു സാധിക്കാതെ വരും. ആ സന്ദർഭങ്ങളിൽ ചില ജോലികൾ പ്രൈവററപ്രസ്സുകളെ ഏൽപ്പിക്കാറുണ്ട്.

Reserve Police.

*248. (45) **Shri O. C. Ninan:** Will the Minister for Home Affairs be pleased to state;

(*a*) is the Reserve Police a separate unit as regards transfer and promotion;

(*b*) are transfers effected from the reserved force to the regular force and *vice versa*; and

(*c*) after recruitment is it necessary that all police officers are to serve in the reserve force for some time?

Minister for Home Affairs (**Shri T. M. Varghese**):

(*a*) Yes.

(*b*) Yes. When found necessary.

(*c*) All police constables recruited have to serve in the Reserve for some time.

കമ്മ്യൂണിററിപ്രോജക്ററിന്റെ പ്രവര്‍ത്തനങ്ങള്‍.

* ൨൪൯. [൪൬] ശ്രീ. സി. പി. ശ്രീധരമേനോന്‍: താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) കമ്മ്യൂണിററി പ്രോജക്ററിന്റെ കേന്ദ്രങ്ങളില്‍ കഴിഞ്ഞ കൊല്ലം എവിടെയെല്ലാം പ്രവര്‍ത്തനം നടത്തിയിട്ടുണ്ട്;

(ബി) കഴിഞ്ഞ (൬൨-൬൩) കൊല്ലം ഓരോ കേന്ദ്രത്തിലും എത്ര രൂപ വീതം ചെലവായിട്ടുണ്ട്;

(സി) ഇതില്‍ സ്റേററു ഗവണ്മെന്റ് എന്തു ചിലവാക്കിയിട്ടുണ്ട്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാണ്‍):

(എ) നെയ്യാററിന്‍കര—വിളവന്‍കോട്ട് കമ്മ്യൂണിററിപ്രോജക്ററില്‍ മെതുകുമ്മല്‍ പകുതി, അതിയന്നൂര്‍ പകുതി, കുളത്തൂര്‍, കോട്ടുകാല്‍, പൈംകുളം, കൊല്ലങ്കോട്, തിരുപുറം, പാറശ്ശാല, ചെങ്കല്‍ എന്നീ സ്ഥലങ്ങളിലും. ചാലക്കുടി കുന്നത്തുനാട് പ്രോജക്ററില്‍ മേലൂര്‍, കാര്രൂര്‍, വെളിയത്തുനാട്, മററത്തൂര്‍, പുത്തന്‍ചിറ, ചാലക്കുടി, വെള്ളകര, കൊടകര, മുതലായ സ്ഥലങ്ങളിലും പ്രവര്‍ത്തനം നടത്തിയിട്ടുണ്ട്.

(ബി) ൩൫-൫-൫൯ ൬൩ വരെ നെയ്യാററിന്‍കര വിളവന്‍കോട്ട് പ്രോജക്ററിലേയ്ക്ക്. രൂപ ൬൫൫൬൦ അണ ൧൦ കുന്നത്തുനാട് ചാലക്കുടി പ്രോജക്ററിലേക്ക് രൂപ ൪൦൦൪൯ അണ ൫൩ പൈസ ൫൦ ചിലവായിട്ടുണ്ട്.

(സി) നെയ്യാററിന്‍കര വിളവന്‍കോട്ട് പ്രോജക്ററിലേയ്ക്ക് രൂപ ൫൯൨൧൦ അണ ൧ പൈസ ൩൦, കുന്നത്തുനാട് ചാലക്കുടി പ്രോജക്ററിലേക്ക് രൂപ ൫൧൭൭൪ അണ ൫൨൦ സ്റേററ് ഗവണ്മെന്റ് ചെലവാക്കിയിട്ടുണ്ട്.

Community Project Scheme.

*250. (52) **Shri K. V. Krishnankutty Warrier:** Will the Chief Minister be pleased to state:

(*a*) whether it is a fact that the community project officers at Chalakkudy have expressed their concern about lack of public co-operation in their area for the successful implementation of the schemes; and

(*b*) is the Chief Minister in a position to assure this House that people in the community project areas are enthusiastically co-operating with the schemes?

Chief Minister (**Shri A. J. John**):

(*a*) No.

(*b*) Yes.

Aid to factories.

*251. (53) **Shri K. V. Krishnankutti Warrier :** Will the Chief Minister be pleased to state whether in the Chalakkudi Community Project area, there are any proposals under the project to aid the reopening of the Cashews, matches, potteries and plywood factories already closed down in this area in the course of the last one year?

Chief Minister **(Shri A. J. John) :** No.

കൃഷിഡിപ്പാർട്ടുമെൻറ്.

* ൨൫൨. [൫൪] ശ്രീ. കുഞ്ഞിത്തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ ;

(എ) കൃഷിഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായി ഉയർത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇപ്പോഴത്തെ നിലയിൽ ഈ ഡിപ്പാർട്ടുമെൻറുകൊണ്ട് കാര്യമായ യാതൊരു പ്രയോജനവും രാജ്യത്തിനില്ലെന്നുള്ള വസ്തുത ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ ;

(സി) കൃഷി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ അഗ്രികൾച്ചറൽ ആഫീസുകൾ സ്ഥാപിക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) ഇതിനെപ്പററി ഇപ്പോൾ ആലോചിച്ചിട്ടില്ല.

(ബി) ഇല്ല. ശാസ്ത്രീയമായ വളങ്ങൾ, നല്ലയിനം വിത്തുകൾ എന്നിവയുടെ വിതരണവും, ക്ഷുദ്രപ്രാണികളുടെ നിയന്ത്രണവും മൂലം കട്ടം കൃഷിക്കു് പ്രത്യേകിച്ചു് നെൽകൃഷിക്കു് നല്ല അഭിവൃദ്ധി ഉണ്ടായിട്ടുണ്ടു്.

(സി) ആലോചിക്കാം.

നെല്ലെടുപ്പു്.

* ൨൫൩. [൫൫] ശ്രീ. കുഞ്ഞിത്തൊമ്മൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴത്തെ ഏക്കറേജ് അടിസ്ഥാനത്തിൽ എത്ര പറ നെല്ലു് ഇക്കഴിഞ്ഞ വിളവെടുപ്പിൽ സംസ്ഥാനത്തേയ്ക്കു് ലഭിച്ചിട്ടുണ്ടു്;

(ബി) നെല്ലെടുപ്പു സംബന്ധിച്ചുള്ള ജോലിയിൽ സംസ്ഥാനത്തു് എത്ര പേർ ഉണ്ടു്.

(സി) അവക്കു് ആകെ ശമ്പളവും, അലവൻസും വകയിൽ പ്രതിവർഷം എത്ര രൂപ വരുന്നുണ്ടു്?

ധനകാര്യവും സിവിൾസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

എ) ൨൪,൩൯,൨൬൨ പറ.

(ബി) ൩൫ നെല്ലെടുപ്പു തഹസീൽദാർമാരും, ൧൯ നെല്ലെടുപ്പു അസിസ്റ്റന്റ പർച്ചേസ് ആന്റ് റേഷനിംഗ് ആഫീസറന്മാരും, ൧൫൦ നെല്ലെടുപ്പു പ്രവർത്തികാരന്മാരുമുണ്ട്.

(സി) ഉദ്ദേശം ൪,൦൦,൦൦൦ രൂപ.

പോലീസ് ജീവനക്കാർ.

*൧൬൪. [൬൧] ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് ഡിപ്പാർട്ടുമെന്റ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുവാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എത്ര സ്ഥലങ്ങളിൽ പോലീസ് സ്റ്റാഫിന് വേണ്ട ക്വാർട്ടേഴ്സുകളുണ്ട്?

അഭ്യന്തരകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) പോലീസ് ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പള നിരക്ക് ൧൧൨൦ ജൂലായി മാസത്തിലാണ് പരിഷ്കരിച്ചത്. ഇനിയും പരിഷ്കരിക്കുന്നതു് ആവശ്യമെന്നു തോന്നുന്നപക്ഷം അതേപ്പറ്റി ആലോചിക്കുന്നതാണ്.

(ബി) പോലീസ് സ്റ്റാഫിന് വേണ്ട ക്വാർട്ടേഴ്സ് ഇപ്പോൾ ൬൦ സ്ഥലങ്ങളിൽ ഉണ്ട്.

പെൻഷൻകാർക്കു ക്ഷാമബത്ത.

*൧൬൫. [൬൯] ശ്രീ. സി. കെ. വിശ്വനാഥൻ: താഴെ കാണുന്ന ചോദ്യത്തിനു ധനകാര്യവും സിവിൽസപ്ലൈസും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ?

കൊച്ചിയിലെ പെൻഷൻകാർക്ക് കൊടുക്കുന്നതുപോലെ തിരുവിതാംകൂർ പ്രദേശത്തേയും പെൻഷൻകാർക്കു ക്ഷാമബത്ത കൊടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു കഴിഞ്ഞ ബഡ്ജററ സമ്മേളനത്തിൽ ഉന്നയിച്ച ചോദ്യത്തിനു മറുപടിപറഞ്ഞതു ഈ പ്രശ്നം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുന്നുവെന്നാണ്. ഈ പ്രശ്നത്തിൽ ഗവണ്മെന്റിന്റെ നിലപാടു വ്യക്തമാക്കുമോ?

ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഈ ഘട്ടത്തിൽ കൊച്ചിയിലെ നിരക്കിൽ തിരുവിതാംകൂർ പെൻഷൻകാർക്കും ക്ഷാമബത്ത കൊടുക്കുവാൻ നിവൃത്തിയില്ലെന്നു ഗവണ്മെന്റ തീർച്ചയാക്കിയിട്ടുണ്ട്.

പ്ലാന്റേഷൻ ഇൻഡസ്ട്രിയൽ റിലേഷൻസ് കമ്മിററി.

*൧൬൬. [൭൫] ശ്രീ. കെ. ജെ. താമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇവിടെ ഒരു പ്ലാന്റേഷൻ ഇൻഡസ്ട്രിയൽ റിലേഷൻസു കമ്മിററി എന്നാണു് സംഘടിപ്പിച്ചതു്;

(ബി) പ്രസ്തുത കമ്മിററിയിൽ ആകെ എത്ര അംഗങ്ങളാണുള്ളതു്; അവരുടെ പ്രാതിനിധ്യസ്വഭാവമെങ്ങനെ;

(സി) പ്രസ്തുത കമ്മിററി നാളതുവരെ എത്ര പ്രാവശ്യം കൂടിയിട്ടുണ്ടു്?

ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൩-൧൨-൧൯൫൨.

(ബി) കമ്മിററിയിൽ ആകെ ൨൦ അംഗങ്ങളാണുള്ളതു്. ഇവരിൽ ൧൦ പേർ മാനേജ്മെൻറുകളുടെ പ്രതിനിധികളും ൧൦ പേർ തൊഴിലാളികളുടെ പ്രതിനിധികളുമാണു്.

(സി) രണ്ടു പ്രാവശ്യം.

UNSTARRED QUESTIONS

ഭക്ഷ്യോൽപ്പാദനം.

൧൧൯. [൧] ശ്രീ. പ്രാക്കുളം ഭാസി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യോൽപാദനപദ്ധതികൾക്കായി ൧൯൫൨-ൽ അനുവദിച്ച തുക എന്തു്;

(ബി) തുക കൊടുത്ത ആളുകളുടെ പേരും, മേൽവിലാസവും;

(സി) പദ്ധതികളുടെ വിവരങ്ങൾ?

ഉത്തരം.

(എ) ൧൯൫൨-൫൩ ധനകാര്യവർഷത്തിലേയ്ക്കു് കേന്ദ്ര ഗവണ്മെൻറിൽനിന്നും ൧൨,൩൧,൭൭൫ രൂപ ഗ്രാൻറും, ൫ ലക്ഷം രൂപ വായ്പയും അനുവദിച്ചിട്ടുണ്ടു്.

(ബി) വായ്പത്തുക നൽകപ്പെട്ട ആളുകളുടെ പേരുവിവരത്തിന് ലിസ്ററു് മേശപ്പുറത്തു വച്ചിട്ടുണ്ടു്. †

(സി) വായ്പ അനുവദിച്ചിട്ടുള്ളതു് വളം, കാർഷികോപകരണങ്ങൾ ഇവ വാങ്ങുന്നതിനും, കൃഷിസ്ഥലങ്ങൾ നന്നാക്കുന്നതിനുള്ള ജോലികൾക്കുമാണു്. ഗ്രാൻറു അനുവദിക്കപ്പെട്ടതും, ചെലവു ചെയ്യപ്പെട്ടതുമായ പദ്ധതികൾ താഴെ പറയുന്നവയാണു്.

൧. കരിനിലം കൃഷി.
൨. കിണർ കുഴിപ്പിക്കൽ.
൩. കട്ടം വളം ചേർപ്പു്.
൪. പച്ചിലവളത്തിനുള്ള ചെടി വളർത്തൽ.

† Please see Appendix I,

൭. കൃഷി സംരക്ഷണജോലികൾ.
൮. പ്രസിദ്ധീകരണവും, പ്രചരണവും.
൯. പുഞ്ചകൃഷി വെള്ളംവററിക്കലിനുള്ള പമ്പിംഗ് സൗജന്യം.

Petition against P.C. 460. ...

120. (3) **Shri A. Kunjan Nadar :** Will the Minister for Home Affairs be pleased to state :

(*a*) whether the Government received a petition from one Mr. Govindan Krishnan against P.C. 460 (Krishnan) of Nemom Station on 22nd November, 1952 ; and

(*b*) if so, what action is taken on the petition ?

Answer.

(*a*) Yes.

(*b*) Enquiries were made by the Circle Inspector of Police, Neyyattinkara. The allegations against the Police Constable were found to be false.

വിളവുനാശം.

൧൨൧. [൭] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്തു് എത്ര താലൂക്കുകളിൽ വിളവുനാശം ഉണ്ടായിട്ടുണ്ടു്; അവ ഏതെല്ലാം;

(ബി) ഏതെല്ലാം താലൂക്കുകളിൽ വിളവുനാശംകൊണ്ടു് നഷ്ടം നേരിട്ട കൃഷിക്കാർക്കു് നഷ്ടപരിഹാരാർത്ഥം ഗവണ്മെൻറു് സഹായ നടപടികൾ കൈക്കൊണ്ടിട്ടുണ്ടു്; ഏതു വിധത്തിലുള്ള സഹായങ്ങളാണു് കൊടുത്തിട്ടുള്ളതു്;

(സി) സംസ്ഥാനത്തു് ആകെ എത്രായിരം ഏക്കർ കൃഷി വിളവുനാശം ബാധിച്ചിട്ടുണ്ടു്;

(ഡി) ലിഫ്‌ററു് ഇറിഗേഷനും, മൈനർ ഇറിഗേഷനും പദ്ധതികൾകൊണ്ടുമാത്രം എത്രായിരം ഏക്കർ കൃഷി വിളവുനാശത്തിൽനിന്നു് രക്ഷിക്കുവാൻ കഴിയുമെന്നു് കണക്കാക്കപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ) മിക്കവാറും എല്ലാ താലൂക്കുകളിലും പ്രത്യേകിച്ചു് തെക്കൻ തിരുവിതാംകൂറിൽ വിളവങ്കോടു്, കൽക്കുളം, അഗസ്തീശ്വരം, തോവാള എന്നീ താലൂക്കുകളിലും, തൃശ്ശൂർ ഡിസ്ട്രിക്ടിൽ ചിററൂർ, തലപ്പിള്ളി എന്നീ താലൂക്കുകളിലും സാരമായി വിളവുനാശം ഉണ്ടായിട്ടുണ്ടു്.

(ബി) മേൽപ്പറഞ്ഞ എല്ലാ താലൂക്കുകളിലും ലെവിയിൽ കുറവു വരുത്തുന്നതിനും, ചിററൂരിലും, തലപ്പിള്ളിയിലും കരം ഇളവു ചെയ്യുന്നതിനും, തോവാള, അഗസ്തീശ്വരം, കൽക്കുളം ഈ താലൂക്കുകളിൽ വെള്ള

ക്കരം കഴിവാക്കുന്നതിനും, കൃഷിയിൽ നെല്ല് കിട്ടാത്തവർക്ക് റേഷൻ കാർഡുകൾ വിതരണം ചെയ്യുന്നതിനും ഏർപ്പാട് ചെയ്തു. കൂടാതെ ഉണക്ക ബാധിച്ച തെക്കൻ താലൂക്കുകളിലും, വളം സൗജന്യനിരക്കിൽ വിതരണം ചെയ്യുന്നതിനും, കൃഷിത്തൊഴിലാളികളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് പി. ഡബ്ലിയു. ഡി. യിൽ നിന്നും ഏതാനും പണികൾ തുടങ്ങുന്നതിനും നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(സി) ശരിയായിട്ടുള്ള കണക്കുകൾ കിട്ടിയിട്ടില്ല.

(ഡി) അപ്രകാരം കണക്കാക്കിയിട്ടില്ല.

Sanskrit.

122. (6) **Shri R. Kesava Pillai :** Will the Minister for Education be pleased to state :

(*a*) the number of High schools in the State where Sanskrit is made a compulsory subject, to be taught in each class ;

(*b*) the number of applications received from individuals or institutions to remove such restrictions ; and

(*c*) the number of such applications allowed ?

Answer.

(*a*) 16.

(*b*) 11.

(*c*) Nil.

Undertrial prisoners.

123. (7) **Shri C. Shankar :** Will the Minister for Home Affairs be pleased to state :

(*a*) the total number of undertrial prisoners kept in custody in the police lock-ups of the State at the close of the year 1952 ;

(*b*) the respective number of undertrial prisoners that have been in police lock-ups for not less than (1) one year (2) two years (3) three years ; and

(*c*) what daily allowance and other amenities are sanctioned for each undertrial ?

Answer.

(*a*) 631 under-trial prisoners.

(*b*) (1) 96, (2) 19, and (3) 10.

(*c*) Daily allowance of Rs. 1—4—0 is sanctioned for each undertrial prisoner. Other amenities given are medical aid, oil bath once a week, supply of soap, mats and clothing, hair cutting and shaving once in a month.

Industrial disputes.

124. (9) **Shri A. Samraj :** Will the Minister for Finance and Civil Supplies be pleased to state :

(*a*) the number of industrial disputes that arose in 1952 to 1953 in the State ;

(*b*) how many were settled ; and

(*c*) how many were left for adjudication.

Answer.

(*a*) 4,065.

(*b*) 2,599.

(*c*) 51.

Special Commissioners in Courts.

125. (10) **Shri O. C. Ninan :** Will the Minister for Home Affairs be pleased to state :

(*a*) who appoints the so-called Special Commissioners in Courts ; and

(*b*) what are their qualifications ?

Answer.

(*a*) They are appointed by the District Judges in District Courts and by the Munsiffs in the Munsiffs Courts.

(*b*) The attention of the Member is invited to Rules 108 and 109 of the Civil Courts Guide.

Handloom weaving factories.

126. (11) **Shri C. Shankar :** Will the Minister for Labour be pleased to state :

(*a*) the number of handloom weaving factories registered in the years 1951 and 1952 respectively in the Agasteeswaram taluk and the total number of workers the licence had been given for ; and

(*b*) the number of factories that have renewed their registration in 1953 and the number of workers that have been given licence for ?

Answer.

(*a*) (*i*) No. of handloom weaving factories registered in 1951 ; 17.

(*ii*) Total No. of workers according to figures in the licence : 360.

(*iii*) No. of handloom weaving factories registered in 1952 : 3.

(*iv*) Total number of workers according to figures in the licence : 250.

(*b*) (*i*) No. of factories that have renewed their registration in 1953 : 1.

(*ii*) No. of workers for whom licence has been given : 250.

കൊച്ചിൻ പാട്ടറീസ്.

൧൨൧. [൧൩] ശ്രീ. സി. അച്യുതമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൾസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി-കൊച്ചിൻ പാട്ടറീസ് പൂട്ടിയിട്ടുള്ളത് എന്നു മുതൽ; എത്ര കാലത്തേയ്ക്കു;

(ബി) പൂട്ടുമ്പോൾ എത്ര തൊഴിലാളികൾ അവിടെ ജോലി ചെയ്തിരുന്നു;

(സി) പൂട്ടാൻ കാരണമെന്തു;

(ഡി) പൂട്ടുമ്പോൾ തൊഴിലാളികൾക്ക് എന്തെങ്കിലും തൊഴിലില്ലായ്മ വേതനമോ മററാനുകൂല്യമോ അനുവദിച്ചിരുന്നോ; ഉണ്ടെങ്കിൽ എന്തു;

(ഇ) കൊച്ചി ഗവണ്മെൻറും പാട്ടറീസ് മാനേജുമെൻറും തമ്മിലുള്ള കരാറിലെ വ്യവസ്ഥകൾ എന്തെല്ലാം?

ഉത്തരം.

(എ) ൨·൧·൧൯൫൨ മുതൽ താൽക്കാലികമായി അനിശ്ചിത കാലത്തേയ്ക്കാണു പൂട്ടിയിട്ടുള്ളതു.

(ബി) ൧൦൫.

(സി) വ്യവസായമാന്ദ്യംമൂലം കമ്പനിയിൽ ഉണ്ടാക്കുന്ന സാധനങ്ങൾക്ക് ചെലവില്ലാതെ വന്നതുകൊണ്ടു.

(ഡി) ഇല്ല.

(ഇ) കരാറിലെ വ്യവസ്ഥകൾ മേശപ്പുറത്തു വച്ചിട്ടുണ്ടു. †

പോലീസ് മർദ്ദനം.

൧൨൨. [൧൫] ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† Please see Appendix II.

(എ) നെടുമങ്ങാട്ടുതാലൂക്കിലെ ഒരു പ്രധാന രാഷ്ട്രീയ പ്രവർത്തകനായ സഖാവ് കാട്ടാക്കട ബാലകൃഷ്ണൻ നായരെയും മററു ഏതാനും പൊതുജനപ്രവർത്തകരെയും കാട്ടാക്കട പോലീസ് സബ്ബ് ഇൻസ്പെക്ടർ ആത്മാറാമും ഏതാനും മററു പോലീസുകാരുംകൂടി കഠോരമായി മർദ്ദിച്ചതു സംബന്ധിച്ച് എന്തെങ്കിലും പരാതി ഗവണ്മെൻറിന് കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിന്മേൽ എന്തു നടപടി എടുത്തു?

ഉത്തരം

(എ) അങ്ങനെ മർദ്ദിച്ചതായി പരാതി കിട്ടിയിട്ടുണ്ട്.

(ബി) വേണ്ട അന്വേഷണങ്ങൾ നടത്തി. പരാതി അടിസ്ഥാനരഹിതമാണെന്ന് തെളിഞ്ഞു.

Seed Bulls.

129. (16) **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) how many good varieties of seed bulls are kept by the Government for public use ;

(*b*) what are the places where the seed bulls are kept by Government ;

(*c*) what is the total amount spent by Government for giving grants for seed bulls and at what places ;

(*d*) for what all varieties grants are given ;

(*e*) what is the maximum amount given as grant for keeping one stud bull ; and

(*f*) who approves these seed bulls ?

Answer.

(*a*) 50 bulls and 9 buffaloes.

(b) Seed bulls are stationed at the following places:

(1) Neyyatinkara.
(2) Trivandrum.
(3) Thirumala.
(4) Kodappanakunnu.
(5) Nedumangad.
(6) Attingal.
(7) Quilon.
(8) Mavelikkara.
(9) Kottayam.
(10) Perumpavoor.
(11) Wadakkancherry.

(12) Livestock Farm, Ollukkara.
(13) Panancherry.
(14) Vadavucode.
(15) Arthat.

Seed buffaloes are stationed at the following places :

(1) Ollukkara.
(2) Panancherry.
(3) Kattakampal,
(4) Ernakulam.
(5) Thirumala & Kodappanakkunnu.

(*c*) An amount of Rs. 5,000 is spent annually for this purpose. Grants are given to the owners of good bulls in different parts of the State who maintain the animals according to the rules prescribed by Government. The owners and localities are not the same every year and so the places cannot be specified.

(*d*) Grants are given for the following breeds and their cross breeds:

(1) Sindhi and Kangayam bulls.
(2) Murrah buffaloes.
(3) Surti and Jumnapari bucks.

(*e*) Rs. 150 for a stud bull of pure breed.

(*f*) The Director of Animal Husbandry.

Integration of Services.

130. (17) **Dr. P. T. Thomas :** Will the Chief Minister be pleased to state :

(*a*) why the integration of the services personnel is delayed ;

(*b*) why steps are not taken to finish this work immediately ; and

(*c*) when Government hope to get this work through ?

Answer.

(*a*) Due to the delicate and complicated nature of the problem.

(*b*) The work is in full swing. Some departments have been completed.

(*c*) As early as possible—probably in six months more.

Magistrate's Court at Kuthattukulam.

131. (18) **Shri M. V. Cheriyan :** Will the Minister for Home Affairs be pleased to state ;

(*a*) is there any proposal before the Government for establishing a Magistrate's Court at Kuthattukulam ;

(*b*) is there any recommendation from the District Magistrate, Kottayam, for the above ; and

(*c*) do the Government propose to implement the same ?

Answer.

(*a*) Yes.

(*b*) Yes.

(*c*) Yes.

Almanac and Directory.

132. (21) **Shri O. C. Ninan :** Will the Chief Minister be pleased to state :

(*a*) is the Government publishing Almanac and Directory ;

(*b*) who is responsible for the publication of the same ; and

(*c*) when was it last published ?

Answer.

(*a*) Government are not publishing a book titled "Alamanac and Directory." But the Malayalam Almanac is being published every year. No Directory is published at present.

(*b*) Government are responsible for the publication of the "Malayalam Almanac" and the Directory.

(*c*) Malayalam Almanac was last published in 1952. Part of the Travancore Directory was last published in 1949 and Part II in 1939.

പോലീസ് സ്റ്റേഷൻ.

൧൩൩. [൨൭] ശ്രീ. പി. എസ്സ്. വാസുദേവൻപിള്ള : താഴെ പറയുന്ന ചോദ്യങ്ങൾക്ക് അഭ്യന്തരകാര്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തളത്തേയ്ക്കു ഒരു ചാർജിംഗ് പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുമോ ?

ഉത്തരം

(എ) പന്തളം ഔട്ട്പോസ്റ്റ് ചാർജിംഗ് സ്റ്റേഷനാക്കുന്ന കാര്യം ഗവണ്മെന്റിന്റെ ആലോചനയിൽ ഇരിക്കുകയാണ്.

(ബി) ഉത്തരം ആവശ്യമില്ല.

കയർവ്യവസായത്തകർച്ച.

൫൩൪. [൨൧] ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും സിവിൽസപ്ലൈസുംവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ-കൊച്ചിയിലെ കയർ വ്യവസായത്തകർച്ച പരിഹരിക്കാനുള്ള ഗവണ്മെൻറിൻെറ പദ്ധതികളെന്തെല്ലാമാണ്;

(ബി) ഈ പദ്ധതികൾ എവിടെയെല്ലാം നടപ്പാക്കിയിട്ടുണ്ട്;

(സി) തിരുവിതാംകൂർ-കൊച്ചിയിൽ ആകെ എത്ര കയർ സഹകരണസംഘങ്ങൾ ഉണ്ട്; പറവൂർ താലൂക്കിൽ എത്ര; എത്ര തുക ഈ സംഘങ്ങൾക്ക് വായ്പകൊടുത്തിട്ടുണ്ട്; പറവൂർ താലൂക്കിലെത്ര;

(ഡി) ഈ വായ്പകൾ ഏതടിസ്ഥാനത്തിൽ എന്തു വ്യവസ്ഥയിലാണ് കൊടുത്തിരിക്കുന്നതു്?

ഉത്തരം

(എ) പച്ചത്തൊണ്ടിൽ നിന്നും ചകിരിയും കയറും ഉൽപ്പാദിപ്പിക്കുന്ന ഘട്ടംവരെയുള്ള കുടിൽ വ്യവസായപ്രാധാന്യമായ കയർ വ്യവസായത്തെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചു വേണ്ട ധനസഹായം ചെയ്തു പ്രോത്സാഹിപ്പിക്കുക, ഫാക്ടറി വ്യവസായമായ കയർ മാററ്സ്, മാററിംഗ്സ് മുതലായ ഉൽപ്പാദനത്തെ ചെലവിനുതക്കതും തോതിനും ഒത്തുമായ വിധത്തിൽ നിയന്ത്രിക്കുക, ഇൻഡ്യയ്ക്കകത്തും വെളിയിലും കയറിനും കയറുൽപ്പന്നങ്ങൾക്കും കൂടുതൽ വിപണികൾ കണ്ടുപിടിക്കുക ഇവയാണ്.

(ബി) സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കാനുള്ള പദ്ധതി പ്രകാരം കൊടുങ്ങല്ലൂർ, തൃശ്ശൂർ, മുകുന്ദപുരം, കൊച്ചി-കണയന്നൂർ, പറവൂർ, ചേർത്തല, അമ്പലപ്പുഴ, വൈക്കം, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, കൊല്ലം, ചിറയിൻകീഴ്, തിരുവനന്തപുരം, നെയ്യാററിൻകര എന്നീ താലൂക്കുകളിൽ സഹകരണസംഘങ്ങൾ സ്ഥാപിച്ചു നടപ്പാക്കി വരുന്നു. മററു താലൂക്കുകളിലെ കയർ വ്യവസായ പ്രാധാന്യമായ സ്ഥലങ്ങളിലും ഈ പദ്ധതി തുടന്നു നടത്തുന്നതാണ്. മററു രണ്ടു പദ്ധതിപ്രകാരം ഇൻഡ്യാ ഗവണ്മെൻറിനോട് വേണ്ടതു ചെയ്യാൻ അപേക്ഷിക്കുകയും തൽഫലമായി കയറിനെയും കയറുൽപ്പന്നങ്ങളേയും ഇററലി ഫിൽലണ്ട്, നാർവേ, ആസ്ട്രീയ, ജമ്മനി, ബർമ്മ, ഹംഗേറി മുതലായ വിദേശരാജ്യങ്ങളുമായുള്ള ഉടമ്പടികളിൽ കൊള്ളിക്കുകയും ചെയ്തു. ഒരു കയർ ബോർഡ് രൂപീകരിക്കുവാൻ വേണ്ട നടപടികൾ കേന്ദ്രഗവണ്മെൻറ് കൈക്കൊണ്ടു വരികയാണ്.

(സി) ൩൦. പറവൂർതാലൂക്കിൽ ഒരെണ്ണം. പദ്ധതിപ്രകാരം വായ്പ ഒരു സംഘത്തിനും കൊടുത്തിട്ടില്ല. ഗ്രാൻറു കൊടുത്തിട്ടുണ്ട്.

(ഡി) സിയുടെ ഉത്തരംകൊണ്ട് ചോദ്യം ഉദിക്കുന്നില്ല.

[12 NOON]

ADJOURNMENT MOTION *RE* EX-STATE EMPLOYEES OF THE INCOME-TAX DEPARTMENT.

Mr. Speaker : Order, order. I have received notice of an adjournment Motion. Has the Hon. Minister got to say anything on it?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിലെ ലോവർഗ്രേഡ് ഡിവിഷനിലുള്ള കുറെ ക്ലാർക്കന്മാരെ അന്യസ്ഥലങ്ങളിലേക്ക് സ്ഥലംമാററിയിരിക്കുന്നതുകൊണ്ട് അവർക്ക് നേരിട്ടിട്ടുള്ള അസൗകര്യങ്ങളെ സംബന്ധിച്ച് ഈ ഗവണ്മെൻറ് ഉടനടി നടപടികൾ നടത്തണമെന്നുള്ളതാണ് ശ്രീ. കുഞ്ഞൻനാടാരുടെ അടിയന്തിരപ്രമേയം. ഈ ഗവണ്മെൻറിൽനിന്നും സെൻട്രൽ ഗവണ്മെൻറിലേക്ക് എടുത്തിട്ടുള്ള ഉദ്യോഗസ്ഥന്മാരെ സംബന്ധിച്ച് യാതൊരധികാരവും ഈ ഗവണ്മെൻറിനില്ല. ഇൻകംടാക്സ്, കസ്റ്റംസ് മുതലായ ഡിപ്പാർട്ടുമെൻറുകളിൽ ജോലി ചെയ്തിരുന്നവരെ സെൻട്രൽ ഗവണ്മെൻറ് എടുത്തതിനുശേഷം അവർക്ക് നേരിട്ടിട്ടുള്ള ബുദ്ധിമുട്ടുകൾ അതായത്, ശമ്പളത്തിൽ കേന്ദ്രസ്കെയിൽ അനുസരിച്ചുവന്നിട്ടുള്ള സാരമായ കുറവ് പരിഹരിച്ചുകിട്ടേണ്ടതാണെന്നു പല നിവേദനങ്ങളും ഗവണ്മെൻറിനു കിട്ടിയതുകൊണ്ട് ഈവക സംഗതികൾക്ക് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി കഴിഞ്ഞ നിയമസഭയിൽ ഞാൻതന്നെ ഒരു മോഷൻ അവതരിപ്പിച്ചു വാദപ്രതിവാദം നടത്തുകയും അതിന്മേലുണ്ടായിട്ടുള്ള സകല നടപടികളും സെൻട്രൽ ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. അതു കഴിഞ്ഞു് ഇവിടത്തെ മുഖ്യമന്ത്രിയും ഹോംമന്ത്രിയും ധനകാര്യമന്ത്രിയും ഡെൽഹിയിൽ പോയിരുന്നപ്പോൾ ഈ കാര്യത്തെ സംബന്ധിച്ച് ശുപാർശചെയ്കയും അതിൻെറ ഫലമായി സെൻട്രൽ ഗവണ്മെൻറിൽനിന്നും ഒരു മി. കൃഷ്ണമൂർത്തിയെ ഇങ്ങോട്ടയയ്ക്കുകയും, അദ്ദേഹം ഏകദേശം രണ്ടു മാസത്തിനുമുമ്പ് ഇവിടെ വരുകയും അദ്ദേഹവുമായി ഇതേപ്പററി വേണ്ടവണ്ണം ചർച്ച നടത്തുകയും ഉണ്ടായി. അദ്ദേഹം ഈ ജീവനക്കാർക്ക് നേരിട്ടിരിക്കുന്ന സങ്കടങ്ങൾക്ക് കഴിയുന്നത്ര പരിഹാരമുണ്ടാക്കാൻ ശ്രമിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവരെ യാതൊരു നടപടികളും നടത്തിയിട്ടില്ലയെന്നുള്ളതു വാസ്തവം തന്നെ. ഇപ്പോൾ ൪൬ ക്ലാർക്കന്മാരെയാണ് മൈസൂർ, മദ്ധ്യപ്രദേശ് സൗരാഷ്ട്രം എന്നിവിടങ്ങളിലേക്ക് സ്ഥലം മാററിയിട്ടുള്ളതു്. പ്രതിമാസം ൭൫ രൂപ മാത്രമെ ശമ്പളം അവർക്ക് കിട്ടുന്നുള്ളു എന്നും അതു് തീരെ മതിയാകുന്ന ഒരു തുകയല്ലെന്നും അതുകൊണ്ട് ഈ ഗവണ്മെൻറ് കാര്യമായ നടപടികൾ കൈക്കൊള്ളണമെന്നുമാണ് ഈ അടിയന്തിരപ്രമേയത്തിൻെറ ഉള്ളടക്കം. എന്നാൽ, ഇത്രയും നടപടികൾ ഈ കാര്യത്തെ സംബന്ധിച്ച് ഈ ഗവണ്മെൻറ് നടത്തിയിരിക്കെ അതിന്മേൽ യാതൊരു തീരുമാനവും എടുത്തിട്ടില്ലെന്നു മനസ്സിലായതിൻെറ ഫലമായി, ഇവിടത്തെ ചീഫ്സെക്രട്ടറി സ്റ്റേററ് മിനിസ്ട്രിയിലെ ഫിനാൻഷ്യൽ സെക്രട്ടറിക്ക് വിശദമായി ഒരു കത്തയയ്ക്കുകയുണ്ടായി. അതിനുശേഷം സ്റ്റേററമിനിസ്ട്രിയിലെ ശ്രീ. വെങ്കിടാചാരിയോട് ഞാൻ

ഫോൺ മുഖേന ഇന്നലെ സംസാരിച്ചിട്ടും ഉണ്ട്. ഉടനടി അതിലേക്ക് വേണ്ട നടപടികൾ നടത്തണമെന്ന് നിർബന്ധമായി ഞാൻ ആവശ്യപ്പെട്ടിട്ടുണ്ട്. സെൻട്രൽ ഗവൺമെന്റിനെക്കൊണ്ട് ചെയ്യാൻ സാധിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ചെയ്യുവാൻ ശ്രമിക്കാമെന്നു അദ്ദേഹം ഉറപ്പുതന്നിട്ടുണ്ട്. ആ സ്ഥിതിക്ക് ഈ അടിയന്തിരപ്രമേയത്തിന്റെ ആവശ്യമുണ്ടോയെന്നു സംശയിക്കുന്നു. ഇത്രമാത്രമെ ഈ കാര്യം സംബന്ധിച്ച് എനിക്കു പറയുവാനുള്ളു.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഇതു സംബന്ധിച്ച് സെൻട്രൽ ഗവൺമെന്റിന് ചെയ്യാൻ കഴിവുള്ള എല്ലാ സഹായങ്ങളും ഉടനടി ചെയ്യുമെന്നാണോ മനസ്സിലാക്കേണ്ടതു്?

ശ്രീ. എ. ജെ. ജാൺ: ഇന്നലെയും ഈ കാര്യം സംബന്ധിച്ച് ശ്രീ. വെങ്കിടാചാരിയോട് ഫോൺമുഖാന്തിരം ഞാൻ സംസാരിക്കുകയുണ്ടായി. അദ്ദേഹം അതിനുവേണ്ടി പറഞ്ഞിട്ടുള്ളതു് അനുകൂലമായ ഒരു മറുപടിയാണ്.

ശ്രീ. എ. കുഞ്ഞൻ നാടാർ: അന്യസ്ഥലങ്ങളിൽ ജോലിക്കു പോയിരിക്കുന്ന ഈ ജീവനക്കാർക്ക് കിട്ടുന്ന തുച്ഛശമ്പളംകൊണ്ട് ചിലവിനുപോലും മതിയാകാതെ വളരെ ബുദ്ധിമുട്ടുന്നു എന്നറിയാമോ?

ശ്രീ. എ. ജെ. ജാൺ: വളരെ ബുദ്ധിമുട്ടുന്നുണ്ട്.

ശ്രീ. നെടുമങ്ങാട് ആർ. കേശവൻ നായർ: ഈ ഗവൺമെന്റിൽ നിന്നും ഇവരെ സെൻട്രൽ ഗവൺമെന്റിലേക്കെടുത്തിട്ടുള്ളതു് അവരുടെ സമ്മതത്തോടുകൂടിയാണോ?

ശ്രീ. എ. ജെ. ജാൺ: സമ്മതത്തോടുകൂടിയാണെന്നു തോന്നുന്നില്ല. അതിന്റെ ഡീറ്റെയിൽസൊന്നും ഇപ്പോൾ പറയാൻ ഉദ്ദേശിക്കുന്നില്ല.

MESSAGE FROM H. H. THE RAJPRAMUKH

Mr. Speaker : I have to report to the House the message received from the Rajpramukh for the Motion of Thanks submitted by the Speaker under Rule 15 :

> *"I have great satisfaction for your resolution of Thanks for the Address with which I opened the present Session of the Legislature on the 25th February 1953."*

Shri A. Kunjan Nadar : A point of order, Sir.

എന്റെ അടിയന്തിരപ്രമേയത്തെസംബന്ധിച്ചു എന്തവസാനതീരുമാനമാണ് കൈക്കൊണ്ടതു് എന്നു പറഞ്ഞില്ലല്ലൊ.

Mr. Speaker : It has been disposed of.

Shri Nedumangad R. Kesavan Nair : Sir, we were not told who sent the adjournment motion.

Mr. Speaker : Shri A. Kunjan Nadar.

RESOLUTIONS ON MATTERS OF GENERAL PUBLIC INTEREST

Resolution regarding Plantation Labour Act, 1951.

Shri Prakkulam Bhasi : I move :

"This House views with grave concern the inordinate delay shown by the Travancore-Cochin Government in implementing the Plantation Labour Act 1951 of the Government of India and resolves that the said Act be enforced in this State immediately."

Shri Panampilli Govinda Menon : I may point out to you, Sir, that I consider that this resolution in the form in which it is given, is one which ought not to be discussed in this House, because a resolution is a recommendation to the Government. Here it is stated that "this House views with grave concern the inordinate delay shown by the Travancore-Cochin Government in implementing the Plantation Labour Act, etc." This Act is one passed by the Central Legislature which is to come into force throughout India on such date as the Central Government may notify. It cannot be enforced in Travancore-Cochin alone. That is, you cannot enforce it in any particular area in India alone. Again it is for the Central Government to enforce it. I may state here for the information of the House that the Central Government have already published the rules under the Act and my information is that as soon as the rules are finalised, the Act will come into force. Therefore, I would respectfully submit to the House and the mover of the resolution that any resolution viewing with concern the conduct on the part of the Travancore-Cochin Government in connection with the matter is out of order, because there is nothing which this Government can do with respect to the subject of this resolution. As a matter of fact, when the Plantation Conference met recently in Calcutta, the question of the implementation of the Plantation Act was on the agenda and the views forwarded by this Government were that the plantation Act should be forthwith implemented. In these circumstances, Sir, I would respectfully submit that this resolution should not be discussed here.

Mr. Speaker : The latter part of the resolution urges that the said Act be enforced in this State immediately. That is the resolution. From the statement made by the hon. Minister, it is clear that it is no responsibility of this Government, either to enforce this Act or to get the censure contemplated under this resolution. In these circumstances, I find no purpose will be served by discussing this resolution. The resolution is ruled out of order.

Shri M. Gopalan Nair : A point of order was raised, and before the Speaker made his ruling, the other side should have been heard. That has not been done in this matter.

Mr. Speaker : I am glad that the hon. Member raised this question. I may make use of this opportunity to tell the House that the Speaker is not bound to hear any Member on any point of order. Of course the Leader of the House has certain rights which are not available to every back bench Member of the House. And out of courtesy and according to practice the Leader of the Opposition has been given certain liberty and privilege. These we have to establish by precedents. The Speaker on such occasions is not bound to listen to every Member of the House. The House is not a place where everybody is equal and everybody can talk on everything. So if the Speaker is clear about a point of order he can straightaway give the ruling on it without consulting or hearing any one.

The next resolution stands in the name of Shri Chengarapalli P. Narayanan Potti.

Resolution re. Communal Organisations

ശ്രീ. വാസുദേവൻപിള്ള: എനിക്ക് ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോററിയുടെ റെസലൃഷനെ സംബന്ധിച്ച് ഒരു കാര്യം വ്യക്തമാക്കാനുണ്ട്. ഈ റെസലൂഷൻ ഇൻഡ്യൻ കാൺസ്റ്റിററ്യൂഷനെ സംബന്ധിച്ചിടത്തോളം അതിന്റെ ഫണ്ടമെൻറൽ റൈററ്സിനു വിപരീതമാണ്. ഏങ്ങനെയാണ് വിപരീതമാണെന്നുള്ളത് ഞാൻ സ്പഷ്ടമാക്കാം. സെക്ഷൻ (൧൯)-ൽ പറയുന്നതു ഇപ്രകാരമാണ്:—

"19. (1) All citizens shall have the right:—
(a) to freedom of speech and expression ;
(b) to assemble peaceably and without arms;
(c) to form associations or unions"

ഈ വ്യവസ്ഥപ്രകാരം ഈ സംസ്ഥാനത്തുള്ള ആളുകൾക്ക് സാമുദായികമായി സംഘടിക്കാനും സംബന്ധിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ട്. അതിനെ നിയന്ത്രിക്കുന്നതിന് ഒരു സബ്ക്ലാസും ഉണ്ട്. അതാണ് സബ്ക്ലാസ് ൪. ഈ ക്ലാസനുസരിച്ചും മുൻപു നിലവിലിരുന്നിട്ടുള്ള ഇൻഡ്യയിലെ സാമുദായികസംഘടനകളെ ഇല്ലാതാക്കാൻ നിയമം അനുവദിച്ചിട്ടില്ലെന്നു കാണാം. സബ്ക്ലാസ് ൪ അനുസരിച്ച് സംഘടിക്കാനുള്ള അവകാശം കൊടുത്തിട്ടുണ്ട്. പിന്നീട് അതിനെ അനുബന്ധിക്കുന്ന വേറൊരു സെക്ഷൻ ഉണ്ട്. അതു് സെക്ഷൻ ൨൬ ആണ്. അതിൽ പറയുന്നതു് ഇങ്ങനെയാണ്:—

"26. Subject to public order, morality and health, every religious denomination or any section thereof shall have the right:—

(a) to establish and maintain institutions for religious and charitable purposes;

(b) to manage its own affairs in matters of religion;

(c) to own and acquire movable and immovable property; and

(d) to administer such property in accordance with law."

ഈ വകുപ്പനുസരിച്ചു നോക്കുകയാണെങ്കിൽ ഈ സംഘടനകൾക്കു് വസ്തുക്കൾ സമ്പാദിക്കാനും അവയെ നിയന്ത്രിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ടു്. അങ്ങനെ സമ്പാദിക്കുന്ന വസ്തുക്കളും സ്വത്തുക്കളും നിയന്ത്രിക്കാൻ മാത്രമല്ല, ഭരിക്കാനും ഉള്ള അവകാശം കൊടുത്തിട്ടുണ്ടു്. ഈ സംഘങ്ങളുടെ ഉത്ഭവംകൊണ്ടു രാജ്യത്തിനാകമാനം പല ഗുണങ്ങളും ഉണ്ടായിട്ടുണ്ടെന്നുള്ള വസ്തുത നമുക്കു വിസ്മരിക്കാൻ പാടുള്ളതല്ല. അങ്ങനെയിരിക്കെ, ഒരു നിയമംമൂലം ഈ സംഘടനകൾ ഇല്ലാതാക്കണമെന്നു പറയുന്നതു് ഔട്ട്ഓഫ് ആർഡറാണു്. നിലവിലിരിക്കുന്ന നിയമം ഈ റസലൂഷനു് വിരുദ്ധമാണു്. അതുകൊണ്ടു് ഈ റസലൂഷൻ ഒരു കാരണവശാലും ചർച്ചാവിഷയമാക്കാൻ പാടില്ലെന്നാണു് എന്റെ അഭിപ്രായം.

Mr. Speaker : Now, has any Member to contribute to the point of order raised?

ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻപോറ്റി : സർ, ഈ പോയിന്റ് ഓഫ് ഓർഡറിന്റെ സാങ്കേതികവശങ്ങളെക്കുറിച്ചു് എനിക്കു് അധികമൊന്നും സംസാരിക്കുവാനില്ല. പക്ഷെ പൊതുവായി നമ്മുടെ സമുദായത്തിൽ ജാതികളും ജാതിചിന്തകളും ജാതിവിഭാഗങ്ങളും മതചിന്തകളും വരുത്തിവെച്ച വിനകളെക്കുറിച്ചു് ചർച്ചചെയ്യണം എന്നു് ഉദ്ദേശിച്ചുകൊണ്ടാണു് ഞാൻ ഈ പ്രമേയം അവതരിപ്പിക്കുവാൻ തയാറായതു്. ൧൯൫൮ ഫെബ്രുവരിയിൽ കോൺസ്റ്റിറ്റ്യുവന്റ് അസംബ്ലിയുടെ ലജിസ്ലേറ്റീവ് സമ്മേളനത്തിൽ ശ്രീമാൻ. ആർ. ആർ. ദിവാകർ അവതരിപ്പിച്ച പ്രമേയം എന്റെ ഈ പ്രമേയത്തിനു് ആധാരഭൂതമായിട്ടുണ്ടു്. ആ പ്രമേയത്തിൽ അദ്ദേഹം ഉദ്ദേശിച്ചിരുന്നതു് ഗവണ്മെന്റ് റിക്കാർഡുകളിലും ആധാരങ്ങളിലും മതത്തിന്റെയോ ജാതിയുടേയൊ പേർ സംഘടിപ്പിക്കരുതു് എന്നായിരുന്നു. ആ ഉദ്ദേശമാണു് ഈ പ്രമേയത്തിന്റെ കർത്താവായ എനിക്കും ഉണ്ടായിരുന്നതു്. ഇതിന്റെ നിയമവശത്തേയും സാങ്കേതികവശത്തേയുംകുറിച്ചു് ഒരു തീരുമാനം കല്പിക്കേണ്ടതു് അങ്ങാണു്. അതിനെക്കുറിച്ചു് എനിക്കു ഒന്നും പറയുവാനില്ല. ഇത്രേ എനിക്കു പറയുവാനുള്ളു.

Mr. Speaker : Has the hon. Minister in charge of Law anything to say in the matter?

Shri Panampilli Govinda Menon : I do not think that this resolution is out of order. This is a recommendation made to this Government to enact a certain legislation declaring certain kinds of organisations as illegal. The point raised by the hon. Member for Pathanamthitta will be an answer to this Government's inability to

enact the legislation on account of certain provisions in the Constitution. The resolution itself, I do not consider, will be out of order. But I feel that there would be some difficulty on account of certain provisions in the Constitution for Government to accept it, however good the views contained in the resolution are. That is my view.

Mr. Speaker : I do not think that the provisions in the Chapter on Fundamental Rights stand in the way of allowing this resolution being discussed in this House. Whether in view of the provisions contained in the Chapter Government would be in a position to enforce that resolution if adopted by this House, is quite a different matter. Anyhow, the resolution could be discussed. Therefore, I hold that the resolution is in order.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : സർ, താഴെ പറയുന്ന പ്രമേയം ഈ സഭയുടെ അംഗീകാരത്തിനായി ഞാൻ സമർപ്പിച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടേയോ, ജാതിവിഭാഗങ്ങളുടേയോ പേരിനോടു ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു."

സർ, ഈ പ്രമേയം അവതരിപ്പിക്കുമ്പോൾ നമ്മുടെ ഇടയിൽ ജാതിയിലും ജാതിസമ്പ്രദായത്തിലും വളരെനാൾ നീണ്ടുനിന്ന സാമൂഹ്യവും സാർവത്രികവുമായ ചരിത്രമാണ് നമ്മുടെ ഹൃദയത്തിൽ ആദ്യമായി ഓർമ്മയിൽ വരുന്നതു്. "ചാതുർവർണ്യം മയാ സൃഷ്ടം" എന്നുള്ള ഗീതയിലെ വാക്കുകളും ജാതികളെല്ലാം സൃഷ്ടിച്ചതു് പരശുരാമനാണ് എന്നുള്ള ഐതിഹ്യങ്ങളും വിശ്വാസങ്ങളും എല്ലാം ഈ സന്ദർഭത്തിൽ നമ്മുടെ മനസ്സിൽ ഉണ്ടാകുന്നുണ്ടു്. ഏതു വിധത്തിൽ പറഞ്ഞാലും

ശ്രീ. പി. സദാശിവൻപിള്ള : ഈ പ്രമേയംകൊണ്ടു് നിലവിലുള്ള സമുദായസംഘടനകൾമാത്രം നിരോധിച്ചാൽ മതിയെന്നാണോ ഉദ്ദേശിക്കുന്നതു് ? ഭാവിയിലുണ്ടാകുന്ന സമുദായസംഘടനകളെയും നിരോധിക്കണമെന്നു് ഉദ്ദേശമുണ്ടോ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : നിലവിലുള്ള സാമുദായിക സംഘടനകൊണ്ടു് ഉണ്ടായിട്ടുള്ള കുഴപ്പങ്ങൾ എന്തെല്ലാമാണെന്നു എനിക്കു അറിവുള്ളതു പറയാമെന്നല്ലാതെ ഭാവിയിൽ വരുന്ന കാര്യങ്ങളെപ്പററി ഞാൻ ഒന്നും പറയുന്നില്ല. അതു് നിയമനിർമ്മാണം ചെയ്യുമ്പോൾ നിയമവിദഗ്ദ്ധന്മാർ നോക്കേണ്ട കാര്യമാണ്.

ശ്രീ. പി. സദാശിവൻപിള്ള : ഭാവിയിലുണ്ടാകുന്ന സമുദായസംഘടനകളെയും നിരോധിക്കേണ്ടതല്ലേ ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : എന്റെ അഭിപ്രായം പറയുവാനാണ് ഞാൻ ഇവിടെ നിൽക്കുന്നതു്. ബഹുമാനപ്പെട്ട മെംബർക്കു് സംസാരിക്കുന്നതിനു് സന്ദർഭം കിട്ടുമ്പോൾ ബഹുമാനപ്പെട്ട മെംബറുടെ അഭിപ്രായം പറയാവുന്നതാണ്.

വളരെ സങ്കീർണ്ണമായ ജാതിവ്യവസ്ഥകളും മതവ്യവസ്ഥകളും തിരുവിതാംകൂറിലും, കൊച്ചിയിലും, ഇപ്പോൾ തിരുവിതാംകൂർ-കൊച്ചിയിലും, കേരളത്തിലും എന്നല്ല ഇൻഡ്യയിൽ ആകമാനവും ഉണ്ടായിരുന്നു എന്ന് നമുക്കെല്ലാം അറിയാം. അതു് വലിയ ഒരു പ്രശ്നമായിട്ട് വളരെവളരെ നൂററാണ്ടുകൾകാലം നമ്മെ അലട്ടിയിരുന്നുവെന്നുള്ളതു് നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. എന്നാൽ ജാതിയെക്കുറിച്ചുള്ള വിചാരവും മതത്തെക്കുറിച്ചുള്ള വിചാരവും നമ്മുടെ ജീവിതപ്രശ്നത്തിൽ ഉൾപ്പെട്ടുതുടങ്ങിയതു് നമ്മെ വിദേശികൾ ഭരിച്ചുകൊണ്ടിരുന്ന കാലം മുതൽക്കാണ് എന്നുള്ളതു് ചരിത്രം വായിച്ചിട്ടുള്ള എല്ലാവർക്കും അറിയാവുന്നതാണ്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: ഈ പ്രമേയത്തിൽ മതാടിസ്ഥാനത്തിലുള്ള സംഘടനകൾ ഉൾപ്പെടുമോ; അതായതു് മുസ്ലീംലീഗ്, കത്തോലിക് അസോസിയേഷൻ മുതലായതു് ഉൾപ്പെടുമോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അതു് വളരെ ഡെലിക്കെററ ആയിട്ടുള്ള ഒരു ചോദ്യമാണ്.

ശ്രീ. പി. എസ്സ്. നടരാജപിള്ള: മുസ്ലീംലീഗ്, കത്തോലിക്ക് അസോസിയേഷൻ മുതലായ സംഘടനകൾ ജാതിസംഘടനകളാണെന്ന് വിവക്ഷിച്ചാൽ അതു് ഇതിൽ ഉൾപ്പെടുകയില്ലേ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: അതു് നിയമനിർമ്മാണം ചെയ്യുമ്പോൾ സംഘടനയെ സംബന്ധിച്ച ഡെഫിനിഷൻ കൊടുക്കുന്നതനുസരിച്ചിരിക്കും.

ശ്രീ. ഓ. സി. നൈനാൻ: പോററി എന്നുള്ളതു് ഒരു ജാതിനാമമാണോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: ജാതിനാമമായിരിക്കാം.

ശ്രീ. ഓ. സി. നൈനാൻ: പോററി എന്നു ഉപയോഗിക്കുന്നതിന് ഈ പ്രമേയം പാസായാൽ വിരോധമുണ്ടാകയില്ലേ?

Shri E. P. Varghese : On a point of order, Sir. I would like to know whether this House can resolve that Government should enact a legislation which constitutionally they cannot do. By passing this resolution, this House will be asking the Government to enact a legislation which constitutionally they are prevented from doing. Can we pass such a resolution ?

Mr. Speaker : That point of order itself is vague. Whether this House can resolve to do a thing which it is not competent to do, the House will decide.

Shri E. P. Varghese : Can this House resolve like that ?

Mr. Speaker : To resolve what? Is it the religious organisation that is proposed to be prevented by this resolution, is it communal organisation, is it caste organisation I do not know. The resolution

itself is very vague. The points of orders are also vague. I am aware of the provision regarding the fundamental rights, the rights of citizens ; right to form associations, the right to form religious organisations, etc. But I am at loss to know what exactly is meant by this resolution. That is the reason why I allowed this resolution to be discussed. Let us know what its purpose is.

ശ്രീ. എം. ഗോപാലൻനായർ: സാമുദായികസംഘടനകൾ—

Mr. Speaker : Will you kindly allow him to make his speech ? When he concludes his speech, probably he will be able to make it clear.

ശ്രീ. ടി. കെ. രാമചന്ദ്രദാസ്: സർ, നിലവിലുള്ള ജാതിവിഭാഗങ്ങളുടെ—

Mr. Speaker : You made several attempts. The hon. Member who is in possession refuses to yield. What is the meaning of pressing him further ? Mr. Potti, you may proceed.

ശ്രീ. ചെങ്ങമ്പരപ്പള്ളി പി. നാരായണൻപോററി: സർ, ഞാൻ പറഞ്ഞുവന്നത് നമ്മുടെ ജാതിവ്യവസ്ഥയും മതവ്യവസ്ഥകളും അനേക നൂററാണ്ടുകളായി നമ്മുടെ രാജ്യത്ത് നിലനിന്നിരുന്നു എന്നു വരികിലും അത് ഇന്നത്തെപ്പോലെ നമ്മുടെ നിത്യജീവിതത്തിൽ കടന്നുകൂടിയിരിക്കുന്ന ഒരു പ്രശ്നമായിരുന്നില്ല എന്നാണ്. വളരെ വളരെ നൂററാണ്ടുകൾക്ക് മുമ്പ് അതായത് ശ്രീകൃഷ്ണന്റെ കാലം മുതൽക്കും പരശുരാമന്റെ കാലംമുതൽക്കും വളരെ ജാതിവ്യവസ്ഥകൾ നമ്മുടെ രാജ്യത്ത് ഉണ്ടായിരുന്നുവെന്നുവരികിലും ഇന്നത്തെപ്പോലെ അതൊരു വലിയ പ്രശ്നമായി തീർന്നിരുന്നില്ല. ഇന്ന് എന്താണ് ഈ ജാതിവ്യവസ്ഥ നമ്മുടെ നിത്യജീവിതത്തിൽ ഒരു പ്രശ്നമായിതീരുവാൻ ഇടയായിട്ടുള്ളത് എന്നുള്ളതിനു സമാധാനമായി എനിക്ക് പറയാവുന്ന ചില സംഗതികൾ പറയാം. രാഷ്ട്രീയമായിട്ടുള്ള അധികാരം വേറെ ഒരു ജനതയിൽ അടിച്ചേൽപ്പിക്കുന്നതിനു വേണ്ടി വിദേശികൾ ഇവിടെ ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഇവിടെയുണ്ടായിരുന്ന ജനതയെ ഭിന്നിപ്പിക്കേണ്ടത് ആവശ്യമായിവന്നു. 1857-ലെ ശിപായി ലഹളയെ അനുബന്ധിച്ച് തുടങ്ങിയതാണ് ഇവിടത്തെ ഹിന്ദുമുസ്ലീം ഭിന്നിപ്പ്. അന്ന് ഈ രാജ്യം ഭരിച്ചുകൊണ്ടിരുന്ന ബ്രിട്ടീഷുകാരാണ് ഹിന്ദുക്കളേയും മുസ്ലീംകളേയും തമ്മിൽ ഭിന്നിപ്പിച്ചത്. ആ ഭിന്നിപ്പ് പ്രത്യക്ഷത്തിൽ വരാത്തരീതിയിൽ വളരെ നിഗൂഢമായി മുന്നോട്ടുതുടർന്നുവന്നു. അതു ഏററവുംകൂടുതൽ രൂക്ഷമായി അനുഭവപ്പെട്ടത് 1920-നു ശേഷമാണ്. 1920-നു ശേഷമുണ്ടായ ചരിത്രസംഭവങ്ങൾ നമുക്ക് ബോദ്ധ്യപ്പെട്ടിട്ടുള്ളതും നേരിട്ടറിയുവാൻ ഇടയായിട്ടുള്ളതുമാണ്. ഇൻഡ്യയിലെ സ്വാതന്ത്ര്യസമരം ഏററവും കൂടുതൽ ഉഗ്രമായിട്ടുവന്ന കാലങ്ങളിൽ ഇവിടത്തെ ജാതി വ്യവസ്ഥകളെക്കൊണ്ടും മതവികാരങ്ങളെക്കൊണ്ടും മുതലെടുക്കുവാൻ വിദേശഭരണാധികാരികൾ മുതിർന്നതായി നമുക്കറിയാം. 1923-ാമാണ്ടുവരെ മുസ്ലീംലീഗെന്നും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സെന്നും രണ്ടു വിഭിന്നസംഘടനകൾ ഇൻഡ്യയെ വിദേശീയ ഭരണത്തിൽനിന്നു മോചിപ്പിക്കുന്നതിനു പ്രവർത്തിച്ചുകൊണ്ടിരുന്ന [illegible]

ലും അവ തമ്മിൽ സഹകരിച്ചു പോരുകയാണുണ്ടായതു്, ഇങ്ങനെ ഇവർ പ്രവർത്തിച്ചാൽ ഇൻഡ്യൻ സ്വാതന്ത്ര്യസമരത്തിന്റെ ഉദ്ദിഷ്ടലക്ഷ്യം വകവച്ചു കൊടുക്കേണ്ടിവരുമെന്നു് ഭയപ്പെട്ടിട്ടാണു് ശിഥിലീകരണതന്ത്രം പ്രയോഗിച്ചു മി. ജിന്നയേയും അദ്ദേഹത്തിന്റെ സംഘടനയായ മുസ്ലീംലീഗിനേയും കാൺഗ്രസ്സ് വിരുദ്ധപ്രസ്ഥാനങ്ങളാക്കാനുള്ള കൂടതന്ത്രം ബ്രിട്ടീഷു സാമ്രാജ്യവാദികൾ പ്രയോഗിച്ചതെന്നു് നമുക്കെല്ലാം അറിയാം. അതിന്റെ ഫലമായിട്ടാണു് മിസ്റ്റർ ജിന്നാ കാൺഗ്രസ്സിൽനിന്നുവിട്ടു് മുസ്ലീംലീഗിൽ പോകുവാൻ കാരണമായതു്. ഉത്തരേൻഡ്യയിൽ ൧൯൨൩ മുതൽ ൧൯൪൭ വരെ ഏതാണ്ടു് ൨൫ കൊല്ലത്തോളം കാൺഗ്രസ്സിനേയും മുസ്ലീംലീഗിനേയും തമ്മിൽ അടിപ്പിക്കുവാൻ ബ്രിട്ടീഷുകാർക്കു് സാധിച്ചു. ഇങ്ങനെയുള്ള ഒരു ശ്രമം വിദേശഭരണാധികാരികളിൽനിന്നു് ഉണ്ടായി എന്നുണ്ടെങ്കിലും ഇൻഡ്യയുടെ സ്വാതന്ത്ര്യം എന്നുള്ള ലക്ഷ്യത്തിൽ ഇൻഡ്യയുടെ ജനങ്ങളെല്ലാം ഒരുപോലെ ജാതിവ്യത്യാസമോ മതവ്യത്യാസമോ ഇല്ലാതെ യോജിച്ചു പ്രവർത്തിച്ചുകൊണ്ടിരുന്നു. ഇൻഡ്യയെ സ്വതന്ത്രയാക്കുന്നതിനുവേണ്ടി ഹിന്ദുവെന്നോ, ക്രിസ്ത്യാനിയെന്നോ, മുസ്ലീം എന്നോ, ഉള്ള വ്യത്യാസംകൂടാതെ എല്ലാവരും യോജിച്ചുകൊണ്ടു് നേതാജി സുബാഷ്ചന്ദ്രബോസിന്റെ നേതൃത്വത്തിൽ ഒരു ഐ. എൻ. ഏ. കിഴക്കൻദിക്കിൽനിന്നു് ഇങ്ങോട്ടു നീങ്ങി എന്ന വസ്തുത നമ്മുടെ സ്മരണയിൽനിന്നു് ഇന്നും വിട്ടുമാറിയിട്ടില്ല. ഐ. എൻ. ഏ. യിൽ ഹിന്ദുവെന്നോ ക്രിസ്ത്യാനിയെന്നോ, മുസ്ലീം എന്നോ, ഉള്ള വ്യത്യാസംകൂടാതെ എല്ലാവരും ഇൻഡ്യയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി ഒന്നായി നിന്നു. അതായതു് ഇൻഡ്യയുടെ ശത്രു ബ്രിട്ടീഷുകാരാണു്. അവരെ ഇവിടെനിന്നു പറഞ്ഞയച്ചാലേ ഇൻഡ്യ സ്വതന്ത്രയാകയുള്ളു എന്ന ലക്ഷ്യത്തിൽ എല്ലാവരും ഒരുപോലെ യോജിച്ചുനിന്നിരുന്നു. ഇങ്ങനെ സ്വാതന്ത്ര്യമാണു് നമ്മുടെ ഏററവും വലിയ ലക്ഷ്യമെന്നു് സാധാരണക്കാരായ ജനങ്ങളുടെയിടയിൽപോലും ബോധമുണ്ടായിട്ടുണ്ടു്. ഇൻഡ്യയുടെ വിമോചനസമരം നടന്ന കാലങ്ങളിൽ, ആ ലക്ഷ്യത്തിലെത്തുന്നതിനുള്ള പ്രവർത്തികളിൽ ഇവിടത്തെ മതവികാരമോ ജാതിവിചാരമോ ഉണ്ടായിരുന്നില്ല. സർ, അങ്ങനെയുള്ള സംഭവങ്ങൾ ബ്രിട്ടീഷു് ഇൻഡ്യാ എന്നു പറഞ്ഞിരുന്ന ഭൂവിഭാഗത്തു് നടന്നിരുന്ന ആ കാലത്തു് നമ്മുടെ രാജ്യത്തും അതായതു് തിരുവിതാംകൂറിലും, കൊച്ചിയിലും, ഇന്നത്തെ തിരുവിതാംകൂർ-കൊച്ചിയിലും നമ്മുടെ സ്വതന്ത്ര്യത്തിനുവേണ്ടി, ഇൻഡ്യയുടെ വിമോചനത്തിനുവേണ്ടി, സമരം ഉണ്ടായതു് നമുക്കെല്ലാം അറിയാം ആ കാലത്തു് നമ്മുടെയിടയിൽ ഉണ്ടായിരുന്ന മതവികാരവും ജാതിവികാരവും നമ്മിൽ കുത്തിച്ചെലുത്തുവാൻ അന്നത്തെ വിദേശഭരണാധികാരികൾ ഉത്സാഹിച്ചു. ഉത്തരേൻഡ്യയിൽ മുസ്ലീങ്ങളും ഹിന്ദുക്കളും ആയിട്ടുള്ള സ്പർദ്ധയ്ക്കാണു് ബ്രിട്ടീഷുകാർ ശ്രമിച്ചതെങ്കിൽ ഇവിടെ അതു് വേറെ ചില ചാലുകളിൽക്കൂടിയാണു് ഒഴുകിയതു്.

Mr. Speaker : If the hon. Member would like to have some more time, he can continue his speech after lunch. The House will now rise and meet again after lunch at 2.30 p.m.

The House rose for lunch at 12.30 p.m. and reassembled at 2.30 p. m.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി: (തുടർച്ച) രാജ്യത്തോടും ജനതയോടും സ്നേഹമില്ലാതിരുന്ന വിദേശഭരണാധികാരികൾ മതസ്പർദ്ധ ഇളക്കിവിട്ടതുകൊണ്ടു നമ്മുടെ രാജ്യത്തിൻെറ പുരോഗതി പലതരത്തിലും തടയപ്പെട്ടിട്ടുണ്ടെന്നാണല്ലോ ഞാൻ രാവിലെ പറഞ്ഞവസാനിപ്പിച്ചതു്. ഇൻഡ്യയെ ആകമാനമെടുത്തുനോക്കിയാലും കേരളത്തേയോ, തിരുവിതാംകൂർ-കൊച്ചിയേയോ, പ്രത്യേകമെടുത്തു നോക്കിയാലും അതു വളരെ വാസ്തവമാണെന്നു കാണാൻ കഴിയും. സ്വതന്ത്രതിരുവിതാംകൂറെന്നും പറഞ്ഞു, തിരുവിതാംകൂറിലുള്ള ജനങ്ങളുടെയിടയിൽ ഒരു കൃത്രിമ ആവേശം ജനിപ്പിക്കാൻ വിദേശിയദിവാനായിരുന്ന സർ, സി പി. രാമസ്വാമി അയ്യർ നടത്തിയിരുന്ന ശ്രമങ്ങളെ, അന്നു രാജ്യത്തിലുണ്ടായിരുന്ന ആളുകളെല്ലാം ഒററക്കെട്ടായി നിന്നു എതിർത്തിരുന്നു. അന്നു അവരുടെ ആ എതിർപ്പിൻെറ ശക്തികൊണ്ടു ജനങ്ങളുടെ അഭിലാഷംതന്നെ സാധിക്കുന്നതിനിടയായി. ആ അവസരത്തിൽ അവരുടെ ആവശ്യമെന്താണെന്നു അറിയാമായിരുന്നതുകൊണ്ടു എല്ലാ ജാതിമതക്കാരും യാതൊരു സ്പർദ്ധയും അവരുടെ അണികളിൽ ഇടകലരാനിടവരുത്താതെ ശ്രമിച്ചിരുന്നുവെന്നുള്ളതും നമുക്കറിയാവുന്ന ഒരു കാര്യമാണു്. അതുവഴി നമ്മുടെ ദേശീയമോചനവും സാധിക്കയുണ്ടായി. നമ്മുടെ രാഷ്ട്രീയമായ അവകാശവാദങ്ങൾ എതെല്ലാമായിരുന്നോ അതെല്ലാം നമുക്കു സിദ്ധിച്ചു.

അവിടമെല്ലാം കഴിഞ്ഞു ശാന്തമായും സമാധാനമായും ജനങ്ങൾ മുന്നോട്ടു നീങ്ങുകയാണു്. ഇൻഡ്യയെപ്പററി പൊതുവെ പറയുകയാണെങ്കിൽ ഇൻഡ്യയെന്നൊരു രാജ്യം ൧൯൪൭ ആഗസ്റ്റിനുശേഷമാണു ഉണ്ടായിട്ടുള്ളതെന്നു സമ്മതിക്കാൻ ഞങ്ങൾ തയ്യാറാണു്. പലകാലങ്ങളായി രാജ്യങ്ങൾ കയ്യടക്കിവച്ചിരുന്ന പലരും രാജ്യവിസ്തൃതി വർദ്ധിപ്പിക്കാൻ ശ്രമിച്ചിരുന്നുവെങ്കിലും ഒരു സ്റേറററന്ന നിലയിലോ ഭരണപരമായി ഒരു യൂണിയൻ എന്ന നിലയിലോ ഇൻഡ്യ ഒന്നാണെന്നുള്ള ചിന്താഗതിയിൽ ജനങ്ങൾക്കു പ്രവേശിക്കാനുള്ള അവസരം കിട്ടിയതു ഈ കഴിഞ്ഞ നാലുകൊല്ലത്തിനു മുമ്പു് മാത്രമാണു്. അശോകൻെറ കാലത്താണെങ്കിലും. അക്ബറുടെ കാലത്താണെങ്കിലും, മുകിലന്മാരുടെ കാലത്താണെങ്കിലും, രജപുത്രരുടെ കാലത്താണെങ്കിലും, ഇൻഡ്യ ഒന്നാണെന്നുള്ള ഒരു സങ്കല്പമുണ്ടായിരുന്നില്ല. അപ്പോഴൊന്നുംതന്നെ താൻ ഒരു ഭാരതീയനാണെന്നു ചിന്തിക്കാൻ ഒരുത്തനും സാധിച്ചിരുന്നില്ല. പ്രത്യേകം പ്രത്യേകം ഇന്ന ചക്രവർത്തിയുടെ അല്ലെങ്കിൽ, ഇന്ന ഭരണാധിപൻെറ പ്രജകൾ എന്ന നിലയിലാണു ആളുകൾ കഴിഞ്ഞിരുന്നതു്. ഇന്നു ഭരണപരമായി പല പരിവർത്തനങ്ങളും വന്നശേഷം പാകിസ്ഥാൻ ഒഴികെ ബാക്കിയുള്ള ഇൻഡ്യ ഒരു വിഭാഗമായി നിൽക്കുന്നുവെന്നുള്ളതു ഒരു സത്യമാണു്. അതു ഒരു യാഥാർത്ഥ്യമാണെന്നു സമ്മതിക്കുന്നതിനും ഞാൻ തയ്യാറാണു്. ഇങ്ങനെ ഒരവസ്ഥ ഉണ്ടായതിനുശേഷം നമ്മുടെയിടയിൽ മതപരമായും ജാതിപരമായുമുള്ള ചിന്ത നമ്മെ മുന്നോട്ടാണോ പിന്നോട്ടാണോ കൊണ്ടുപോയിരിക്കുന്നതെന്നു ഈ പ്രമേയത്തിൻെറ വെളിച്ചത്തിൽ പരിശോധിക്കുന്നതു വളരെ ആവശ്യമാണെന്നു എനിക്കു തോന്നുന്നു. ഇൻഡ്യ ഒട്ടാകെ നടന്ന രാഷ്ട്രീയപ്രക്ഷോഭണസമയത്തും,

ഇവിടെ നടന്ന രാഷ്ട്രീയപ്രക്ഷോഭങ്ങൾ സമയത്തും നമ്മെ തീണ്ടിയിട്ടില്ലാതിരുന്ന ജാതിചിന്തകൾ ഇന്നു നമ്മെ ചുററുപാടും വലയം ചെയ്യുന്നുണ്ട്. നമ്മുടെയിടയിൽ പിളർപ്പുണ്ടാക്കാൻ വിദേശ ഭരണാധികാരികൾ ശ്രമിച്ചുകൊണ്ടിരുന്ന കാലത്തെക്കാൾ ഇന്നു ഈ ബാധ സമാധാനപരമായി ജീവിച്ചുവരുന്ന ഗ്രാമാന്തരങ്ങളിലെ ജനങ്ങളുടെയിടയിൽ വളരെ ശക്തിയായി ആഞ്ഞടിച്ചുതുടങ്ങിയിട്ടുണ്ട്. ഇവിടെ ഒരു പൊതുതെരഞ്ഞെടുപ്പും മുനിസിപ്പൽ തെരഞ്ഞെടുപ്പും കഴിഞ്ഞു. പല സ്ഥലത്തും ജാതിയുടെയും മതത്തിന്റെയും അതുപോലെ സങ്കുചിതമായ ചിന്താഗതികളുടെയും പേരിൽ വോട്ടുപിടിക്കാനുള്ള ഒരു പ്രവണതയാണു ഇവിടെ പലരും കാണിച്ചിട്ടുള്ളതെന്നു നമുക്കറിയാമെന്നുള്ളതാണ്. ഞങ്ങളുടെ കക്ഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ ഞങ്ങൾ ജാതിപരമായ ചിന്ത വളർത്തുന്നതിനോ, സാമുദായികമനോഗതി ഉണ്ടാക്കുന്നതിനോ ഉതകുന്നതായ യാതൊരു പ്രചരണവും കൈക്കൊണ്ടിട്ടില്ലെന്നു തീർത്തുപറയാൻ കഴിയും. ഞങ്ങളെ എതിർത്തിരുന്ന ഭരണകക്ഷിയെ സംബന്ധിച്ചിടത്തോളം പറയുകയാണെങ്കിൽ മിക്കയാളുകളും അവരവർ ഉൾപ്പെടുന്ന സമുദായത്തിലുള്ള ആളുകൾ കൂടുതലുള്ള നിയോജകമണ്ഡലങ്ങളിൽ നിന്നാണു ജയിച്ചുവന്നിട്ടുള്ളതെന്നും വിദേശ ഭരണാധികാരികളെക്കാൾ കൂടുതലായും സമർത്ഥമായും സാമുദായികചിന്ത വളർത്തിയിട്ടുണ്ടെന്നും വളരെ വ്യക്തമായി കാണാൻ കഴിയും. ഇതു ഞങ്ങൾക്കു നേരിട്ട് അറിവുള്ള സംഗതിയാണ്. ഇന്നു നാം തെരഞ്ഞെടുപ്പു പ്രചരണത്തിനു പോകുമ്പോൾ, വോട്ടിനുവേണ്ടി ആളുകളുടെയിടയിൽ ഇറങ്ങി പ്രവർത്തിക്കുമ്പോൾ, നിഷ്പക്ഷമായ ഒരു നിലവേണം സ്വീകരിക്കേണ്ടതു്. കൂടുതൽ ആളുകൾക്കു നമ്മെ വേണ്ടെങ്കിൽ നാം എന്തിനാണു അസംബ്ലിയിലോ പാർലമെന്റിലോ പോകുന്നതെന്നാണു ഞാൻ ചോദിക്കുന്നതു്. പണം ചിലവാക്കിയും സാമുദായികമായി വോട്ടുപിടിച്ചും അസംബ്ലിമെമ്പർ സ്ഥാനമോ പാർലമെന്റ മെമ്പർ സ്ഥാനമോ കരസ്ഥമാക്കുന്നതിനുള്ള ഒരവസരമാണോ നമുക്കിപ്പോൾ ഉള്ളതെന്നു നാം വളരെ കാര്യമായി ആലോചിക്കേണ്ടതാണ്. ആ നിലയിൽ ഒററക്കെട്ടായി നിന്നു ഭാരതീയനെന്നുള്ള ചിന്താഗതി എല്ലാവരുടെയും ഇടയിൽ വളർത്തുന്നതിനും ജനാധിപത്യത്തിൽ ജനങ്ങൾക്കു വിശ്വാസം വളർത്തുന്നതിനും വേണ്ടിയായിരിക്കണം നാം തെരഞ്ഞെടുപ്പിനെ ഉപയോഗിക്കേണ്ടതു്. ഇവിടെ ഈയിടെ ഒരു മുനിസിപ്പൽ തെരഞ്ഞെടുപ്പു കഴിഞ്ഞു. പലയിടത്തും ഇന്നു ഭരണാധികാരത്തിലിരിക്കുന്ന കക്ഷിക്കാണു ഭൂരിപക്ഷം കിട്ടിയിട്ടുള്ളതു്. കൊല്ലം നഗരം വളരെ ഭൂരിപക്ഷം കിട്ടിയ ഒരു സ്ഥലമാണ്. അവിടെ എന്തുമാത്രം സാമുദായികമായിട്ടുള്ള നിലയിലാണ് ചെയർമാൻ ഇലക്ഷൻ നടന്നിട്ടുള്ളതെന്നുള്ളതു കാൺഗ്രസ്സുകക്ഷിയെ എന്നല്ല ഈ നാട്ടിലെ പൗരബോധമുള്ള യാതൊരു പൗരനെയും ലജ്ജിപ്പിക്കുന്ന ഒരു സംഗതിയാണ്. അതുപോലെയുള്ള ഒരു സംഗതി ചങ്ങനാശ്ശേരിയിലും നടന്നു. തിരുവല്ലായിലും അങ്ങനെ തന്നെ നടക്കാൻ പോകുന്നു.

ശ്രീ. പി. സദാശിവൻപിള്ള: സർ, ഒരു പായിന്റ് ആഫ് ആർഡർ. ഇവിടെ അവതരിപ്പിച്ചിരിക്കുന്ന പ്രമേയം തിരുവിതാംകൂർ-കൊച്ചി സ്റ്റേററിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടെയോ

[ശ്രീ. പി. സദാശിവൻപിള്ള]

ജാതിവിഭാഗങ്ങളുടെയോ പേരിനോട് ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്നു ഈ സഭ അഭിപ്രായപ്പെടുന്നു എന്നുള്ളതാണ്". അതിൽ ഇന്നു നിലവിലുള്ള സാമുദായികസ്ഥാപനങ്ങളെ നിരോധിക്കണമെന്നു മാത്രമേയുള്ളു. അതിനു ഉപോൽബലകമായ കാരണങ്ങളും അറിയിക്കാം. ഈ രാജ്യത്തെ സാമുദായികമനോഭാവത്തെ ഇല്ലാതാക്കണമെന്നും ആഗ്രഹിക്കുന്നതായി ഈ പ്രമേയാവതാരകനു ഉദ്ദേശമില്ലെന്നു പ്രമേയത്തിൽനിന്നും വ്യക്തമാകുന്നുണ്ട്. ആ നിലയ്ക്കു സാമുദായികമനോഭാവത്തെപ്പററിയുള്ള ചർച്ച ഇവിടെ പ്രസക്തമാണെന്നു തോന്നുന്നില്ല. നിലവിലുള്ള സാമുദായികസ്ഥാപനങ്ങളെപ്പററി പറയുന്നതിനു മാത്രമെ പ്രസക്തിയുള്ളു.

Mr. Speaker : Do you press for a ruling ?

Shri P. Sadasivan Pillai : Yes.

Mr. Speaker : We cannot say that the present trend of the speech is irrelevant. It is the intention of the mover of the resolution that communal organisations must be put an end to by desirable legislation. It is within his province to point out the prevailing communal activities in support of his resolution. I expected the mover of the resolution to meet some points raised in the point of order, that is, how the hon. Member proposes to escape from Articles 15 and 19 of the Constitution dealing with Fundamental Rights. It is for him to say how the contemplated legislation is possible to solve this question. These are general matters which we can more or less understand.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : കേവലം സാങ്കേതികമായ കാരണങ്ങൾ പറയുന്നതിനുമുമ്പായി സാമുദായികചിന്താഗതി നമ്മുടെയിടയിൽ വളർന്നുകൊണ്ടുവരുന്നതിന്റെ വിപത്തുകളെപ്പററി സൂചിപ്പിക്കുന്നതിനാണ ഞാൻ ഇത്രയും ഇവിടെ പറഞ്ഞതു്. ഏതായാലും ഒരു പായിന്റ്ഓഫ് ആർഡർ ഉന്നയിച്ചു പ്രസംഗത്തെ നിയന്ത്രിക്കുന്നതിനു ശ്രമിച്ചതു അത്രത്തോളം ശരിയാണെന്നു എനിക്കുതോന്നുന്നില്ല. അതിനെപ്പററി ബഹുമാനപ്പെട്ട സ്പീക്കർ റൂളുചെയ്തു കഴിഞ്ഞസ്ഥിതിക്കു കൂടുതലായി എന്തെങ്കിലും പറയണമെന്നു ഞാൻ വിചാരിച്ചിരുന്നില്ല. ഈ പ്രമേയം ഇവിടെ കൊണ്ടുവരാനുള്ള സാഹചര്യമെന്താണെന്നും അതിനു എന്നെ പ്രേരിപ്പിച്ച ചിന്താഗതി എന്താണെന്നും ഇവിടെ പ്രകടമാക്കണമെന്നുള്ളതായിരുന്നു എന്റെ പ്രാമുഖ്യമായ ഉദ്ദേശം. ഈ രാജ്യത്തു സാമുദായികചിന്താഗതിയില്ലെന്നും ഇവിടെയുള്ളവരെല്ലാം സൗഹൃദത്തിൽ ജീവിക്കുകയാണെന്നുമുള്ള ഭാവനയിൽ കഴിയുന്ന ആളുകളോടു എനിക്കു യാതൊരു പരാതിയുമില്ല. പക്ഷെ, ഇവിടെ ചില യാഥാർത്ഥ്യങ്ങളുണ്ട്. അതു നാം മനസ്സിലാക്കണം, അംഗീകരിക്കണം. നമ്മുടെ യഥാർത്ഥ പ്രശ്നങ്ങൾ എന്തെല്ലാമെന്നു അറിഞ്ഞു അതിനു പരിഹാരം കണ്ടുപിടിക്കണമെന്നുള്ളതാണ എന്റെ പ്രധാന- ഉദ്ദേശം. പ്രമേയത്തിന്റെ നിയമവശത്തെപ്പററി വലിയ ഭ്രമമോ വ്യാമോഹമോ എനി

ക്കില്ല. നിയമവശത്തെപ്പററിയും സാങ്കേതികവശത്തെപ്പററിയും നിയമപണ്ഡിതന്മാരും സാങ്കേതികവിദഗ്ദ്ധന്മാരുമാണു തീരുമാനിക്കേണ്ടതു്. ഈ പ്രമേയംപാസായി ഇവിടെ ഒരു നിയമനിർമ്മാണം ഉണ്ടായാലും ഇല്ലെങ്കിലും ഈ നാട്ടിലെ ൻവ്യ ലക്ഷത്തിലധികം ആളുകളെ പ്രതിനിധീകരിച്ചുകൊണ്ടു ഇവിടെ ആഗതരായിട്ടുള്ള ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാരെല്ലാവരും നമ്മുടെ രാജ്യത്തുണ്ടാകാൻപോകുന്ന ഭയങ്കരമായ വിപത്തിനെ മനസ്സിലാക്കണമെന്നുമാത്രമെ ഞാൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾ ഉദ്ദേശിച്ചുള്ളു. നമുക്കു നമ്മുടെകാര്യം എന്ന ചിന്താഗതി നമ്മുടെ സന്താനങ്ങളെ ഓർത്തെങ്കിലും മാററണമെന്നാണു എനിക്കു പറയുവാനുള്ളതു്. അങ്ങനെയൊരു ചിന്താഗതി വളർത്തി ഭാവിയെക്കൂടി വിഷയമാക്കരുതെന്നാണു ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്. ഇവിടെനടന്ന തെരഞ്ഞെടുപ്പിൽ സാമുദായിക ചിന്താഗതി ധാരാളം പ്രകടമായികണ്ടു. അതാരും നിഷേധിക്കുമെന്നു തോന്നുന്നില്ല. വേണമെങ്കിൽ ആർക്കും നിഷേധിക്കാമെന്നല്ലാതെ എല്ലാവരുടെയും മനസ്സിൽ അറിവുള്ള ഒരു കാര്യമാണതു്. അപരവരുടെ ദൈനംദിനകാര്യങ്ങളിൽ മാത്രം വ്യാപൃതരായി കഴിയുന്ന പട്ടിണിക്കാരും അർദ്ധപട്ടിണിക്കാരുമായ ആളുകളുടെയിടയിൽ ഇങ്ങനെയുള്ള ചിന്താഗതി വളർത്തിക്കൊണ്ടുവരുന്നതു നല്ലതല്ലെന്നുള്ളതിനു പുറമെ ഇവിടെ ഉദിച്ചുയർന്നവരേണ്ട തലമുറയെക്കൂടി ഇങ്ങനെ വിഷയമാക്കുന്നതിനു ശ്രമിക്കുന്നതു വളരെ ഹൃദയവേദനയോടുകൂടി മാത്രമെ സ്മരിക്കാൻ സാധിക്കുന്നുള്ളു. ഇന്നിവിടെ ഓരോരുത്തരും ഈഴവനെന്നും, നായരെന്നും നമ്പൂരിയെന്നും, പോററിയെന്നും, ക്രിസ്ത്യാനിയെന്നും, മഹമ്മദീയനെന്നുമുള്ള പലപല ചിന്താഗതികളിൽ കൂടിയാണു ജീവിക്കുന്നതെന്നുള്ളതു വളരെ വ്യക്തമായ ഒരു പരമാർത്ഥമാണു്. ഓരോ ജാതിക്കാർക്കു ഓരോ പത്രങ്ങൾ. അതുപോലെതന്നെ ഓരോ ജാതിക്കാർക്കു ഓരോ പരാതികൾ. അതായതു എന്റെജാതിയിൽപ്പെട്ടവർ സെക്രട്ടറിയേററിൽ ഇല്ല, അല്ലെങ്കിൽ ഡിപ്പാർട്ടുമെന്റു അദ്ധ്യക്ഷന്മാരായില്ല, എന്നിങ്ങനെയുള്ള പരാതികൾ. ഈ മുറവിളികൾ കൂട്ടുന്നതിനല്ലാതെ രാജ്യത്തിന്റെ പൊതുവായ ക്ഷേമത്തിനുതകുന്ന യാതൊന്നുംതന്നെ, സമുദായ സംഘടനകളെന്ന നിലയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഒരു സംഘടനയും ചെയ്തിട്ടില്ലെന്നാണു ഞങ്ങളുടെ വിശ്വാസം. അതുകൊണ്ടാണു ഞങ്ങൾ അതിനെപ്പററി പറയുന്നതു്. ഈ രീതിയിൽ ഈ ചിന്താഗതി ഇവിടെ വളരാൻ അനുവദിച്ചാൽ ഈ സംഘടനകളെ ഒരായുധമാക്കി നേതാക്കന്മാർ പ്രചരണങ്ങൾ നടത്തി നമ്മുടെ ജനങ്ങളുടെയും ഭാവിതലമുറകളുടെയും ഭദ്രതയെതന്നെ നശിപ്പിക്കുന്നതിനു ഇടയാക്കുമെന്നാണു ഞങ്ങൾക്കു തോന്നുന്നതു്. നേതാക്കന്മാർ ഇറങ്ങി പ്രസംഗിക്കുകയും പത്രത്തിലെഴുതുകയും ചെയ്താൽ മാത്രംപോരാ. വളരെ കർശനമായ ഒരു നിയമനിർമ്മാണംതന്നെ ഇവിടെ ആവശ്യമായിരിക്കുന്നു. അങ്ങനെയൊരു നിയമനിർമ്മാണം ചെയ്യാൻ ഈ സ്റ്റേററിനു അധികാരമില്ലെന്നു് ഒരുവാദം എൻ. എസ്. എസ് ജനറൽ സെക്രട്ടറിയായ എന്റെ സ്നേഹിതൻ ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈസ്റ്റേററിനു അതിനധികാരമുണ്ടോയെന്നുള്ളതിനെപ്പററി പരിശോധിക്കാൻ ഇതിനകംതന്നെ ഞാൻ ഭരണഘടന നോക്കുകയുണ്ടായി. ഭരണഘടനയനുസരിച്ചു ഈ സ്റ്റേററിനു അങ്ങനെയൊരു നിയമനിർമ്മാണം ചെയ്യുന്നതിനു അധികാരമുണ്ടെന്നു വ്യക്ത

[ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോററി.]

മായി സഭയെ അറിയിക്കുന്നതിനു ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു. ആർട്ടിക്കിൾ ൧൯ (സി) യിൽ അധികാരമുണ്ടെന്നു പറയുന്നുണ്ടു്. അതിൽതന്നെ നാലാമത്തെ സബ്ക്ലാസിൽ ഇങ്ങനെയാണു പറഞ്ഞിരിക്കുന്നതു്.

"(4) Nothing in sub-clause (*c*) of the said Clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause."

സാമുദായികസംഘടനകൾ രാജ്യക്ഷേമത്തിനു വിപരീതമായി പ്രവർത്തിക്കുകയാണെന്നു് ഭരണാധിപന്മാർക്ക് പൂർണ്ണമായ ബോദ്ധ്യമുണ്ടെങ്കിൽ അതിനു reasonable restriction കൊടുക്കാൻ അധികാരമുണ്ടു്. ഇനി ൨൫-ാം ആർട്ടിക്കിൾ വായിച്ചുനോക്കാം. അതിലും വ്യക്തമായി അധികാരമുണ്ടെന്നു മനസ്സിലാക്കാൻ കഴിയും.

"Article 25. (1) Subject to public order, morality and health and to the other provisions of this Part, all persons are equally entitled to freedom of conscience and the right freely to profess, practise and propagate religion".

പക്ഷെ, അടുത്തതായി ഇങ്ങനെയും പറയുന്നുണ്ടു്.

"Article 25. (2) Nothing in this article shall affect the operation of any existing law or prevent the State from making any law—

(*a*) regulating or restricting any economic, financial, political or other secular activity which may be associated with religious practice;"

മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ എന്തു തോന്നിയവാസവും വിളിച്ചുകൊണ്ടുനടക്കാനുള്ള അവകാശമല്ല ഭരണഘടന നമുക്കു പ്രദാനം ചെയ്തിട്ടുള്ളതു്. അങ്ങനെ തോന്നിയവാസം വിളിച്ചുപറഞ്ഞു് അവരവരുടെ കാര്യങ്ങൾ സമുദായത്തിന്റെ പേരിൽ സാധിക്കാമെന്നു വിചാരിക്കുന്ന അവസരത്തിൽ അതിനെ നിയന്ത്രിക്കുന്നതിനുള്ള അവകാശം ഓരോ സ്റ്റേററിനും കൊടുത്തിട്ടുണ്ടു്.

ശ്രീ. എം. പി. ചെറിയാൻ: മതത്തിന്റെയും സമുദായത്തിന്റെയും പേരിൽ സ്ക്കൂളുകൾ നടത്തുന്നതിനെപ്പററി മെമ്പറുടെ അഭിപ്രായമെന്താണു്?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: സ്ക്കൂളുകളും കാളേജുകളും നടത്തുന്നതു് സമുദായത്തിന്റെ ഗുണത്തിനോ ദോഷത്തിനോ എന്നുള്ള കാര്യത്തെപ്പററി ഞാനിപ്പോൾ ഒന്നും പറയണമെന്നു വിചാരിക്കുന്നില്ല. ഏതായാലും അതു രാഷ്ട്രത്തിനു് ഒരു പ്രശ്നമായി തീർന്നുകൊണ്ടിരിക്കുകയാണു്. ആർട്ട്സ് കാളേജുകൾ നടത്തി അധികൃ

ആളുകൾ ബിരുദധാരികളായി വെളിയിലിറങ്ങുന്നതു് തീർച്ചയായും സമൂഹത്തിന്റെ ഒരു പ്രശ്നമായിരിക്കും. ഏതായാലും ആ കാര്യവും ഞാൻ പറഞ്ഞുകൊണ്ടുവന്നതുമായി കൂട്ടി കുഴക്കേണ്ടയാവശ്യമില്ല. നമ്മുടെ നാട്ടിൽ സാമുദായികമായിട്ടുള്ള ചിന്താഗതി ചില ഗുണങ്ങൾ ഉണ്ടാക്കിയിട്ടില്ലെന്നു ഞാൻ പറയുന്നില്ല. ആ ചിന്താഗതി എല്ലാ മണ്ഡലങ്ങളിൽനിന്നും ഉച്ചാടനം ചെയ്യണമെന്നും ഞാൻ പറയുന്നില്ല. സാമൂഹ്യമായും സാമ്പത്തികമായും അവശതയനുഭവിക്കുന്ന പട്ടികജാതിക്കാരുടെ പല പ്രശ്നങ്ങൾക്കും പരിഹാരം കാണേണ്ടതുണ്ടു്. അവക്കെല്ലാം സാമുദായികമായ അടിസ്ഥാനത്തിലുള്ള സംഘടനകൾ ആവശ്യമാണു്. അവരുടെ അവശതകൾക്കു പരിഹാരമുണ്ടാകുന്നതുവരെ ആ സംഘടനകൾ പ്രവർത്തിക്കേണ്ടതാണു്. അതിനുള്ള സൗകര്യവും ഭരണഘടന അനുവദിക്കുന്നുണ്ടു്.

പേരിനോടുകൂടി പോററിയെന്നു വച്ചിരിക്കുന്നതുകൊണ്ടു് ഒരു സമുദായവാദിയാകുകയില്ലെയെന്നു് ഇവിടെ ഒരു ചോദ്യമുണ്ടായി. ഞാൻ ആ പേരു വേണമെങ്കിൽ മാററാം. പക്ഷെ, അതിൽ എനിക്കൊരു വിശ്വാസം തോന്നുന്നില്ല. എന്റെ പേരിന്റെ അററത്തുനിന്നു് ആ സ്ഥാനം മാററുകയോ വേറൊന്നു ചേർക്കുകയോ ചെയ്താൽ എന്റെ മനസ്സിലുള്ള നൈസർഗ്ഗികമായ ചിന്താഗതി മാറുമെന്നു എനിക്കു് വിശ്വാസമില്ല. വാലു മുറിച്ചു്, സമുദായങ്ങൾ നശിച്ചു്, മതങ്ങൾ ഏകീകരിച്ചുവെന്നെല്ലാം ഉച്ചത്തിൽ പ്രസംഗിച്ചുനടക്കുന്ന മനുഷ്യരാണു് ഇന്നു് ഏററവും വലിയ സാമുദായികവിപത്തു രാജ്യത്തു പ്രചരിപ്പിക്കുന്നതു്. എന്തിന്റെ പേരിലായാലും അടുത്ത തലമുറയെ മുഴുവൻ വിഷമയമാക്കുന്നതിനു് ഇന്നു തന്നെ കടിഞ്ഞാൺ പിടിച്ചു് ഓരോ ഫാക്ടർമെൈററു് കമ്പാർട്ടുമെന്റിലിട്ടു് സമുദായത്തിന്റെ പേരും പറഞ്ഞു് പ്രവർത്തനം നടത്തുന്നവർക്കു് രാജ്യസ്നേഹമോ ജനസ്നേഹമോ അടുത്ത തലമുറയോടെങ്കിലും സ്നേഹമോ ഉണ്ടോയെന്നു ഗവണ്മെന്റു് ആലോചിക്കണമെന്നാണു് ഞാൻ പറയുന്നതു്.

ദേഹത്തിനു നല്ല സുഖമില്ലാത്തതുകൊണ്ടു വളരെയധികം സംസാരിക്കാൻ എനിക്കു നിവൃത്തിയില്ല. ഇന്ന കക്ഷിക്കാരനാണു പ്രമേയം അവതരിപ്പിച്ചതെന്നുള്ള ഒരു ഭേദബുദ്ധി പ്രകടിപ്പിക്കാതെ എല്ലാവരും പ്രമേയത്തെ അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: നിയമംകൊണ്ടു സാമുദായികചിന്താഗതി ഇല്ലാതെയാക്കാൻ കഴിയുമെന്നു മെമ്പർ വിചാരിക്കുന്നുണ്ടോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി: നിയമം എഴുതിയുണ്ടാക്കുന്ന രീതിയനുസരിച്ചിരിക്കും. മോഷ്ടിക്കരുതെന്നു നിയമമുണ്ടു്. അതുമൂലം മോഷണം നടക്കാതിരിക്കുന്നുണ്ടോ? നിയമമുണ്ടായിട്ടും മോഷണം തടയാനാവുന്നില്ല എന്ന പരാതിയോ, അതിന്റെ പേരിൽ മോഷണം നിയമവിരുദ്ധമാക്കുന്ന നിയമം പിൻവലിക്കണമെന്ന വാദമോ ഉണ്ടായതായി നാം കേട്ടിട്ടില്ലല്ലോ. അതുപോലെയുള്ള ഒരു ചോദ്യമാണു ഈ ചോദ്യം.

ശ്രീ. എ. കുഞ്ഞൻനാടാർ: സർ, ഞാൻ ഈ പ്രമേയത്തെ പിൻതാങ്ങുന്നു. എന്നാൽ "തിരുവിതാംകൂർ-കൊച്ചി സ്റ്റേറ്റിൽ ഇന്നു നിലവിലുള്ളതും, ഏതെങ്കിലും ജാതിയുടെയോ, ജാതിവിഭാഗങ്ങളുടെയോ പേരിനോടു ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെയെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കേണ്ടതാണെന്നു് ഈ സഭ അഭിപ്രായപ്പെടുന്നു" എന്നുള്ള ഈ പ്രമേയത്തിന്റെ താല്പര്യത്തെയാണു് പിൻതാങ്ങുന്നതു്. ഈ പ്രമേയത്തിന്റെ ഘടന അത്ര ശരിയല്ല. ഇന്നു് ഇവിടെ നിലവിലുള്ള സാമുദായികസംഘടനകൾ പലതരത്തിലുള്ളവയാണു്. സമുദായത്തിന്റെ പേരിൽ ഘടിപ്പിച്ചിട്ടുള്ള സംഘടനകളുണ്ടു്, അല്ലാത്ത സംഘടനകളുമുണ്ടു്. സംഘടനകളുടെ പേരു് മാററിയതുകൊണ്ടോ, നിയമംമൂലം അവ നിരോധിച്ചതുകൊണ്ടോ സാമുദായികമായി ഇപ്പോഴുള്ള കുഴപ്പങ്ങൾ പരിഹരിക്കപ്പെടുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. ഇവിടത്തെ സാമുദായികസംഘടനകളെപ്പററിപറയുകയാണെങ്കിൽ അവ ചില സമുദായങ്ങൾക്കു യാതൊരു ഗുണവും ചെയ്തിട്ടില്ലെന്നു പറയാൻ സാദ്ധ്യമല്ല. പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾക്കു്, സാമ്പത്തികമായും വിദ്യാഭ്യാസപരമായുമുള്ള അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു്, അവശതകൾ പരിഹരിക്കുന്നതിനു് ഈ സാമുദായികസംഘടനകൾ ഒഴിച്ചുകൂടാൻപാടില്ലെന്ന അഭിപ്രായക്കാരനാണു് ഞാൻ. അതുകൊണ്ടു സാമുദായികസംഘടനകൾ പാടില്ലെന്നു പൊതുവെ പറയുന്നതു ശരിയല്ല. ഇവിടെ സാമുദായികസംഘടനകളല്ലാ മാററാനുള്ളതു്, സമുദായവും, ജാതിയുമില്ലാതാക്കണം. ഇപ്പോൾ ഇവിടെയുള്ള ഓരോ രാഷ്ട്രീയസംഘടനകളും ഓരോ തരത്തിലുള്ള സാമുദായികസംഘടനകളാണെന്നു പറയാം. ഓരോ രാഷ്ട്രീയസംഘടനയും ൧൫ ശതമാനം അല്ലെങ്കിൽ ൨൦ ശതമാനം എന്ന വ്യത്യാസത്തോടുകൂടിയുള്ള സാമുദായികസംഘടനകളായിട്ടാണു് നമുക്കു അനുഭവമുള്ളതു്. തെരഞ്ഞെടുപ്പിനെപ്പററി ഇവിടെ പ്രസ്താവിച്ചപ്പോൾ, ജാതിയുടെ പേരിലാണു് കാൺഗ്രസ്സുകാർ ഇവിടെ തെരഞ്ഞെടുപ്പു നടത്തിയതെന്നു പ്രമേയകർത്താവു പറയുകയുണ്ടായി. വളരെ പുരോഗമിച്ചിട്ടുണ്ടെന്നു് അവകാശപ്പെടുന്ന ഇടതുപക്ഷകക്ഷികളും കഴിഞ്ഞ തെരഞ്ഞെടുപ്പിൽ ജാതിയെ അടിസ്ഥാനമാക്കിയാണു സ്ഥാനാർത്ഥികളെ നിറുത്തിയിട്ടുള്ളതെന്നു് എനിക്കറിയാം. ഉദാഹരണമായി എന്റെ താലൂക്കായ നെയ്യാററിൻകരയിൽ കഴിഞ്ഞ പൊതുതെരഞ്ഞെടുപ്പിൽ, നായന്മാർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നായർ കമ്മ്യൂണിസ്റ്റിനേയും ഈഴവർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ ഈഴവകമ്മ്യൂണിസ്റ്റിനേയും, നാടാർ ഭൂരിപക്ഷമുള്ള നിയോജകമണ്ഡലത്തിൽ നാടാർ കമ്മ്യൂണിസ്റ്റിനേയും ആണു് സ്ഥാനാർത്ഥികളായി നിറുത്തിയിട്ടുള്ളതു്. തെരഞ്ഞെടുപ്പുകൾ ജാതിയുടെ പേരിൽ നടത്തുന്ന പല പ്രവർത്തനങ്ങളും ഇടതുപക്ഷകക്ഷികൾ കാൺഗ്രസ്സുകാരെപ്പോലെ തന്നെ കൈക്കൊണ്ടിട്ടുണ്ടു്. സാമുദായികമായി വോട്ടു ചെയ്യണമെന്നു് അപേക്ഷിക്കാനായി വോട്ടേഴ്സിനെ സമീപിച്ചിട്ടുള്ളതായി എനിക്കറിയാം. ജാതിയുടെ പേരിൽ വോട്ടു പിടിക്കുന്നതു പിന്നെയും ക്ഷമിക്കാം. എന്നാൽ അതിലും ഹീനമായ മാർഗ്ഗങ്ങളാണവർ കൈക്കൊണ്ടിട്ടുള്ളതു്. ഉദാഹരണമായി എതിർസ്ഥാനാർത്ഥികളെപ്പററി നീചമായ അപവാദ

ങ്ങൾ പരത്തുകയും അവരുടെ നേർക്ക് അക്രമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുകയെന്നുള്ളത് അവരുടെ ഒരു പ്രധാന പരിപാടിയാണ്. തിരുവിതാംകൂറിലെ രാഷ്ട്രീയചരിത്രം നോക്കിയാൽ, ദേശീയഗവൺമെന്റ് നടപ്പിൽവന്ന കഴിഞ്ഞ അഞ്ചുകൊല്ലക്കാലത്തെ ചരിത്രം പരിശോധിച്ചാൽ, മൂന്നു പ്രബലസമുദായങ്ങൾ തമ്മിൽ നടന്നിട്ടുള്ള ഒരു വടംവലി, ഒരു ത്രികോണസമരമാണെന്നു നമുക്കു കാണാം. ഈ രാജ്യത്ത് ഇതിനകം നാലോ, അഞ്ചോ മന്ത്രിസഭാക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ട്. അതൊന്നും രാജ്യശ്രേയസ്സിനെ പരിഗണിച്ചുണ്ടായ മാററങ്ങളോ, കുഴപ്പങ്ങളോ ആയിരുന്നില്ല. ഏതെങ്കിലും നയത്തിലോ തത്വത്തിലോ ഉണ്ടായവയുമല്ല. കേവലം സാമുദായികമാത്സര്യം മൂലം ഉണ്ടായിട്ടുള്ളതാണ്. ഇന്നും അതുതന്നെയാണ് ഇവിടെ നടക്കുന്നത്. നമ്മുടെ ഇടയിൽ ഉണ്ടായിട്ടുള്ള സാമുദായികമനഃസ്ഥിതി ഇപ്പോൾ വളരെ അധഃപതിച്ച് ഒരു പുതിയ അദ്ധ്യായത്തിലേക്കു പ്രവേശിച്ചിരിക്കുകയാണ്. കോൺഗ്രസ്സ് മന്ത്രിസഭയെ തകിടം മറിക്കാൻ ശ്രമിക്കുന്ന ആളുകൾ ഇവിടെയുണ്ട്, അതായതു കോൺഗ്രസ്സിനകത്തും പുറത്തുമുണ്ട്. കോൺഗ്രസ്സിനെ എതിർക്കുന്ന ആളുകൾ കോൺഗ്രസ്സ് മന്ത്രിസഭയെ എതിർക്കുന്നത് മനസ്സിലാക്കാം. എന്നാൽ കോൺഗ്രസ്സിനകത്തുള്ളവർ ഇതു പ്രവർത്തിക്കുന്നതെന്തിനാണ്? വെറും സാമുദായികമനഃസ്ഥിതിയാണതിനു കാരണം. സർ, ഈ രാജ്യത്തെ സാധാരണക്കാരെ ഏററവും വിഷമിപ്പിക്കുന്ന ഒരു സംഗതി ഇവിടെ നടക്കുന്നുണ്ട്. ആഹാരമില്ലെങ്കിലും സഹിക്കാം. ഉടുക്കാൻ തുണി ഇല്ലെങ്കിലും കിടക്കാൻ വീടില്ലെങ്കിലും സഹിക്കാം. അതിലും അസഹ്യമായിട്ടുള്ള ഒന്നാണ് ഈ രാഷ്ട്രീയപതിവ്രതകളുടെ പാതിവ്രത്യപ്രസംഗം. അതായത് ഏററവും അസഹ്യവും അരോചകവുമായ ഒന്നാണ് ഈ രാഷ്ട്രീയപതിവ്രതകളുടെ പ്രസ്താവനകളും പ്രസംഗങ്ങളും. ഇവർ കഴിഞ്ഞ അഞ്ചു കൊല്ലത്തിനിടയിൽ ഈ രാജ്യത്തെ അലങ്കോലപ്പെടുത്തിയവരും പാതാളത്തിന്റെ അടിത്തട്ടിലേക്കു താഴ്ത്തിയവരുമാണ്. ഏററവും ദുഷിച്ച മന്ത്രിസഭകൾക്കു കൂട്ടുനിന്നവരാണ് സർ, ഇവർ.

തമിഴ്നാട് കോൺഗ്രസ്സുകാർ കോൺഗ്രസ്സിൽ ലയിക്കണമെന്നും, അല്ലാത്തപക്ഷം അവരുമായുള്ള ബന്ധം വിടർത്തണമെന്നും ചിലർക്കഭിപ്രായമുണ്ട്. അവർ കോൺഗ്രസ്സിൽ ലയിക്കുകയോ, ലയിക്കാതിരിക്കുകയോ, അവരിൽ ഒരാളെ മന്ത്രിസഭയിൽ വച്ചുകൊണ്ടിരിക്കുകയോ, അല്ലാതിരിക്കുകയോ ചെയ്യുന്നതിൽ എനിക്കു നിർബന്ധമൊന്നുമില്ല.

Mr. Speaker : Is the Tamil Nad Congress Party a communal organisation. ?

Shri A. Kunjan Nadar : No, Sir. I don't think it is a communal organisation.

Mr. Speaker : You are wandering away from the main topic of the resolution.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഞാൻ ഇവിടത്തെ സമുദായമനഃസ്ഥിതിക്കാരുടെ പ്രചരണരീതിയെപ്പററി പറയുകയാണ്. ഈ രാജ്യത്തെ ഏതു പാർട്ടിക്കാർ ഭരിക്കണമെന്നു എനിക്കു താല്പര്യമില്ല. ഏതു

[ശ്രീ. എ. കുഞ്ഞൻനാടാർ.]

വ്യക്തികൾ ഭരിക്കണമെന്നുമെനിക്കു താല്പര്യമില്ല. രാമൻ ഭരിച്ചാലും രാവണൻ ഭരിച്ചാലും ഇവിടെ ഒരു നല്ല ഗവണ്മെൻറുവേണം; നാട്ടിൽ സുരക്ഷിതത്വമുള്ള ഒരു പരിതഃസ്ഥിതിയുണ്ടാകണം. തമിഴ്നാട്ടുകാർ പറയുന്നതും പ്രവർത്തിക്കുന്നതുമെല്ലാം ശരിയാണെന്നു ഞാൻ പറയുന്നില്ല. ഞാൻ ഇതു പറയുന്നതു തമിഴ്നാട്ടുമന്ത്രി യോഗ്യനാണെന്നു സ്ഥാപിക്കാനല്ല.

കാൺഗ്രസ്സു മന്ത്രിസഭയെ മറിച്ചിടാൻ ഏററവും ഒടുവിൽ സ്വീകരിച്ചുകാണുന്ന മാർഗ്ഗം തമിഴ്നാടിനെ ഭിന്നിപ്പിക്കുക എന്നുള്ളതാണ്. അതിലേയ്ക്കു എന്തധഃപതിച്ച മാർഗ്ഗവും സ്വീകരിക്കാൻ ഈ ദേശീയക്കാർ തയ്യാറാണ്. സർ, അടുത്തകാലത്തു തെക്കൻതിരുവിതാംകൂറിൽ കൊല്ലംകോട്ട് എന്ന സ്ഥലത്തു ഒരു സംഭവമുണ്ടായി. അതു ഇന്നത്തെ രാഷ്ട്രീയ നേതാക്കന്മാരെന്നഭിമാനിക്കുന്നവരുടെ സാമുദായികമനഃസ്ഥിതിക്കു ഒരു ഉദാഹരണമായി ഞാൻ പറയുകയാണ്. അതായതു രാഷ്ട്രീയ മനഃസ്ഥിതിയും സാമുദായികമനഃസ്ഥിതിയും എത്രത്തോളം അധഃപതിച്ചു എന്നു കാണിക്കുന്നതിനാണ്, സമുദായമനഃസ്ഥിതിമൂലം അവർ എത്ര അധഃപതിച്ചുപോയി എന്നു തെളിയിക്കുവാനാണ് ഒരു സമുദായത്തിൽപ്പെട്ട ഒരു സ്ത്രീയെ വേറെ ഒരു സമുദായത്തിൽപ്പെട്ട ഒരു യുവാവു ബലാൽക്കാരമായോ വശീകരിച്ചോ സ്നേഹിച്ചോ കൊണ്ടുപോയി.

Mr. Speaker : Is not that matter *sub judice* ?

Shri A. Kunjan Nadar : No, Sir. It is not.

Mr. Speaker : What has happened to the case ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ഞാൻ ആ കേസിനെപ്പററി പറയുന്നില്ല. സ്നേഹിച്ചോ, ബലം പ്രയോഗിച്ചോ കൊണ്ടുപോയി. ഇതുപോലുള്ള സംഭവങ്ങൾ മററ് അനേകം സ്ഥലങ്ങളിലും നടക്കുന്നുണ്ട്. ദേശീയം പ്രസംഗിക്കുന്ന ഇവിടത്തെ ചില രാഷ്ട്രീയനേതാക്കൾ ഈ സംഭവമൊരു രാഷ്ട്രീയായുധമാക്കി ഉപയോഗിച്ച് മാന്യന്മാരുടെ നേർക്ക് ചെളിവാരിയെറിയുവാൻ അവർ സാഹസപ്പെട്ടു. ഇങ്ങനെയുള്ളവരുടെ സാമുദായികമനസ്ഥിതി എത്രത്തോളം അധഃപതിച്ചിട്ടുണ്ടെന്നു കാണിക്കാനാണ് ഞാൻ ഒരുങ്ങിയതു്.

Mr. Speaker : Even during last session the matter was referred to.

ശ്രീ. എ. കുഞ്ഞൻ നാടാർ : ഇത്തരം ഹീനമായ മാർഗ്ഗങ്ങൾ ആരും സ്വീകരിക്കാൻ പാടില്ല എന്നു ഞാൻ പറയുകയാണ്. സർ, ഈ സംഭവം വച്ചുകൊണ്ടു തെക്കൻ തിരുവിതാംകൂറിൽ ഒരു വർഗ്ഗീയലഹള ഉണ്ടാക്കാൻകൂടി ഈ ദേശീയക്കാർ ശ്രമിച്ചു. കഴിഞ്ഞ രണ്ടോ മൂന്നോ ദിവസങ്ങൾക്കു മുമ്പ് ഞാൻ പത്രങ്ങളിൽ വായിക്കുകയുണ്ടായി, പീരുമേട്ടിൽ ഐ. എൻ. ടി. യു. സി. പ്രവർത്തനങ്ങളിൽ നാടാന്മാർ ഭരിക്കുന്നു എന്ന്. തമിഴ്നാട്ടു മന്ത്രി അവിടെ പോയി അവരെ സഹായിക്കുന്നു എന്നെല്ലാം. അതു് ഈ സഭയിലെ ഒരംഗം പുറപ്പെടുവിച്ച ഒരു സ്റ്റേറ്റുമെൻറാണ്. പീരുമേട്ടിൽ നടക്കുന്നതെന്താണെന്നു എനിക്കു വ്യക്തമായി അറിയാവുന്നതുകൊണ്ടാണ് ഞാൻ ഇതു് പറയുന്നതു്.

Mr. Speaker : May I remind the hon. Member that this is a game in which both parties can play? That is one aspect of the matter.

ശ്രീ. എ. കുഞ്ഞൻ നാടാർ: ഈ കാരണങ്ങൾകൊണ്ടു ഞാൻ പറയുന്നതാണ് സാമുദായികമനഃസ്ഥിതിമൂലം നാട്ടിൽ കലാപങ്ങൾക്കു കാരണമായിത്തീരുമെന്നുള്ള സംഗതി. പീരുമേടു സംഭവത്തെപ്പറ്റി പറയുകയാണെങ്കിൽ അതു കുട്ടിക്കുരങ്ങിനെക്കൊണ്ടു ചോറുവാരിക്കുന്ന ഒരു സംഭവമാണെന്നും നമുക്കറിയാം. കുട്ടിക്കുരങ്ങിനെപ്പറ്റി എനിക്കു പരാതിയില്ല. എന്നാൽ അതിനെക്കൊണ്ടു ചോറുമാന്തിച്ചിട്ട് അതിനെ ഭക്ഷിക്കുന്ന വലിയ കുരങ്ങിനെപ്പറ്റിയാണെനിക്കു പരാതി.

Mr. Speaker : May I tell the hon. Member to realise that the discussion is not at all relevant to the resolution before the House ?

ശ്രീ. എ. കുഞ്ഞൻ നാടാർ : അതുകൊണ്ടാണെനിക്കിത്ര സങ്കടം.

Mr. Speaker : I would go to the extent of preventing this. I cannot allow an hon. Member to be assaulted in this House.

ശ്രീ. എ. കുഞ്ഞൻനാടാർ : നമ്മുടെ സാമുദായിക മനസ്ഥിതിമൂലം നാം വളരെ അധഃപതിച്ച നിലയിൽ എത്തിച്ചേർന്നിരിക്കയാണെന്നുള്ളതു മാത്രമേ എനിക്കു പറയാനുള്ളു. ഇതിനു പരിഹാരമായി ജാതീയ സംഘടനകൾക്കു പൊതുപ്രേരണ ആയതുകൊണ്ടോ സാമുദായിക സംഘടനകൾ പാടില്ല എന്നുള്ളതു നിയമംമൂലം നിരോധിച്ചതുകൊണ്ടോ ആയില്ല. മനുഷ്യർ നന്നാകണം.

ഇവിടത്തെ പത്രങ്ങളെ [illegible]മന്നെ എടുക്കാം. ഞാൻ ഒരു പ്രത്യേക പത്രത്തെപ്പറ്റിയല്ല പറയുന്നതു്. ഇന്നു പത്രപ്രവർത്തനം ഓരോ ജാതിയുടെയും പേരിലാണ് നടത്തിവരുന്നതു്. ആ പത്രങ്ങൾ ഇന്ന് അതാതു ജാതിക്കാരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി മാത്രം എന്താഭാസവും പറയുന്നതിനു തയ്യാറാണ്. ആ ഒരു നില മാറേണ്ടതാണ്. അതിനു ആദ്യമായി മനുഷ്യർ നന്നാകണം. സർ, ജാതി നിലനിൽക്കുന്നിടത്തോളം കാലം ഈ ജാതിമനഃസ്ഥിതിയും നിലനിൽക്കും. നമ്മുടെ സകല പ്രവർത്തന രംഗങ്ങളിലും അതു് ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ തലപൊക്കുകതന്നെ ചെയ്യും. മനുഷ്യർ നന്നായെങ്കിൽ മാത്രമേ ഡെമോക്രസി വളരുകയുള്ളു. ആദ്യമായി അതിനു നാം ജാതിയെ നശിപ്പിക്കുകയാണു വേണ്ടതു്. അതൊന്നുമാത്രമാണിതിനു പരിഹാരമായിട്ടുള്ളതു്. ഇവിടത്തെ ജാതിയുടെ ദുഷിച്ചവശത്തെപ്പറ്റി പറയുമ്പോൾ ഒരുദാഹരണംകൂടി ഞാൻ പറഞ്ഞുകൊള്ളട്ടെ.

ഇവിടത്തെ പൊതുപ്രവർത്തനങ്ങളിൽ ശേഷിമാനും യോഗ്യനും ഏററവും മിതവാദിയും പരിചയസമ്പന്നനുമായ ഒരു വ്യക്തിയാണ് ശ്രീ. പി. എസ്സ്. നടരാജപിള്ള. അദ്ദേഹത്തിനു [illegible] മണിക്കൂർ തികച്ച് ഇവിടെ മന്ത്രിയായിരിക്കാൻ സാധിച്ചില്ല. അതു ജാതിയുടെ പേരിൽ നടന്ന ഒരുജാതിപ്രവർത്തനമാണ്. സർ, ജാതി നിലനിൽക്കുന്നിടത്തോളംകാലം ജാതി സംഘടനകൾ ഉണ്ടെങ്കിലും ശരി ഇല്ലെങ്കിലും ശരി ജാതീയമനോഭാവങ്ങളും ജാതീയപ്രവർത്തനങ്ങളും.............

Mr. Speaker : To what caste does Mr. P. S. Nataraja Pillai belong ?

ശ്രീ. എ. കുഞ്ഞൻ നാടാർ : ജാതി ബലമില്ലാത്ത ഒരു വിഭാഗത്തിൽപ്പെട്ട ഒരാളായതുകൊണ്ടാണ് ഈ കുഴപ്പം വന്നതെന്നാണ് എന്റെ അറിവ്. അതുകൊണ്ടെനിക്കു പറയുവാനുള്ളതു ഈ ജാതിയുടെ ദുഷിച്ച പാരമ്പര്യങ്ങളും ഒരു രൂപത്തിലല്ലെങ്കിൽ മറെറാരു രൂപത്തിൽ പ്രവർത്തനരംഗത്തിൽ തലപൊക്കുമെന്നുള്ളതാണ്. അതുകൊണ്ടു് ജാതി നശിപ്പിക്കണം. അതിനു ഒരേ ഒരു മാർഗ്ഗമേയുള്ളു. ഇൻറർമാര്യേജ്. മിശ്രവിവാഹം. അതിലേയ്ക്കുവേണ്ടി നാം പ്രവർത്തിക്കണം. അതിലേയ്ക്കു ഗവണ്മെൻറ് വേണ്ട നടപടികൾ എടുക്കേണ്ടതാണ്. ശ്രീമാൻ പോററിയോടും എനിക്കീ അപേക്ഷയുണ്ടു്.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: മെംബറുടെ വിവാഹം കഴിഞ്ഞോ?

ശ്രീ. എ. കുഞ്ഞൻ നാടാർ: ഒന്നു കഴിഞ്ഞിട്ടുണ്ടു്.

ശ്രീ. കുഞ്ഞിത്തൊമ്മൻ : ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നു. പ്രമേയത്തിൽ പറയുന്ന തത്വങ്ങൾ അനുസരിച്ചു ഒരു നിയമംമൂലം ഈ രാജ്യത്തെ സമുദായസംഘടനകൾ നിരോധിക്കണമെന്നാണ് ഇതിൽ പറയുന്നതു്. അതു അത്ര ശരിയാണെന്നു എനിക്കഭിപ്രായമില്ല. സമുദായസംഘടനകൾ ഉപയോഗപ്രദങ്ങളായ പല നല്ല കാര്യങ്ങളും ചെയ്തുവരുന്നുണ്ടു്. ജനങ്ങളുടെയിടയിൽ ഈശ്വരവിശ്വാസവും തൻമൂലം സമാധാനവും ഉണ്ടാക്കുന്നതിനു സഹായകമായിരിക്കുന്നതു ഈ സമുദായസംഘടനകളാണ്. അതേ സമയം വർഗ്ഗീയവിരോധമുണ്ടാക്കുന്നതും ഈ രാജ്യത്തിൽ രാഷ്ട്രീയ കുഴപ്പങ്ങൾക്കു കാരണമാകുന്നതും സമുദായസംഘടനകൾ വേണ്ട എന്നു പറയുന്ന പാർട്ടികളുടെ പ്രവർത്തനംമൂലമാണ്. രാഷ്ട്രീയ കാര്യങ്ങളും ഗവണ്മെൻറ കാര്യങ്ങൾ കുറെയെങ്കിലും വർഗ്ഗീയവിരോധമില്ലാതെ നടന്നുപോകുന്നതു മിക്കവാറും ഈ സമുദായനീതി പുലർത്തുന്നതുകൊണ്ടാണ്. ഈ മാതിരി സംഘടനകളെ നിയമംമൂലം നിരോധിക്കുന്നതുകൊണ്ടു മാത്രം സമുദായവിദ്വേഷം നാട്ടിൽ ഇല്ലാതാകുമെന്നു ഞാൻ കരുതുന്നില്ല. ഇപ്പോഴത്തെ നിലയിൽ (സമുദായസൌഹാർദ്ദം ഉണ്ടാകുന്നതുവരെ) സംഘടനകൾ ആവശ്യമാണെന്നു ഞാൻ കരുതുന്നു.

Mr. Speaker : The resolution deals only with communal organisations.

ശ്രീ. കുഞ്ഞിത്തൊമ്മൻ : സമുദായസംഘടനകൾ രാജ്യത്തില്ലാതാകുന്നതുകൊണ്ടോ നിരോധിക്കുന്നതുകൊണ്ടോ യാതൊരു പ്രയോജനവുമുണ്ടാകുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. പ്രമേയ അവതാരകൻ തന്റെ പാർട്ടിയിൽപ്പെട്ടവർ മാത്രം തിരഞ്ഞെടുപ്പുകളിലും മററും സമുദായചിന്തകൂടാതെ പ്രവർത്തിക്കുന്നു എന്നു പ്രസംഗിച്ചതായി കേട്ട പ്രസ്താവന തികച്ചും തെററാണെന്നു മാത്രമല്ല ഇവിടെ വന്നിട്ടുള്ള ആരുംതന്നെ സമുദായങ്ങളുടെ താൽപ്പര്യങ്ങൾ കൂടാതെ ജയിച്ചുവന്നിട്ടുള്ളവരല്ല. എന്റെ അടുത്ത നിയോജകമണ്ഡലത്തിൽനിന്നും നിങ്ങളുടെ പാർട്ടിയിൽ ജയിച്ചുവന്നിട്ടുള്ള ഒരാളുടെ കാര്യം എനിക്കു നേരിട്ടറിയാം. അദ്ദേഹം സഭയിൽ

ഹാജരില്ലാത്തതുകൊണ്ട് അദ്ദേഹത്തിന്റെ പേരു ഞാൻ പറയുന്നില്ല. ആ കാര്യം എനിക്കു പരിപൂർണ്ണമായി അറിവുള്ള സംഗതിയാണ്. വർഗ്ഗീയതമൂലം ഇന്നു നാട്ടിലുണ്ടായിട്ടുള്ള കുഴപ്പങ്ങൾക്കു എത്ര തെളിവു വേണമെങ്കിലും തരാൻ കഴിയുന്നതാണ്. സമുദായസംഘടനകൾ നിരോധിച്ചതുകൊണ്ടു മാത്രം യാതൊരു ഗുണവും ഉണ്ടാകാൻപോകുന്നില്ല. ഇന്നു രാഷ്ട്രീയ സംഘടനകളിൽപ്പെട്ട നേതാക്കന്മാർ ജനങ്ങളുടെയിടയിൽ വർഗ്ഗീയസ്പർദ്ധയും ജാതിസ്പർദ്ധയും പ്രചരിപ്പിച്ചുവരുന്നുണ്ട്. ഈ ജാതിസ്പർദ്ധയും സമുദായസ്പർദ്ധയും അവസാനിപ്പിക്കുവാൻ അവർ ശ്രമിക്കണം.

സാമുദായിക മനോഭാവത്തെപ്പററി പറയുമ്പോൾ മന്ത്രിമാർ ഏതു സമുദായത്തിൽപ്പെട്ടവരായാലും അവരെ മന്ത്രിയായി തെരഞ്ഞെടുത്തുകഴിഞ്ഞാൽ ആ സമുദായത്തിൽപ്പെട്ടവർ മനസ്സുകൊണ്ടെങ്കിലും സന്തോഷിക്കും, തങ്ങളുടെ സമുദായത്തിൽനിന്നും ഒരു മന്ത്രി ഉണ്ടല്ലോ എന്ന്. എന്നാൽ എനിക്കിന്നു ട്രഷറി ബഞ്ചിനോട് പറയാനുള്ളതു നമ്മുടെ രാജ്യത്തിന്റെ നന്മക്കായി ഒരു സമുദായത്തിൽപ്പെട്ട മന്ത്രിമാർ തന്നെയായാലും ഞാൻ അതിനെ അനുകൂലിക്കുവാൻ തയ്യാറാണെന്നാണ്. രാജ്യം നന്നാകണമെന്നുള്ളതാണു ഞാൻ നോക്കുന്നതു്. രാഷ്ട്രീയ കാര്യങ്ങളിലും ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിലും സമുദായസ്പർദ്ധ കടന്നുകൂടാതിരിക്കത്തക്ക നിലയിൽ ഭരണം നടത്തിക്കൊണ്ടു പോകുകയും ചെയ്താൽ തീർച്ചയായും സമുദായസ്പർദ്ധ നശിക്കും. സമുദായസ്പർദ്ധ വിട്ടുമ്പോൾ രാഷ്ട്രീയകാര്യങ്ങളിലും ഗവൺമെന്റുകാര്യങ്ങളിലും നീതി ലഭിക്കും. അപ്പോൾ രാജ്യത്തു സമാധാനമുണ്ടാകും. അതിനോടു ഏതു പാർട്ടിയിൽപ്പെട്ടവരായാലും മിക്കവാറും എല്ലാവരും തന്നെ യോജിക്കുകയും ചെയ്യും. അല്ലാതെ സമുദായസംഘടനകൾ നിരോധിക്കുന്നതിനു നിയമനിർമ്മാണമാവശ്യമാണെന്നോ, സംഘടനകൾ വളരാൻ അനുവദിച്ചാൽ സമുദായസ്പർദ്ധ വർദ്ധിക്കുമെന്നു പറഞ്ഞുകൊണ്ടു അതിലേക്കു ഒരു പ്രമേയം പാസ്സാക്കിയതുകൊണ്ടോ യാതൊരു പ്രയോജനവുമില്ല.

സമുദായസംഘടനകൾ ഇപ്പോഴത്തെ നിലയിൽ ആവശ്യമാണെന്നാണെന്റെ വിശ്വാസം. എന്നാൽ അതു നിയമംമൂലം നിരോധിക്കുന്നതിനു പകരം നമ്മുടെ പ്രവർത്തകന്മാർ ജനങ്ങളുടെയിടയിൽപോയി ആത്മാർത്ഥമായ പ്രചരണം നടത്തിയാൽ ഈ സമുദായസ്പർദ്ധയില്ലാതാക്കാൻ കഴിയും. നിരോധനംകൊണ്ടു അതില്ലാതാക്കാൻ കഴിയുകയില്ല. ഇന്നു സമുദായസംഘടനകളുടെപേരിൽ പണം പിരിച്ചുകൊണ്ടു പല അനാവശ്യങ്ങളും ചെയ്യുന്നുണ്ടെന്നു എന്റെ സ്നേഹിതൻ മി. പോററി പറഞ്ഞുകേട്ടു. സമുദായങ്ങളുടെപേരിൽ പലരും പണം പിരിച്ചു പല നല്ല കാര്യങ്ങളും ചെയ്തു വരുന്നതായി നമുക്കു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. നേരെമറിച്ചു രാഷ്ട്രീയപാർട്ടികളിൽപെട്ടവർ വന്നു അവിടെ ദുരിതം, ഇവിടെ ദുരിതം എന്നെല്ലാം പറഞ്ഞു എന്റെ നാട്ടിലും കൂടിവന്നു പണം പിരിച്ചിട്ടുണ്ട്. ചേർത്തല ദുരിതനിവാരണത്തിനെന്നും പറഞ്ഞു് ചേർത്തലയിലെ സ്ഥിതികൾ അറിഞ്ഞുകൂടാത്തവർ നടന്നു പണം ആവശ്യപ്പെട്ടിട്ടുണ്ട്. ഇങ്ങനെ കിട്ടുന്നപണം ചീട്ടുകളിക്കും മററു സ്വന്തകാര്യങ്ങൾക്കും ഉപയോഗിക്കുന്നു. ഇതാണ് ഇന്നു നടക്കുന്നതു്. ഇതിനു സമു

[ശ്രീ. കുഞ്ഞിത്തൊമ്മൻ]

ദായസംഘടനകളെ കുററം പറഞ്ഞതുകൊണ്ടു പ്രയോജനമില്ല. അവ നിയമംമൂലം നിരോധിച്ചതുകൊണ്ടും പ്രയോജനമില്ല. മദ്യനിരോധനം തന്നെ ഉദാഹരണമാണ്. മദ്യം നിരോധിച്ചെങ്കിലും അതിനുപകരം എസ്സൻസ് ഉപയോഗിച്ച് ആളുകൾ അപകടത്തിൽപെടുന്നില്ലേ? ആദ്യമായി മനുഷ്യർ നന്നാകണം.

അതുപോലെ തന്നെ സമുദായസംഘടനകൾ കഴിയുന്നതും രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടാതെ സാമൂഹ്യപ്രവർത്തനങ്ങളിലും മററും ഇടപെട്ടു പ്രവർത്തിക്കേണ്ടതാണ്. സമുദായസംഘടനകൾ രാജ്യത്തിനു ആപത്തായിത്തീരുകയാണെങ്കിൽ അതിനെ നിരോധിക്കേണ്ടതാണ് സമുദായസ്പർദ്ധയുണ്ടാകാതിരിക്കുന്നതിനു പത്രങ്ങൾക്കും ഒരു പങ്കു വഹിക്കാനുണ്ടു്. പത്രങ്ങളും വർഗ്ഗീയമായി പെരുമാറരുത്. അങ്ങിനെയുള്ളപത്രങ്ങളെ നിരുത്സാഹപ്പെടുത്തണം. സമുദായസ്പർദ്ധ ഉണ്ടാകത്തക്ക പലപല കാര്യങ്ങൾ ഈ രാജ്യത്തുണ്ടായിട്ടുണ്ടു്. രാജ്യത്തിന്റെ നന്മക്കുവേണ്ടി നാം ആത്മാർത്ഥമായി പെരുമാറേണ്ടതാണ്.

ഈ സമുദായസംഘടനകൾകൊണ്ടു് ജനങ്ങൾക്കുണ്ടായിട്ടുള്ള ദോഷങ്ങൾ എന്താണ്, ഗുണങ്ങൾ എന്താണ് എന്നുള്ള കാര്യം എന്റെ സ്നേഹിതൻ ശ്രീ. നാരായണൻ പോററി വിശദീകരിച്ചു കാണുന്നില്ല. ഏതായാലും എനിക്കു പറയാനുള്ളതു ഈ സമുദായികസംഘടനകൾ രാജ്യത്തു ആവശ്യമില്ലെങ്കിൽ അവ ഇല്ലാതാകുന്നതിനു ജനങ്ങളുടെയിടയിൽ ആത്മാർത്ഥമായി പ്രചരണം നടത്തി വിശ്വാസം ജനിപ്പിക്കത്തക്കവണ്ണം പ്രവർത്തിക്കണം. ഈ ഒരു പരമാർത്ഥം മഹാത്മാഗാന്ധിതന്നെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഇന്നു നമുക്കു ക്ഷമയില്ലാത്തതുകൊണ്ടാണ് ഇങ്ങനെയുള്ള കുഴപ്പങ്ങൾക്കിടയാകുന്നതു്. അതുകൊണ്ടു് എനിക്കു പറയാനുള്ളതു് മാന്യസ്നേഹിതൻ ഉദ്ദേശിച്ചിട്ടുള്ള യാതൊരു ഗുണങ്ങളും ഇതുകൊണ്ടുണ്ടാകാൻ പോകുന്നില്ല എന്നാണ്. സമുദായസ്പർദ്ധനശിപ്പിക്കുന്നതിനു ജനങ്ങളുടെയിടയിൽ പ്രചരണം നടത്തണമെന്നും രാജ്യത്തിന്റെ നന്മയ്ക്കുതകുന്ന പ്രവർത്തനങ്ങൾ നടത്തണമെന്നും അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ അവസാനിപ്പിച്ചുകൊള്ളുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ചെങ്ങാരപ്പള്ളി നാരായണൻ പോററി തിരുമേനി ഉന്നയിച്ച വാദഗതിയോടു് ഞാനും യോജിക്കുന്നു. എന്നാൽ സാമുദായികമായ ചിന്താഗതികൾ ഒരു നിയമംമൂലം ഇല്ലാതാക്കാൻ കഴിയുമെന്നാണ് അദ്ദേഹം ഉദ്ദേശിച്ചതെങ്കിൽ അദ്ദേഹം കൊണ്ടുവന്ന വാദമുഖങ്ങൾതന്നെ അതിനു് പ്രായോഗികമായി വരുന്നില്ലെന്നു് പറയേണ്ടിയിരിക്കുന്നു. എന്താണ് തിരുമനസ്സ് എന്നും പോററി എന്നും ഉള്ള പേരു നീക്കാത്തതെന്നു ചോദിച്ചപ്പോൾ ആ സ്ഥാനം നീക്കിയതുകൊണ്ടുമാത്രം ഈ ചിന്താഗതി പോകുന്നതല്ലെന്നു് അദ്ദേഹംതന്നെ സമ്മതിച്ചിട്ടുണ്ടു്. അങ്ങനെയാണെങ്കിൽ സാമുദായികമായ ചിന്താഗതി ഇല്ലാതാക്കുന്നതിനു് ഒരു നിയമം പാസ്സാക്കിയതുകൊണ്ടുമാത്രം യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നതല്ലെന്ന ശ്രീ. കുഞ്ഞിത്തൊമ്മന്റെ അഭിപ്രായത്തോടു ഞാൻ യോജിക്കുകയാണു ചെയ്യുന്നതു്.

സർ, ഈ പ്രമേയം ഞാനാണു അവതരിപ്പിച്ചിരുന്നതെങ്കിൽ അതിന് കുറെക്കൂടി പൊരുത്തമുണ്ടായിരുന്നു. കരുണാകരൻ എന്ന എന്റെ പേരുകൊണ്ട് ജാതി എന്താണ്, മതം എന്താണ് എന്ന് നിശ്ചയിക്കാൻ നിവൃത്തിയില്ല. ക്രിസ്ത്യാനിക്കും ഹിന്ദുവിനും ആ പേരുണ്ട്. പേരിന്റെ പിന്നാലെ ബാക്കിഭാഗം ഇല്ലാത്തതുകൊണ്ട് ഞാൻ നായരാണോ ഈഴവനാണോ, അല്ലെങ്കിൽ, എന്റെ ജാതി എന്താണ് എന്ന് പേരുകൊണ്ട് നിശ്ചയിക്കുവാൻ ഒക്കുകയില്ല. അതാതു വിഭാഗത്തിലുള്ള ആളുകൾ അവരുടെ മനസ്ഥിതികൊണ്ടു അവരവരുടെ സമുദായത്തിൽ മനംമാററം വരുത്തിയാൽ മാത്രമേ ഈ സാമുദായികചിന്താഗതിക്ക് കുറെയൊക്കെ ശമനം വരുത്തുവാൻ സാദ്ധ്യമാകുകയുള്ളൂ. എസ്സ്. എൻ. ഡി. പി. സംഘടനയുടെ അനുഭവം വച്ചുകൊണ്ട് എനിക്ക് ഒരു സംഗതി സ്പഷ്ടമാക്കുവാൻ കഴിയും. ഭഗവാൻ ശ്രീനാരായണഗുരുവിന്റെ സന്ദേശം അനുസരിച്ച്. ഉണ്ടാക്കിയ ആ സംഘടനയുടെ ലക്ഷ്യം ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്നും മതം ഏതായാലും മനുഷ്യൻ നന്നായാൽ മതി എന്നും ആണ്. പക്ഷെ ഒടുവിൽ ആ സംഘടന കേവലം ഒരു സമുദായത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു സംഘടനയായി ത്തീർന്നു. അപ്പോൾ നിയമംകൊണ്ട് ഈ വക കാര്യം നിരോധിച്ചാൽ നാം ഉദ്ദേശിക്കുന്ന ഫലം അതുകൊണ്ട് ഉണ്ടാകാൻ പോകുന്നില്ല. ഈ സാമുദായിക ചിന്താഗതികൾ എത്രയും വേഗത്തിൽ അവസാനിപ്പിക്കുവാൻ സാധിക്കുമോ, അത്രയും വേഗത്തിൽ രാജ്യം നന്നാകുമെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്നവനാണ് ഞാൻ. രാജ്യത്തിന്റെ ക്ഷേമകരങ്ങളായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നു എന്നു പറയുന്നവർക്കെങ്കിലും അവരുടെ പരിപാടികളിലും പ്രവർത്തനങ്ങളിലും ഈ തത്വം സ്വീകരിച്ച് പെരുമാറുന്നത് നന്നായിരിക്കും.

ഈ പ്രമേയം അവതരിപ്പിച്ചുകൊണ്ട് പ്രസ്താവിച്ച കൂട്ടത്തിൽ പ്രമേയകർത്താവു പറഞ്ഞത് എന്റെ പാർട്ടി തെരഞ്ഞെടുപ്പു കാലത്ത് യാതൊരു സാമുദായികക്കൂട്ടുകെട്ടും നടത്തിയിരുന്നില്ല, എന്നാണ്. ഞാൻ അദ്ദേഹത്തെ വെല്ലുവിളിക്കുന്നു. ചവറ തെരഞ്ഞെടുപ്പുകാലത്തു ഞാൻ അവിടെ ഉണ്ടായിരുന്നു. ശ്രീ. പ്രാക്കുളം ഭാസി ഒരു നായർ എന്ന നിലയിൽ ആ സമുദായത്തിലുള്ള ധാരാളം വോട്ടുകൾ സമ്പാദിച്ചിട്ടുള്ളതായി എനിക്കറിയാം. എവിടെയും, ഏതു പാർട്ടിയായാലും സാമുദായിക ചേരിയിൽ നിന്നുകൊണ്ട് തെരഞ്ഞെടുപ്പു കാലത്ത് കുറെ വോട്ടുകൾ പിടിച്ചെടുക്കുമെന്നുള്ളത് സ്വാഭാവികമാണ്. ഇതിൽനിന്നും മോചനം ലഭിക്കണമെന്നുണ്ടെങ്കിൽ ഇത്തരം ഇടുങ്ങിയ സാമുദായിക ചിന്താഗതികളിൽ നിന്നും ജനങ്ങളെ ഉദ്ധരിക്കുന്നതിന് ശരിയായ ഉപദേശങ്ങൾകൊടുത്ത് അവരെ നല്ല വഴിക്കു നയിക്കുകയാണു വേണ്ടത്. ഏതെങ്കിലും ഒരു സിദ്ധാന്തം അതെത്രതന്നെ നന്നായിരുന്നാലും സാർവത്രികമായി പ്രായോഗികമാക്കിത്തീർക്കണമെങ്കിൽ അതിനു കുറെക്കാലം പിടിക്കണം. ഇതു് സാമുദായികം എന്നു വേണ്ട രാഷ്ട്രീയ പരിപാടികൾക്കാണെങ്കിലും വേണം. എന്റെ ബഹുമാന്യസ്നേഹിതനായ പ്രമേയകർത്താവിന് ആദ്യത്തെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്നില്ലെന്നിരിക്കട്ടെ. അതുകൊണ്ട് അദ്ദേഹം നിരാശനാകേണ്ട കാര്യമില്ല. വീണ്ടും തന്റെ സ്വന്തം ആഗ്രഹത്തിൽതന്നെ ഉറച്ചുനിന്നുകൊണ്ട് പ്രവർത്തിക്കണം. പക്ഷെ ഒരിക്കലും ആദർശത്തിൽനിന്നും വ്യതിചലിക്കരുത്. സാമുദായികചിന്താ

[ശ്രീ. കെ. കരുണാകരൻ]

ശതികൾ നീക്കം ചെയ്യുന്നതിനു ശരിയായ പ്രവൎത്തനരീതിയിൽ തന്നെ പരിപാടികൾ ആസൂത്രണം ചെയ്യേണ്ടതാണു്. നല്ല രീതിയിൽ പ്രവൎത്തിച്ചാൽ എത്ര വിരസങ്ങളും വിമുഖങ്ങളുമായ സിദ്ധാന്തങ്ങൾപോലും വിജയിക്കുന്നതാണെന്നു നമുക്കനുഭവമുണ്ടല്ലോ. അഹിംസ, അക്രമരാഹിത്യം എന്നീ സിദ്ധാന്തങ്ങളെ രാഷ്ട്രീയ കാൎയ്യങ്ങളിൽ ഒരു പ്രായോഗിക ആയുധമാക്കാൻ കഴിയുമെന്നു നാം ആരും വിചാരിച്ചിരുന്നില്ല. എന്നല്ല അതൊരു പരാജയമായിരിക്കുമെന്നു ൧൯൪൨ ആഗസ്റ്റ് ൯-ാം തീയതിവരെ ജനങ്ങൾ വിശ്വസിച്ചുപോന്നിരുന്നു. എന്നാൽ മഹാത്മാഗാന്ധി ആ ആദൎശത്തിൽ മുറുകി പിടിച്ചുകൊണ്ടു് അനസ്യൂതമായി നിരന്തരമായി ശ്രമിച്ചു. ആദ്യം ആദ്യം കേവലം ഒരു ശതമാനം ജനങ്ങൾപോലും ആ ആദൎശത്തിൽ വിശ്വസിച്ചിരുന്നില്ല. എങ്കിലും അതു പ്രായോഗികമാക്കുവാൻതന്നെ അദ്ദേഹം പരിശ്രമിച്ചു. ഒടുവിൽ അദ്ദേഹം വിജയിക്കുകയും ചെയ്തു. ഏതൊരു കാൎയ്യവും നിയമംകൊണ്ടു് ശാസിക്കുന്നപക്ഷം മാത്രം വിചാരിക്കുന്ന പ്രയോജനം ഉണ്ടാകണമെന്നില്ല. വിശേഷിച്ചും, ഈ വക കാൎയ്യങ്ങൾ മനുഷ്യന്റെ മാനസികമായ ചിന്താഗതികൾക്കു മാററം വരുത്തുന്നതിനു പകരം നിയമംകൊണ്ടു് നിരോധിക്കുന്നതു് നിഷ്ഫലമായ ഒരു ഉദ്യമം ആയിരിക്കും. നല്ല ഒരു കാൎയ്യമാണെന്നുള്ള ബോധത്തോടുകൂടി പ്രവൎത്തിക്കുവാൻ ഒരു വാസന ജനിപ്പിക്കുകയായിരിക്കും ഏററവും ഫലപ്രദമായ പരിപാടി.

ജാതി തിരിച്ചിട്ടുള്ളതുതന്നെ, എനിക്കതിനെപ്പററി നല്ല നിശ്ചയമില്ല, ഞാൻ അതിനെപ്പററി അന്വേഷിക്കാറുമില്ല ഏതു ജാതിയായാലും മനുഷ്യൻ നന്നായാൽ മതി എന്നു വിശ്വസിക്കുന്നവനാണു ഞാൻ— തൊഴിലിനെ അടിസ്ഥാനപ്പെടുത്തിയാണു്. ഒരു ടെക്സ്റ്റൈൽ മിൽ തന്നെ എടുക്കുക, നൂൽ എടുക്കുന്ന ജോലിയിൽ ഏർപ്പെട്ടിരിക്കുന്നവരെ സ്പിന്നേഴ്സ് എന്നും നെയ്യുന്നവരെ വീവേഴ്സ് എന്നും പറയുന്നില്ലേ. അതുപോലെ ഓരോ ജോലിയിലും ഏർപ്പെട്ടിരിക്കുന്നവൎക്കു് ഓരോ പേരുണ്ടു്. ഇങ്ങനെ വന്നതാണു് ആശാരി, കരുവാൻ, തുടങ്ങിയ ജാതികൾ. അതുകൊണ്ടു് ഒരാൾ മേലാണു് അല്ലെങ്കിൽ കീഴാണു് എന്നു വരുന്നില്ല. എങ്കിലും നിയമേന ആ ഒരു മനോഭാവം ജനങ്ങളുടെ ഇടയിൽ വളൎന്നുവരാൻ തുടങ്ങി. ഇപ്പോൾ ഓരോ ഡിപ്പാർട്ടുമെന്റിലിരിക്കുന്നവർ തന്റെ ഡിപ്പാർട്ടുമെന്റാണു് ഏററവും പ്രാധാന്യം ഉള്ള ഡിപ്പാർട്ടുമെന്റു എന്നു വിചാരിക്കുന്നില്ലേ? അങ്ങനെ ഈ തൊഴിലാളികളും വിചാരിച്ചു. ഒടുവിൽ ജാതീയമായ ഉച്ചനീചത്വമനോഭാവം വളൎന്നുവന്നു. മനുഷ്യസമുദായം നന്നാകണമെന്നുള്ള മനഃസ്ഥിതിയോടുകൂടി ആ സന്ദേശം പ്രചരിക്കണമെന്നാഗ്രഹിക്കുന്ന ആളുകൾ തിരുമേനിയെപ്പോലെ പോററി എന്ന നാമധേയം വയ്ക്കാതെ ജാതീയ ചിന്താഗതികൾ പോകുവാൻവേണ്ടി ജനങ്ങളുടെ ഇടയിൽ ആത്മാൎത്ഥമായി പ്രവൎത്തിക്കയാണു വേണ്ടതു്. അല്ലാതെ കടലാസു പ്രമേയംകൊണ്ടു് യാതൊരു പ്രയോജനവും ഉണ്ടാകുവാൻ പോകുന്നില്ല.

ശ്രീ. കുഞ്ഞിരാത്തമ്മൻ : ഈ പേരുവച്ചുകൊണ്ടു തന്നെ എല്ലാപേരേയും സമഭാവനയായിട്ടു പ്രവൎത്തിച്ചാൽ പോരേ?

ശ്രീ. കെ. കരുണാകരൻ : പേരു മാററുന്നതുകൊണ്ടു് സൗകര്യം കൂടുകയെ ഉള്ളു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ : സർ, ഉന്നതമായ ആദർശങ്ങൾ ഉൾക്കൊള്ളുന്ന ഒരു പ്രമേയമാണു് ശ്രീ. ചെങ്ങരാപ്പള്ളി പി. നാരായണൻ പോററി അവതരിപ്പിച്ചിട്ടുള്ളതു്. ഈ പ്രമേയം അവതരിപ്പിച്ച അവസരത്തിൽതന്നെ എന്റെ മാന്യസ്നേഹിതൻ ഒരു പായിൻറ് ആഫ് ആർഡർ കൊണ്ടുവരികയും ധനകാര്യമന്ത്രി ഇതു അവതരിപ്പിക്കാവുന്നതാണെന്നുള്ള വിധത്തിൽ ഒരഭിപ്രായം പുറപ്പെടുവിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ, ഈ പ്രമേയം ഇവിടെ ആലോചിക്കുന്നതിൽ കവിഞ്ഞു് യാതൊരു ഫലവും ഇല്ലെന്നു് വെളിവാകുന്നുണ്ടു്. അങ്ങനെയാണു് ഞാൻ മനസ്സിലാക്കിയതു്. ഇതിനെപ്പററി ഇവിടെ വേണമെങ്കിൽ കുറെ വാദപ്രതിവാദങ്ങൾ ചെയ്യാം. എന്നാൽ കാൺസ്റ്റിററ്യൂഷണിൽ ഉൾക്കൊണ്ടു് പ്രവൎത്തനത്തിൽ വരുത്തുവാൻ വളരെ പ്രയാസമുണ്ടു്; അങ്ങനെ യാതൊരു പ്രയോജനവും ഇല്ലാത്ത ഒരു പ്രമേയമായിരിക്കും ഇതു് എന്നു അദ്ദേഹം അനുമാനിച്ചതുപോലെയാണു എനിക്കും തോന്നിയതു് എങ്കിലും ഇതേപ്പററി ഒന്നുരണ്ടു് അഭിപ്രായങ്ങൾ പറയുന്നതു് കുറെക്കൂടി പ്രയോജനപ്പെടുമെന്നുള്ള വിചാരത്താൽ ഞാൻ എഴുന്നേററു നിൽക്കുകയാണു്.

സർ, ഈ പ്രമേയത്തെ എതിർക്കുന്നതു് രാഷ്ട്രീയമായ ഒരു കുറവാണെന്നു പറയാതെ നിവൃത്തിയില്ല. ഞാൻ ഏതെങ്കിലും മതത്തിൽ അല്ലെങ്കിൽ സമുദായത്തിൽ നിൽക്കുന്നു എന്നു പറയുന്നതു ഇന്നു രാഷ്ട്രീയമായി മുന്നേറിയിട്ടുള്ള ഒരുവക ആളുകൾക്കു് അത്ര ഇഷ്ടപ്പെടുകയില്ല. അതുകൊണ്ടു് രാഷ്ട്രീയമായി പുരോഗമിച്ചിട്ടുണ്ടെന്നു ഭാവിക്കുന്ന ആളുകളും രാഷ്ട്രീയമായി പ്രവൎത്തിക്കുന്നവരും ജാതിയേയും സമുദായത്തേയും വെറുക്കുന്നുണ്ടു്. പക്ഷെ പുരാതീനമായി നാം അനുഭവിച്ചുകൊണ്ടിരിക്കുന്ന സംസ്കാരത്തെ പരിശോധിക്കുന്നപക്ഷം ഭാരതത്തിലും, വിശിഷ്യ, കേരളത്തിലും ഇന്നു എന്തെങ്കിലും കാര്യമായി സാധിച്ചിട്ടുണ്ടെങ്കിലും എന്തെങ്കിലും ഉന്നമനം ഉണ്ടായിട്ടുണ്ടെങ്കിലും അതിനു് ഇവിടത്തെ സാമുദായികപ്രവൎത്തകന്മാർ ഒരു വലിയ പങ്കു് വഹിച്ചിട്ടുണ്ടെന്നുള്ളതു് സമ്മതിക്കാതെ തരമില്ല. വിദ്യാഭ്യാസംതന്നെ എടുക്കുക. തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിൽ, അല്ലെങ്കിൽ കേരളത്തിൽ, വിദ്യാഭ്യാസസംബന്ധമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ ഇവിടത്തെ സാമുദായികപ്രവൎത്തകരല്ലെ ? ഒന്നാലോചിച്ചാൽ സമുദായം അത്യന്താപേക്ഷിതമാണെന്നു നമുക്കു മനസിലാക്കുവാൻ കഴിയും. നമ്മുടെ ഗവണ്മെൻറിനു വിദ്യാഭ്യാസത്തിൽ വേണ്ടിടത്തോളം പ്രവൎത്തിക്കുവാൻ സാധിക്കാതെ വരുന്ന സന്ദർഭങ്ങളിൽ ഓരോ സമുദായവും അവരുടെ സാമുദായികഅടിസ്ഥാനത്തിൽ നിന്നുകൊണ്ടു് വിദ്യാഭ്യാസത്തിൽ വളരെ വളരെ വിലയേറിയ പ്രവൎത്തനങ്ങൾ നടത്തിയിട്ടുണ്ടു്. കഴിഞ്ഞ മൂന്നു നാലു വർഷങ്ങൾക്കുള്ളിൽ തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തു എത്ര എത്ര കാളേജുകൾ ഉണ്ടാക്കിയിട്ടുണ്ടു്. ഏതെങ്കിലും രാഷ്ട്രീയ പാർട്ടി ഒരു കാളേജു് എങ്കിലും ഉണ്ടാക്കിയിട്ടുണ്ടോ? ഒരു പക്ഷെ അതിനൊരു പിൻബലം കൊടുക്കുന്നതിനു ഇവിടത്തെ രാഷ്ട്രീയ പാർട്ടിക്കു സാധിച്ചില്ലെന്നു വരാം. എല്ലാ കാളേജുകളും സാമുദായിക അടിസ്ഥാന

[ശ്രീ.കെ. പി. കൃഷ്ണമേനോൻ]

...ലാണ് ഉണ്ടാക്കിയിട്ടുള്ളതു്. എന്റെ ബഹുമാന്യസ്നേഹിതനും എന്റെ സമുദായത്തിലെ ഉന്നതനേതാവുമായ ശ്രീ. മന്നത്തു പത്മനാഭനെ ഈ അവസരത്തിൽ സ്മരിക്കാതെ നിവൃത്തിയില്ല.

ശ്രീ. കെ. കെ. കുമാരപിള്ള: അദ്ദേഹം ഏതു സമുദായത്തിന്റെ നേതാവാണു്?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: എന്റെ സമുദായത്തിലെന്നപോലെ ബഹുമാനപ്പെട്ട മെംബറുടെ സമുദായത്തിലെയും നേതാവാണു്.

ശ്രീ. കെ. കെ. കുമാരപിള്ള: പിന്നെ എന്തുകൊണ്ടാണു് പത്മനാഭൻ എന്നു മാത്രം പറഞ്ഞതു്?

ശ്രീ. കെ. പി. കൃഷ്ണമേനോൻ: അതിനെപ്പററി ഇപ്പോൾ പറയണമെന്നു വിചാരിക്കുന്നില്ല.

അദ്ദേഹം അദ്ദേഹത്തിന്റെ ജീവിതംപോലും അർപ്പിച്ചു് ഈയിടെ ഉണ്ടാക്കിയിട്ടുള്ള കാളേജുകൾ സമുദായത്തിന്റെ പേരിലല്ലെങ്കിൽ ഉണ്ടാകുമായിരുന്നില്ല. അതുകൊണ്ടു് സാമുദായിക അടിസ്ഥാനത്തിൽ ഉള്ള ചിന്താഗതികൾക്കു് രാഷ്ട്രീയ പരിഗണനകളിൽ എന്തെല്ലാം കുറവുകൾ കണ്ടിരുന്നാലും കാര്യനടത്തിപ്പിനും സാംസ്കാരികവും സാമ്പത്തികവുമായ നമ്മുടെ വളർച്ചയ്ക്കും ആ ചിന്താഗതി തീരെ ഇല്ലാതെ വരുന്നതുകൊണ്ടു് വിഘാതം നേരിടുമെന്നു തീർത്തു പറയേണ്ടിയിരിക്കുന്നു. ഒരു കാര്യത്തിൽ പ്രമേയകർത്താവിനോടു് ഞാൻ യോജിക്കുന്നു. രാജ്യനന്മയെ ആദ്യം മാനിക്കുക. സമുദായത്തെ അതിനുശേഷം നോക്കുക. രാജ്യത്തോടുള്ള കടപ്പാടു ആദ്യം കാണുക. പിന്നെ സമുദായത്തോടും അല്ലെങ്കിൽ മതത്തോടും ഉള്ള കടപ്പാടു കാണുക. ഇന്നു കുററക്കാരുടെ ലിസ്ററു എടുത്തു നോക്കുന്നപക്ഷം സമുദായചിന്ത ഉള്ളവരുടെ ഇടയിൽ, ദൈവത്തെ വിശ്വസിക്കുന്നവരുടെ ഇടയിൽ, കുററങ്ങൾ ചെയ്തിട്ടുള്ളവരുടെ സംഖ്യ കുറഞ്ഞുവരുന്നുണ്ടു്. അതുകൊണ്ടു് സന്മാർഗ്ഗികമായ നിലയിൽ നോക്കിയാലും സാമുദായികചിന്തയും സമുദായസംഘടനകളും ആവശ്യമാണെന്നു കാണാം. അതിനാൽ ഈ പ്രമേയത്തിലെ തത്വത്തോടു് ഞാൻ ആത്മാർത്ഥമായി യോജിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രായോഗികമായ വിഷമതകളെ പരിഗണിക്കുമ്പോൾ എനിക്കു് ഈ പ്രമേയത്തെ എതിർക്കേണ്ടതായിട്ടാണിരിക്കുന്നതു്.

ശ്രീ ഒ. സി. നൈനാൻ: സർ, ഞാൻ പ്രമേയകർത്താവിന്റെ പ്രസംഗം ആദ്യവസാനം വളരെ ശ്രദ്ധയോടുകൂടി കേട്ടുകൊണ്ടിരിക്കുകയായിരുന്നു. അദ്ദേഹം പ്രമേയത്തെ ആസ്പദമാക്കി ചെയ്യുന്ന പ്രസംഗത്തിന്റെ ആശയം ആർക്കും സ്വീകാര്യയോഗ്യമാണെന്നാണെന്റെ അഭിപ്രായം. എന്നാൽ, പ്രമേയത്തിൽ അടങ്ങിയിരിക്കുന്ന ആശയം മറെറാന്നാണു്. ഇവ തമ്മിൽ ഒരു പൊരുത്തവും ഇല്ല. അങ്ങനെ പ്രസംഗം ഒരുവിധത്തിൽ, പ്രമേയം മറെറാരുവിധത്തിൽ. സമുദായ സംഘടനകൾ നിയമംമൂലം നിരോധിക്കണമെന്നുള്ളതാണു പ്രമേയത്തിന്റെ ഉള്ളടക്കം. പ്രസംഗവും പ്രമേയത്തിന്റെ ഉള്ളടക്കവുമായിട്ടു യാതൊരു ചേർച്ചയുമില്ലാതാണിരിക്കുന്നതു്. അദ്ദേഹം പറയുന്നതു്, സമുദായങ്ങളുടെ

എണ്ണം കൂടിയതുകൊണ്ടാണ് സാമുദായികവൈരുദ്ധ്യമുണ്ടാകുന്നതെന്നും, അഭിപ്രായവ്യത്യാസമുണ്ടാകുന്നതെന്നും ആണ്. രാഷ്ട്രീയമായി പലവിധ പ്രത്യാഘാതങ്ങളും സാമുദായികചിന്തകളും ഇതിൽനിന്നുമാണ് ഉത്ഭവിക്കുന്നതെന്നും അതുകൊണ്ട്, ഒരു നിയമംമൂലം സമുദായസംഘടനകളെ നിരോധിക്കണമെന്നും മററുമാണ്. സാമുദായികമനോഭാവത്തോടുകൂടിയുള്ള പ്രവർത്തനങ്ങൾ ചിലപ്പോൾ രാഷ്ട്രീയമായ പല കുഴപ്പങ്ങൾക്കും ഇടകൊടുക്കുമെന്നുള്ളതു് ഞാൻ സമ്മതിക്കാം. എനിക്കതിൽ അഭിപ്രായവ്യത്യാസവുമില്ല. എങ്കിലും സമുദായ സംഘടനകളെയെല്ലാം ഒരു നിയമംമൂലം നിരോധിക്കണമെന്നു പറയുന്നതിനോട് എനിക്കു ഒരുവിധത്തിലും യോജിക്കുവാൻ നിവൃത്തിയില്ല. നമ്മുടെ രാജ്യത്തിന്റെ ചരിത്രപരമായ സംഗതികളിലേക്കു് നാം ഒന്നു കണ്ണോടിക്കുകയാണെങ്കിൽ സാംസ്കാരികമായും, സാമൂഹ്യമായുംമററും രാജ്യശ്രേയസ്സിനുതകുന്ന പല നന്മകളും സമുദായ സംഘടനകൾ മൂലമാണ് നാം ആർജ്ജിച്ചിട്ടുള്ളതെന്നു മനസ്സിലാക്കാവുന്നതാണ്. മിസ്റ്റർ. ഡെപ്യൂട്ടിസ്പീക്കർ പ്രസ്താവിച്ചതുപോലെ സാമുദായികസംഘടനകൾ രാജ്യത്തിൽ വിദ്യാഭ്യാസപരമായി ചെയ്തിട്ടുള്ള നന്മകൾ ആർക്കും ഒരിക്കലും ലഘുവാക്കിയോ ചെറുതാക്കിയോ പറയാവുന്നതല്ല. വിദ്യാഭ്യാസപരമായിട്ടുള്ള കാര്യങ്ങളിൽ മാത്രമല്ല, കാരുണ്യപരമായും ഓരോ സമുദായങ്ങൾ ചെയ്തതും ചെയ്യുന്നതുമായ നന്മകളെ നാം ഓർക്കേണ്ടതാണ്. മാത്രമല്ല; ആവിധ സമുദായസംഘടനകളോടും അതിന്റെ പ്രവർത്തകരോടും നാം എന്നെന്നും നന്ദിയുള്ളവരായിരിക്കേണ്ടതുമാണ്. ഓരോ സമുദായസംഘടനകൾ രാജ്യത്തിനകത്തു് ഇന്നും വിദ്യാഭ്യാസപരമായും, കാരുണ്യപരമായും, പല കാര്യങ്ങൾ വളരെ ജാഗ്രതയോടുകൂടി പ്രവർത്തിച്ചുവരുന്നുണ്ടു്. അങ്ങനെ പ്രവർത്തിക്കുന്നവരുടെ പ്രവർത്തനങ്ങളെ, അല്ലെങ്കിൽ ഉദ്ദേശങ്ങളെ വിഘാതപ്പെടുത്തുകയും അവരുടെ സംരംഭങ്ങളിൽ നിന്നും അവരെ നിരുത്സാഹപ്പെടുത്തുകയും മററും ചെയ്യുന്നതായ വിധത്തിലുള്ള ഒരു നിയമം കൊണ്ടുവരണമെന്നുള്ള അഭിപ്രായം ഒരിക്കലും രാജ്യത്തിന്റെ അഭിവൃദ്ധിക്കു് യോജിച്ചതാണെന്നു വിചാരിക്കാൻ ന്യായം കാണുന്നില്ല. പിന്നെ, എന്താണ് ഇങ്ങനെയൊരു പ്രമേയം കൊണ്ടുവരുന്നതിനു എന്റെ സ്നേഹിതൻ ശ്രീ. പോററിയെ പ്രേരിപ്പിച്ചതെന്നു നോക്കുകയാണെങ്കിൽ അദ്ദേഹത്തിന്റെ സമുദായത്തിൻ പെട്ടവർ സങ്കുചിതമനസ്ഥിതിയോടുകൂടി രാഷ്ട്രീയകാര്യങ്ങളിൽ ഇടപെട്ടതുകൊണ്ടാണെന്നാണ് ഞാൻ വിചാരിക്കുന്നതു്. അല്ലെങ്കിൽ രാഷ്ട്രീയകാര്യങ്ങളിൽ പ്രവർത്തിക്കുന്ന ആളുകളിൽ ചിലർ സമുദായത്തെക്കൊണ്ടു മുതലെടുക്കുന്നതിനു ശ്രമിക്കുന്നുവെന്നുള്ളതാണ് അതിന്റെ മറെറാരുവശം. ഉദാഹരണമായി പറയുകയാണെങ്കിൽ നായർ സമുദായത്തിൽ ഉള്ള ഒരാൾ നിയമസഭയിലേക്കു് ഒരു സ്ഥാനാർത്ഥിയായി നിൽക്കുമ്പോൾ, "ഞാൻ നായർസമുദായത്തിലുള്ള ആളായതുകൊണ്ടു് എല്ലാം നായന്മാരും എനിക്കു വോട്ടു തരണമെന്നും എന്നെ ജയിപ്പിക്കണമെന്നും, എന്നെ ജയിപ്പിച്ചെങ്കിൽമാത്രമെ ആ സമുദായത്തിന്റെ അഭ്യുന്നതിക്കുവേണ്ടി പ്രവർത്തിക്കാൻ സാധിക്കുകയുള്ളു എന്നുംമററും പ്രസംഗിച്ചിട്ടാണ് സ്ഥാനാർത്ഥിയായി തുടരുന്നതു്. എന്റെ നിയോജകമണ്ഡലത്തിൽ മറെറാരു ജാതിയിൽപ്പെട്ട ആൾ കൂടുതൽ വോട്ടുകിട്ടിസ്ഥാനാർത്ഥിയായി പോകാൻഇടയായാൽനമ്മുടെ സമുദായത്തിനു ദോഷമുണ്ടാകുമെന്നും മററുമാണ് സാധാരണ പ്രസംഗം"

[ശ്രീ. ഓ. സി. ഐനൈനാൻ]

ഇങ്ങനെയുള്ള വഴിപിഴച്ച പ്രസംഗത്തിന്റെ ഫലമായിട്ടാണ് അനർഹമായ സമുദായസ്നേഹവും അന്യസമുദായവിദ്വേഷവും മററും ഉണ്ടാകുന്നതും, ഉണ്ടായിട്ടുള്ളതും. അങ്ങനെ പൊതുജനങ്ങളിൽ ഒരു ഭാഗം ഈ വിധം ദുഷിച്ച വശങ്ങളിലേക്ക് പോകുന്നുവെന്നുള്ള കാര്യം നാം ഒരിക്കലും വിസ്മരിക്കാവുന്നതല്ല. ശ്രീമാൻ പോററിയുടെ പ്രമേയത്തിൽ ഉൾക്കൊണ്ടിട്ടുള്ള തത്വത്തെ ഞാൻ മുൻപറഞ്ഞ കാരണങ്ങളാൽ സ്വീകരിക്കത്തക്കതാണോ അതോ സ്വീകരിക്കത്തക്കതല്ലയോ എന്നാണ് ഇനിയും നോക്കേണ്ടത്. അദ്ദേഹത്തിന്റെ പ്രസംഗത്തിലെ ആശയപ്രകടനം എന്താണെന്നു വെച്ചാൽ അതിന്റെ തത്വം അംഗീകരിച്ചു ഈ പ്രമേയം ഈ നിയമസഭ പാസാക്കിക്കൊടുക്കണമെന്നുള്ളതാണ്. അങ്ങനെ പാസാക്കിക്കൊടുത്താലുണ്ടാകുന്ന ഗുണമെന്താണ്? അല്ലെങ്കിൽ ദോഷമെന്താണ് എന്നു നമുക്ക് ഒന്നു പരിശോധിക്കാം. അദ്ദേഹത്തിന്റെ ഉദ്ദേശപ്രകാരം അതിലെ വാചകത്തിൽ ഈ പ്രമേയം പാസ്സായാൽതന്നെയും ഒരു ഗുണവുമുണ്ടാകുമെന്ന് ഞാൻ വിചാരിക്കുന്നില്ല. തിരുവിതാംകൂർ-കൊച്ചിയിൽ നിലവിലുള്ള ഏതെങ്കിലും ജാതിയുടെയോ ജാതി വിഭാഗത്തിന്റെയോ പേരിൽ സംഘടിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കണമെന്നാണ് അദ്ദേഹം പറയുന്നത്. അതായത്, നിയമപ്രകാരം ഈ സ്ഥാപനങ്ങളെല്ലാം അസാധുവാക്കണമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. അല്പനിമിഷത്തേക്ക് അദ്ദേഹത്തിന്റെ പ്രമേയം ഈ സഭ അനുവദിച്ചുകൊടുത്തു എന്നു വിചാരിക്കുക. ജനകീയ ഗവണ്മെന്റ് ആകയാൽ നിലവിലുള്ള ഗവണ്മെന്റ് ഒരു നിയമംമൂലം ഉടനെ ഇതുനടപ്പിൽവരുത്തേണ്ടതാണ്. അതിന്റെ ഫലം എന്തായിരിക്കും എന്നുകൂടി ഒന്നു ചിന്തിക്കേണ്ടതാണ്. ഇവിടെ ചിലർ എസ്സ്. എൻ. ഡി. പി. യോഗത്തെപ്പററി സംസാരിച്ചു, നായർ സർവ്വീസ് സൊസൈററിയെപ്പററി സംസാരിച്ചു മാത്രമല്ല, ക്രൈസ്തവവിഭാഗത്തിൽപ്പെട്ട അനേകം സംഘടനകളെപ്പററി സംസാരിക്കാനും ഉണ്ട്. അങ്ങനെയിരിക്കെ ഈ സംഘടനകളും പ്രവർത്തകരും ഇന്നും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പല സംഘടനകളേയും പ്രവർത്തനങ്ങളേയും നിയമം മൂലം തടഞ്ഞിട്ട് അവരെ അതിൽനിന്നും വിരമിപ്പിക്കണം. അങ്ങനെ അവർ ഉടനെ സ്വയം വിരമിച്ചില്ലെങ്കിൽ അവരെല്ലാം ശിക്ഷാർഹരാണ്. ഒരു സംഘടന ഒരു ആശുപത്രി നടത്തുന്നുവെങ്കിൽ ആ ആശുപത്രി ഉടൻതന്നെ അടച്ചുപൂട്ടണം. ആരെങ്കിലും ഒരു രോഗിയെ അവിടെ കൊണ്ടുചെന്നാൽ സംഘടന നിരോധിച്ചതിന്റെ പേരിൽ രോഗിയെ അവിടെ കയററാൻ പാടില്ല; മാത്രമല്ല, കൊണ്ടുവന്ന ആളിനെക്കൂടി ശിക്ഷിക്കണം. വാദ്ധ്യാന്മാരെയും സ്കൂൾനടത്തിപ്പുകാരെയും ശിക്ഷിക്കണം ഇതൊക്കെയാണ് ഈ പ്രമേയം പാസ്സാക്കിവിട്ടാലുള്ള ദോഷം.

ശ്രീ. എ. താണുപിള്ള: സാമുദായസംഘടനാ പ്രവർത്തകർ കാൺഗ്രസ് കമ്മിററിയിൽ അംഗമായിരിക്കാൻ പാടില്ലെന്നു വല്ല വ്യവസ്ഥയുമുണ്ടോ?

ശ്രീ. ഓ. സി. ഐനൈനാൻ: രാഷ്ട്രീയഉദ്ദേശമുള്ള സാമുദായികസംഘടനകളിൽ പ്രവർത്തനം നടത്തുന്നവർ ഇൻഡ്യൻ നാഷണൽ കാൺഗ്രസ്സിന്റെ അംഗമായിരിക്കാൻ പാടില്ലെന്നു വ്യവസ്ഥയുണ്ട്. രാഷ്ട്രീയ

ലാക്കോട്ടുകൂടിയ ഒരു സമുദായ സംഘടന പ്രവർത്തനം നടത്തുന്നു എങ്കിൽ അതിനെ തടയണമെന്നുണ്ടെങ്കിൽ വേറെ ഒരു പ്രമേയം ഇവിടെ കൊണ്ടു വരണം. അതും, നിയമം മൂലം തടയുന്നതു ശരിയല്ലെന്നാണെന്റെ അഭിപ്രായം. എന്നാൽ ഈ അസംബ്ലിയുടെ മുമ്പിലിരിക്കുന്ന ഈ പ്രമേയം പാസ്സാക്കിയാലുണ്ടാകുന്ന വിപത്തിനെപ്പററിയാണു് ഞാൻ മുമ്പു് ചൂണ്ടിക്കാണിച്ചിട്ടുള്ളതു്. അനവധി ധർമ്മസ്ഥാപനങ്ങൾ, വിദ്യാലയങ്ങൾ, ആശുപത്രികൾ മുതലായവ ഓരോ സമുദായങ്ങൾ നമ്മുടെ നാട്ടിൽ നടത്തിവരുന്നതുകൊണ്ടു ഗവണ്മെൻറിനുള്ള ആ ചുമതലയെ അവർ ലഘൂകരിക്കുകയാണു് ചെയ്യുന്നതെന്നു അല്പം ചിന്തിച്ചാൽ മനസ്സിലാകും.

ശ്രീ. ടി. കെ. ദിവാകരൻ: ഈ പ്രമേയമനുസരിച്ചു് ഒരു നിയമം ഉണ്ടാകുകയാണെങ്കിൽ ആ നിയമത്തിൽ സ്കൂളുകളും ആശുപത്രികളും എന്തു ചെയ്യണമെന്നുള്ളതിലേക്കു് വ്യവസ്ഥ കാണുകയില്ലേ?

ശ്രീ. ഓ. സി. മെനനാൻ: ഈ പ്രമേയത്തിലടങ്ങിയിരിക്കുന്ന കാര്യങ്ങൾക്കു് ആവശ്യമായ രൂപത്തിലുള്ള ഒരു നിയമനിർമ്മാണമാണു് ഉണ്ടാകേണ്ടതെന്നു് പ്രത്യേകം പറയുന്നുണ്ടു്. അങ്ങനെ പ്രമേയത്തിന്റെ ആശയത്തിനു വിധേയമായി ഒരു നിയമനിർമ്മാണം ഉണ്ടാക്കണമെന്നു പറയുന്നതിനോടു എനിക്കു യോജിക്കാൻ നിവൃത്തിയില്ലെന്നേ ഞാൻ പറയുന്നുള്ളു. എന്നുമാത്രമല്ല, നിയമനിർമ്മാണം ഉണ്ടായാൽ തന്നെയും മേലാലുണ്ടാകുന്ന കാര്യങ്ങളെ സംബന്ധിച്ചല്ലാതെ ഒരു റിട്രാസ്പെക്ടീവു് ഇഫെക്ററുകൂടി കൊടുക്കണമെന്നു പറയുന്നതു ഒരു കാരണവശാലും ശരിയാണെന്നു തോന്നുന്നില്ല. നമ്മുടെ രാജ്യത്തു പല സമുദായങ്ങളും മതവിഭാഗങ്ങളും ഉണ്ടു്. എല്ലാ മതവിഭാഗങ്ങളും ഒരേ സമുദായമായിട്ടു് പരിഗണിക്കണമെന്നാണു ഇവിടെ പറഞ്ഞിരിക്കുന്നതു്. അതു ശരിയല്ലം ഒരേ വിഭാഗക്കാരെന്നു പറഞ്ഞാൽ, നമ്മുടെ സംസ്ഥാനത്തു പല മതങ്ങൾ ഉണ്ടു് എന്നു ഓർക്കണം. പല കമ്മ്യൂണിററികൾ ഉണ്ടു്, ഇതിൽ ഏതു മതക്കാർ ഏതു സമുദായമാണെന്നു ശ്രീമാൻ പോററി പ്രമേയം കൊണ്ടുദ്ദേശിക്കുന്നതെന്നു പ്രമേയത്തിൽ സ്പഷ്ടമാകുന്നില്ല. പഴയ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം രാജ്യത്തുള്ള പല നല്ല സ്ഥാപനങ്ങളെയും തകർക്കാൻ തക്കവണ്ണം ഒരു നിയമനിർമ്മാണം ചെയ്യണമെന്നു പറയുന്നതിന്റെ ഔചിത്യം തന്നെ എന്താണെന്നാണു് ഞാൻ ചോദിക്കുന്നതു്? പ്രമേയത്തിന്റെ വെളിച്ചത്തിൽ നോക്കിയാൽ ഓരോ സമുദായക്കാരും വളരെ വളരെ ധനം ചെലവുചെയ്തു ഉണ്ടാക്കിയിരിക്കുന്ന പള്ളിക്കൂടങ്ങളും ആശുപത്രികളും മററും കണ്ടുകെട്ടണമെന്നാണു ഉദ്ദേശിക്കുന്നതെന്നു തോന്നുന്നു. അവരെ അറസ്റ്റു് ചെയ്യുണ്ടാ എങ്കിൽ **underground** ആകണം. എന്നാൽ മതവിദ്വേഷങ്ങളും സമുദായവിദ്വേഷങ്ങളും നാട്ടിൽ കുഴപ്പമുണ്ടാകാതിരിക്കാൻ ഉതകുന്നതായ ഏതെങ്കിലും നിയമനിർമ്മാണം ഉണ്ടാക്കണമെന്നു പറഞ്ഞിരുന്നുവെങ്കിൽ എനിക്കു കുറെക്കൂടി മനസ്സിലാക്കാൻ സാധിക്കുമായിരുന്നു. നേരെ മറിച്ചു് ഈ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം നിയമവിരുദ്ധമാക്കുന്നതിനു ഒരു നിയമം കൊണ്ടുവരണമെന്നു പറയുന്നതു് അംഗീകരിക്കത്തക്കതല്ല. തീരെ ആലോചനാരഹിതമാണു്.

ശ്രീ. ടി. കെ. ദിവാകരൻ: നിയമവിരുദ്ധമായി പ്രഖ്യാപിക്കണ പ്രമേയത്തിൽ പറഞ്ഞിട്ടുണ്ടോ?

ശ്രീ. ഓ. സി. നൈനാൻ: നിരോധിക്കണമെന്നു പറഞ്ഞാൽ നിയമവിരുദ്ധമാകണമെന്നല്ല അർത്ഥം. ആശുപത്രി മുതലായ സംഘടനകൾ നിരോധിക്കണമെന്നു പറഞ്ഞാൽ നിയമവിരുദ്ധമാണെന്നാണ് അർത്ഥമാക്കേണ്ടതു്.

ശ്രീ. ഇ. പി. വർഗീസ്: ആശുപത്രി ഒരു സംഘടനയാണോ?

ശ്രീ. ഓ. സി. നൈനാൻ: സംഘടനയല്ലെങ്കിൽ സമുദായപരമായ സംഘടനയുടെ ഒരു ഘടകമാണ്. സംഘടനകൾ നടത്തുന്നതാണ്. സംഘടനകൾ എന്നു പറഞ്ഞാൽ കാൺസ്റ്റിറ്റ്യൂഷൻ എന്നാണ് ഇംഗ്ലീഷു വാക്ക്. ഈ കാൺസ്റ്റിറ്റ്യൂഷൻ നിരോധിക്കണമെന്നു പറഞ്ഞാൽ മുഴുവൻപോകും. വൃക്ഷം വെട്ടണമെന്നു തീരവിട്ടാൽ അതിന്റെ ശിഖരം നിൽക്കണമെന്നു അർത്ഥമാകുമോ? ഒരിക്കലും ഇല്ല.

ഒരു വൃക്ഷത്തിന്റെ തടിവെട്ടി അതിന്റെ ശിഖരം നിൽക്കണമെന്നു പറഞ്ഞാൽ നിൽക്കുമോ? നിൽക്കുകയില്ല. സംഘടനകളാണ് ഈ ആശുപത്രികളും പള്ളിക്കൂടങ്ങളും നടത്തിക്കൊണ്ടിരിക്കുന്നതു്. ആ സംഘടനകളെ നിരോധിച്ചാൽ പിന്നെ എങ്ങനെ അതിന്റെ ഭാഗങ്ങളായ ഈ സ്ഥാപനങ്ങൾ നടക്കും?

ശ്രീ. ടി. എ. മജീദ്: ഈ സ്ഥാപനങ്ങളെല്ലാം സംരക്ഷിക്കുവാനുള്ള വ്യവസ്ഥയിലാണ് സംഘടനകളെ നിരോധിക്കുന്നതെങ്കിൽ അതിനു വിരോധമുണ്ടോ?

ശ്രീ. ഓ. സി. നൈനാൻ: ആ സംഘടനകളെയെല്ലാം സംരക്ഷിച്ചുകൊള്ളാം സംഘടനകൾ നടത്തുന്ന ധർമ്മസ്ഥാപനങ്ങളും പള്ളിക്കൂടങ്ങളും എല്ലാം പുലർത്തിക്കൊള്ളാം എന്നുള്ള തരത്തിൽ ഒരു പ്രമേയം കൊണ്ടുവരുമ്പോൾ അതിനെപ്പറ്റി ആലോചിക്കാം. ഈ പ്രമേയത്തിൽ അതൊന്നും ഇല്ല. നേരെമറിച്ചാണുള്ളതു്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: അദ്ദേഹത്തിനു് ഈ സ്ഥാപനങ്ങളെയെല്ലാം നശിപ്പിക്കണം എന്നു് ഉദ്ദേശമുണ്ടെന്നാണോ മെംബറുടെ വിചാരം?

ശ്രീ. ഓ. സി. നൈനാൻ: പ്രമേയകർത്താവിനു അങ്ങനെ ഒരു ഉദ്ദേശമുണ്ടെന്നു എനിക്കു വിചാരമില്ല. എന്നാൽ ഈ പ്രമേയം പാസ്സാക്കിയാൽ ഉണ്ടാകുന്നതു് അതായിരിക്കും. എന്നുതന്നെയല്ല ഇതിൽ മേലാലുള്ള കാര്യങ്ങളെ സംബന്ധിച്ചു് ഒന്നും തന്നെ പറയുന്നില്ല.

Mr. Speaker: If the existing things are to be penalised does it mean that things which will come hereafter will be legalised?

Shri O. C. Ninan: It is an arguable point.

ഇപ്പോൾ ഉള്ളതിനെ നിരോധിച്ചാൽ തന്നെ മേലാൽ ഉള്ളതിനെപ്പറ്റി ഒന്നും ഇതിൽ പറയുന്നില്ലല്ലോ?

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : സർ, ഒരു പായിൻറ ഓഫ് ആർഡർ, ഈ പ്രമേയം പാസായാൽതന്നെയും പള്ളികളേയും ധർമ്മാശുപത്രികളേയും നിയന്ത്രിക്കണം എന്ന് അർത്ഥമില്ല.

ശ്രീ. ഒ. സി. നൈനാൻ : അദ്ദേഹത്തിൻെറ ഉദ്ദേശം ഏതായിരുന്നാലും ഈ നിയമസഭയിൽ പാസാകുന്ന പ്രമേയം ഇന്നതാണെന്ന് നിയമസഭയുടെ പ്രൊസീഡിംഗ്സിൽ കാണും. പത്രങ്ങളിലും കാണും. എൻെറ സ്നേഹിതൻ ഇവിടെയിരുന്നു ഇങ്ങനെയൊന്നും വരികയില്ലെന്നു പറഞ്ഞാൽ അതിന് എന്തുവിലയാണ് ഉള്ളത്? അദ്ദേഹത്തിന് സാമുദായിക സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങളെ സംരക്ഷിക്കണമെന്നുണ്ടെങ്കിൽ അദ്ദേഹം ഈ പ്രമേയം പിൻവലിച്ച് വേറെ ഒരു പ്രമേയം കൊണ്ടുവന്നാൽകൊള്ളാം. ഈ പ്രമേയംമൂലം സ്ഥാപനങ്ങളെ സംരക്ഷിക്കാൻ ഒരിക്കലും സാദ്ധ്യമല്ല. അതുകൊണ്ട് ഞാൻ ഈ പ്രമേയത്തെ വളരെ ശക്തിയായി എതിർക്കുന്നു.

ശ്രീ. പി. സദാശിവൻപിള്ള : സർ, ഈ പ്രമേയത്തെ ഇന്നിവിടെ അവതരിപ്പിച്ച രീതിയിൽ സ്വീകരിക്കുന്നതിന് നിവൃത്തിയില്ലാത്തതിൽ ഖേദിക്കുന്നു. ഇന്ന് നമ്മുടെ മുമ്പിൽ അവതരിപ്പിച്ചിരിക്കുന്ന ഈ പ്രമേയം തികച്ചും അപൂർണ്ണവും അതു് പാസാക്കുന്ന പ്രവൃത്തി നിഷ്പ്രയോജനവും ആയതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നതു്. നമ്മുടെ മുമ്പിൽ ഇരിക്കുന്ന പ്രമേയം നാം അപഗ്രഥിച്ചുനോക്കുകയാണെങ്കിൽ നമുക്ക് കാണാം ഇന്ന് നിലവിലുള്ള ഏതെങ്കിലും ജാതിയുടേയോ ജാതിവിഭാഗങ്ങളുടേയോ പേർ സംഘടിപ്പിച്ചിട്ടുള്ള സാമുദായിക സ്ഥാപനങ്ങളെ മാത്രമേ ഈ പ്രമേയം ബാധിക്കുകയുള്ളു എന്ന് . അങ്ങനെ നോക്കുകയാണെങ്കിൽ ഇന്ന് ഈ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന സാമുദായിക സംഘടനകളെ മുഴുവൻ നിരോധിക്കുന്നതിനോ അവയുടെ പ്രവൃത്തി പ്രതിബന്ധപ്പെടുത്തുന്നതിനോ പ്രമേയപ്രയോക്താവ് ആഗ്രഹിക്കുന്നില്ലെന്നു കാണാം. ശ്രീനാരായണധർമ്മപരിപാലനയോഗം എന്നു പറയുന്നതു് ഒരു ജാതിയുടേയോ ജാതിവിഭാഗങ്ങളുടേയോ പേരു നോട്ട് ഘടിപ്പിച്ചിട്ടുള്ള ഒരു സാമുദായിക സംഘടനയല്ല. അതുപോലെ നമ്പൂതിരിമാരുടെ ഒരു സംഘടനയായ യോഗക്ഷേമസഭ ഒരു സാമുദായിക സംഘടനയല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻപോററി : അതിന് നമ്പൂതിരി യോഗക്ഷേമസഭ എന്നാണ് പേർ.

ശ്രീ. പി. സദാശിവൻപിള്ള : ഇങ്ങനെ നോക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ സാമുദായിക സംഘടനകളേയും നിരോധിക്കണമെന്ന് പ്രമേയപ്രയോക്താവിന് ഉദ്ദേശമില്ലെന്നു തോന്നിപ്പോകും. പക്ഷെ അദ്ദേഹത്തിൻെറ പ്രസംഗം കേട്ടുകൊണ്ടിരുന്നപ്പോൾ അദ്ദേഹം ഉദ്ദേശിക്കുന്നതു് ഈ രാജ്യത്തു് ഇന്ന് നടന്നുകൊണ്ടിരിക്കുന്ന സാമുദായികമനോഭാവത്തിന് ഒരു അറുതിയുണ്ടാകുന്നതിന് എന്തെങ്കിലും ഒരു പ്രവൃത്തി ഈ രാജ്യത്തു് ഗവണ്മെൻറിൽ നിന്നും ഉണ്ടായി കാണുന്നതിനാണെന്ന് എനിക്ക് മനസിലാക്കുവാൻ കഴിഞ്ഞു. ആ അഭിലാഷം വിലമതിക്കേണ്ടതുതന്നെയാണ്. പക്ഷെ

[ശ്രീ. പി. സദാശിവൻ പിള്ള]

ആ കാര്യത്തിൽ ഗവണ്മെന്റിനു് എന്തുചെയ്യുവാൻ കഴിയുമെന്നുള്ളതു് അദ്ദേഹം ശാന്തമായി ഒന്നു ആലോചിച്ചുനോക്കണം. നിലവിലുള്ള സാമുദായിക സംഘടനകളെ നിരോധിക്കുന്നതിനു് ഇന്നു് നിയമപ്രകാരം നമുക്കു് കഴിയുമോ എന്നു് ഒന്നു പരിശോധിക്കേണ്ടതാണു്. എന്റെ ബഹുമാന്യ സ്നേഹിതൻ ഈ പ്രമേയം അവതരിപ്പിച്ചപ്പോൾതന്നെ ഒരു പായിന്റു ആഫ് ആർഡർ ഇവിടെ ഉന്നയിക്കുകയുണ്ടായി. അതിൽ ൧൯-ാം വകുപ്പു (സി) ഉപവകുപ്പു പ്രകാരം ഈ രാജ്യത്തുള്ള എല്ലാ പൗരന്മാൎക്കും അസോസിയേഷനും യൂണിയനും ഉണ്ടാക്കുന്നതിനുള്ള പരിപൂൎണ്ണമായ സ്വാതന്ത്ര്യം ഭരണഘടന കൊടുത്തിട്ടുണ്ടെന്നും അതിനെ ലംഘിക്കുന്ന ഏതെങ്കിലും ഒരു പ്രവൃത്തി നടപ്പിലാക്കുന്നതിനു് നിവൃത്തിയില്ലെന്നുമാണു് Point of order ഉന്നയിച്ചുകൊണ്ടു് അദ്ദേഹം പറഞ്ഞതു്. സെക്ഷൻ ൧൩ (൨)-ൽ പറഞ്ഞിട്ടുള്ളതു് ഇപ്രകാരമാണു്:

"13 (2) The State shall not make any law which takes away or abridges the rights conferred by this Part and any law made in contravention of this clause shall, to the extent of the contravention, be void."

അതനുസരിച്ചു് നോക്കുമ്പോൾ ഇന്നു നിലവിലുള്ള സാമുദായിക സംഘടനകളെ നിരോധിക്കുമ്പോൾ ഈ രാജ്യത്തെ ഏതെങ്കിലും ഒരു പൗരന്റെ മൗലികാവകാശത്തിൽ ധ്വംസനം വരുമോ എന്നാണു് നാം ആലോചിക്കേണ്ടതു്.

ശ്രീ. പി. എസ്. നടരാജപിള്ള: ൧൯-ാമത്തെ സെക്ഷനിൽ ഉള്ള (സി) പ്രൊവൈസോ ഒന്നു വായിച്ചുനോക്കുക.

ശ്രീ. പി. സദാശിവൻപിള്ള: അതു് യൂണിയൻ ഫാറം ചെയ്യുന്നതിനെപ്പററിയുള്ളതാണു്. ഇപ്പോൾ നോക്കേണ്ടതു് ൧൯ (൪)-ാം സെക്ഷൻ അനുസരിച്ചാണു്.

Article 19 (4)

"Nothing in sub-clause (c) of the said clause shall affect the operation of any existing law in so far as it imposes, or prevent the State from making any law imposing, in the interests of public order or morality, reasonable restrictions on the exercise of the right conferred by the said sub-clause.

ഇതനുസരിച്ചു് ഇന്നു് നിലവിലുള്ള സമുദായികസംഘടനകളിൽ ഏതെങ്കിലും ഒന്നിനെ നിരോധിക്കണമെന്നുണ്ടെങ്കിൽ ആ സംഘടനയുടെ പ്രവൃത്തി ഈ രാജ്യത്തെ പബ്ളിക്കു് ആർഡറിനും മൊറാലിററിക്കും അപകടകരമാണെന്നു ഈ സംസ്ഥാനത്തെ നിയമസഭ ഒരു വിധി കല്പിക്കണം. ഈ രാജ്യത്തു് ഇന്നു പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സാമുദായിക സംഘടനകളുടെ പ്രവൃത്തി നമ്മുടെ രാജ്യത്തെ പബ്ളിക്കു് ആർഡറിനു അല്ലെങ്കിൽ മൊറാലിററിക്കു് അപകടകരമാണെന്നു വിശ്വസിക്കുന്ന ഒരുത്തനല്ല ഞാൻ.

ശ്രീ. എ. താണുപിള്ള: ഏകദേശം ഒന്നര കൊല്ലത്തിനുമുമ്പ് ഇവിടത്തെ ചില സാമുദായികസംഘടനകളുടെ പ്രവൃത്തികൾ പബ്ലിക്ക് ഓർഡറിന് അല്ലെങ്കിൽ മൊറാലിററിക്ക് അപകടമായ വിധത്തിൽ അതിരു കടന്നിരുന്നില്ലേ?

ശ്രീ. പി. സദാശിവൻപിള്ള: കുറച്ചുകാലംമുമ്പ് ഇവിടത്തെ സാമുദായിക സംഘടനകളുടെ പ്രവൃത്തി കുറെ അതിരുകവിഞ്ഞ നിലയിൽ എത്തിയെന്നുള്ളത് എന്നോടു ചോദിക്കാതെതന്നെ എല്ലാവർക്കും അറിയാവുന്ന ഒരു സംഗതിയാണ്. എന്തായാലും ഈ രാജ്യത്ത് ഒരസമാധാനം ഉണ്ടാകത്തക്ക രീതിയിൽ അതിന്റെ പ്രവർത്തനം എത്തി എന്ന് എനിക്ക് അറിഞ്ഞുകൂടാ. സാമുദായികപ്രവർത്തികളിൽ ഏർപ്പെട്ടിരുന്ന ചിലർ ചില പ്രേരണകളുടെ ഫലമായി ചില പ്രവൃത്തികളിൽ, അതായത് സാമുദായികമായി വിദ്വേഷമുളവാക്കുന്ന ചില പ്രവൃത്തികളിൽ ഏർപ്പെട്ടു. പക്ഷേ അന്ന് ഈ രാജ്യത്തുള്ള സാമുദായിക സംഘടനകളൊന്നും ഈ രാജ്യത്തെ പബ്ലിക്ക് മൊറാലിററിയെ ബാധിക്കുന്ന തരത്തിൽ പ്രവർത്തിച്ചിട്ടുള്ളതായി എനിക്കു അറിഞ്ഞുകൂടാ. ഇന്നു ഈ രാജ്യത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഏതെങ്കിലും സാമുദായികസംഘടനകളെ നിരോധിക്കത്തക്കവിധം ഒരു നിയമം നമുക്കു പാസാക്കുവാൻ കഴിയുമെന്നു ഞാൻ വിശ്വസിക്കുന്നില്ല. അങ്ങിനെ നിഷ്പ്രയോജനമായ ഒരുകാര്യം ഈ സഭയിൽ കൊണ്ടുവന്നു ഈ സഭയുടെ സമയത്തെ വെറുതെ കളയത്തക്കവിധത്തിൽ ചർച്ച ചെയ്യുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഒരു കാര്യം നാം വളരെ നിഷ്പക്ഷമായി അറിഞ്ഞിരിക്കേണ്ടതുണ്ട്. ഇന്ന് ഈ രാജ്യത്തുള്ള സാമുദായികമനോഭാവങ്ങളുടെ ചരിത്രം എന്തെന്നു നാം ഒന്നു തിരിഞ്ഞുനോക്കുകയാണെങ്കിൽ വളരെ വലുതായ ഒരു പാരമ്പര്യം അതിന്റെ പിന്നിലുണ്ടെന്ന് നമുക്കു മനസ്സിലാക്കുവാൻ കഴിയും. ഭാരതമൊട്ടുക്ക് ദേശീയപ്രവൃത്തികളിൽ ആദ്യം ഏർപ്പെട്ടുകൊണ്ടിരുന്നപ്പോൾ ഈ രാജ്യത്തുള്ള ആളുകളെയെല്ലാം പല വിഭാഗങ്ങളായി സംഘടിപ്പിക്കുന്നതിനും അങ്ങനെ സാമുദായികചിന്ത ആളുകളിൽ ഉളവാക്കുന്നതിനും നാം ശ്രമിച്ചുകൊണ്ടിരുന്നു. അങ്ങനെ വിഭാഗീയ സംഘടനകൾ ഏർപ്പെടുത്തി ആ സംഘടനകളുടെ പ്രവൃത്തിയിൽ നാം അഭിമാനംകൊണ്ടും ഇരുന്നു. അങ്ങനെ ഒരു പാരമ്പര്യവും ചരിത്രവും ഈ സമുദായസംഘടനകളുടെ പിന്നിലുണ്ട്. ഈ സംഘടനകളെയെല്ലാം ഒരു ചിന്താഗതിയിലേക്ക് തിരിച്ചുകൊണ്ടുപോകണമെന്നുണ്ടെങ്കിൽ അത് വളരെ വലുതായ ഒരു പ്രവൃത്തിയിൽകൂടി മാത്രമേ സാധിക്കുകയുള്ളു. ഒരു നിയമം ഏർപ്പെടുത്തിയതുകൊണ്ടോ വിപ്ലവാത്മകമായ കാര്യങ്ങൾ പറഞ്ഞുനടക്കുന്നതുകൊണ്ടോ അങ്ങനെ ഒരു മാററം എളുപ്പത്തിൽ വരുത്തുവാൻ സാധിക്കുകയില്ല.

ശ്രീ. ടി. കെ. ദിവാകരൻ: മെംബർ ആ പഴയ പാരമ്പര്യം നല്ലതാണെന്നു പറയുകയാണോ?

ശ്രീ. പി. സദാശിവൻപിള്ള: ആ പാരമ്പര്യം നല്ലതല്ലെന്നാണ് ഞാൻ പറഞ്ഞത്. അത് സാവധാനത്തിൽ മാത്രമേ ഈ രാജ്യത്തുനിന്നു തുടച്ചുനീക്കുവാൻ കഴിയുകയുള്ളു. തിരഞ്ഞെടുപ്പു നടക്കുമ്പോൾ സാമുദായികമനോഭാവം ഇല്ലെന്നു പറയുന്ന ആളുകൾ സാമുദായികസംഘടന

[ശ്രീ. പി. സദാശിവൻ പിള്ള]

കളെ സമീപിച്ച് അവരുടെ വോട്ടു പിടിച്ചുനടക്കുന്ന ഒരു ഏർപ്പാട് ഈ രാജ്യത്ത് നാമൊക്കെ കാണുന്നതാണ്. അങ്ങനെ സാമുദായികസംഘടനയുടെ വോട്ട് ചോദിക്കുന്ന ആളുകൾ സാമുദായികമനോഭാവം അകലെ വച്ചുകൊണ്ട് സമുദായമില്ലെന്നു പറഞ്ഞുകൊണ്ട് നടക്കുന്നതു കാണുമ്പോൾ എനിക്ക് അത്ഭുതം തോന്നുന്നു. ഈ രാജ്യത്തെ സാമുദായികമനോഭാവത്തെ ഉടച്ചുനീക്കുന്നതിന് ഈ രാജ്യത്തെ എല്ലാവരുടെയും സഹകരണപൂർവ്വമായ പ്രവൃത്തിയാണ് ആവശ്യമായിരിക്കുന്നതു്. അങ്ങനെ നൂതനമായ ഒരു വീക്ഷണകോണിൽക്കൂടി പ്രവൃത്തിക്കുവാൻ തയാറാണെങ്കിൽ അതിന് നിങ്ങൾ മുന്നോട്ടുവരിക. അതിന് സഹകരണാത്മകമായ സേവനം ഈ സഭയുടെ എല്ലാ ഭാഗത്തുനിന്നും പ്രമേയപ്രയോക്താവിന് പ്രതീക്ഷിക്കാവുന്നതാണ്.

ஸ்ரீ. கெ. சட்டநாத கரயாளர்: ஸர், நான் இந்தத் தீர்மானத்தை ஆதரித்துக்கொண்டு ஒரு சில வார்த்தைகள் பேச விரும்புகிறேன். இந்தத் தீர்மானம் இங்கு சர்ச்சைக்கு வந்ததிலிருந்து நடந்த சொற்பொழிவுகளை மிகவும் மனவேதனையோடு கேட்டுக்கொண்டிருந்தேன். இன்று நமது தேசத்தில், ஜாதி மத அடிப்படையில் ஒன்றல்ல, இரண்டல்ல பற்பல கட்சிகள் இருக்கின்றன. எந்தத் தலைவர்கள் எல்லாம் ஜாதிக்கு எதிராகவும், மதத்திற்கு எதிராகவும் பிரசாரம் செய்தார்களோ அவர்கள் அத்தனைபேர்களும், அவர்கள் எந்தக் கட்சியிலிருந்தபோதிலும், ஜாதியின் அடிப்படையிலும், மதத்தின் அடிப்படையிலும் தான் வோட் பிடித்தார்கள் என்று எனக்கு முன் பேசிய பல நண்பர்களும் சொன்ஞர்கள். அது உண்மையே என்று நான் மிகவும் வருத்தத்துடன் ஒப்புக்கொள்கிறேன். அவர்கள் காங்கிரஸ்காரர்களாய் இருந்தாலும் சரி, தமிழ்நாடு காங்கிரஸ்காரர்களாயிருந்தாலும் சரி, சோஷ்யலிஸ்ட் கட்சியைச் சார்ந்தவர்களாய் இருந்தாலும் சரி, அல்லது கம்யூனிஸ்ட் கட்சியைச் சார்ந்தவர்களாய் இருந்தாலும் சரி, தேர்தலில் போட்டியிடுவதில் ஓரளவிற்கு ஜாதியை மனதில் வைத்துக்கொண்டுதான் போட்டியிடுகிருர்கள். தேர்தலைப் பொறுத்த மட்டில் அப்படியிருக்கிறது என்ருல் மந்திரிசபை அமைக்கும்போது கூட கிறிஸ்தவருக்கு, நாயருக்கு, ஈழவருக்கு, ஒதுக்கப்பட்ட தொகுதியைச் சார்ந்தவர்களுக்கு என்றெல்லாம் சமுதாய அடிப்படையில் ஸ்தானம் கொடுக்கப்படுகிறது என்று நான் இந்த இடத்தில் எடுத்துச் சொல்ல ஆசைப்படுகிறேன். நாடார் சமுதாயத்தைச் சார்ந்தவர்கள் இருக்கிருர்கள்; ஆகவே ஒரு நாடார் மந்திரி சபையில் வேண்டுமென்று தீர்மானித்தார்கள். நாடார் சமுதாயத்தைச் சார்ந்தவர்களல்லாதவர்கள் கூறுகிருர்கள், அவர்கள் சமுதாயத்தைச் சார்ந்த ஒருவருக்கு ஸ்தானம் கொடுக்கவேண்டுமென்று. எனக்கு முன்பு பேசிய நண்பர் ஸ்ரீ. குஞ்சன் நாடார் அவர்கள் கூறிஞர்கள்—இந்த சபையில் நீண்ட நாட்களாக அங்கத்தினராய் இருக்கும் ஒருவருக்கு மந்திரி சபையில் பிரதிநிதித்துவம் கிடைக்காமல் இருந்தது ஜாதியின் அடிப்படையின் பேரில்தான் என்று கூறிஞர்கள். அது, ஓரளவிற்கு உண்மையாய் இருக்கலாம். இந்த சமஸ்தானத்தைப் பொறுத்தமட்டில், ஒரு முஸ்லீமோ அல்லது பிராமண சமூகத்தைச் சார்ந்த ஒருவரோ ஒரு மந்திரி பதவியை கனவில்கூட காண முடியாது என்பது உண்மையானதொரு விஷயமாகும். சாமர்த்தியக் குறைவோ அல்லது திறமையின்மையோ அல்ல அதற்குக் காரணம். இப்படிப்பட்டதொரு நிலைமை நம் நாட்டில் வந்தது வருத்தப்படவேண்டியதொரு விஷயமாகும். நமது தேசம் சுதந்திரம் அடைந்து, மூவர்ண கொடியை நமது தேசீயக் கொடியாகக் கொண்டு நமது லட்சியத்தை அடைந்து விட்டோம் என்று எண்ணும்போது நாம் பண்டை நாட்களில் செய்த உறுதிமொழிகளை ஞாபகப்படுத்திக்கொள்ள வேண்டும். அன்று, நாம் வந்தேமாதரம், வந்தேமாதரம் என்று தெருத் தெருவாக கோஷமிட்டோம். தாயின் மணிக்கொடியை தாழ்ந்து வணங்குவோம் என்றெல்லாம் பாடினேம்.

"வந்தேமாதரமென்போம்-எங்கள்
மாநிலத் தாயை வணங்குது மென்போம்

ஜாதிமதங்களைப் பாரோம்-உயர்
ஜன்மமித்தேசத்தி லெய்தினராயின்
வேதியராயினும் ஒன்றே-அன்றி
வேறு குலத்தினராயினுமொன்றே''

என்ற வந்தேமாதரகீதத்தை இச்சபையிலுள்ள பல கட்சியில் உள்ள நண்பர்களும் அன்று பாடினோம்; ''ஜாதிமதங்களைப் பாரோம்....உயர் ஜென்மமித் தேசத்திலெய்தினராயின் வேதியராயினும் ஒன்றே--அன்றி வேறு குலத்தினராயினும் ஒன்றே'' என்று நாம் அன்று சொன்னதை இன்று நாம் அமுலில் கொண்டுவந்துவிட்டோமா என்று கேட்க நான் ஆசைப்படுகிறேன். விடுதலை விடுதலை என்று நாம் கதறினோம்.

''விடுதலை! விடுதலை! விடுதலை!
பறையருக்கு மிங்கு தீயர்
புலையருக்கும் விடுதலை!
பரவரோடு குறவருக்கு
மறவருக்கும் விடுதலை.''

என்று நாம் அன்று கூறினோம். அந்த அடிப்படையில் பார்த்தாலும், இன்று ஒவ்வொரு ஜாதியாருக்கும், ஒவ்வொரு மதக்காரர்களுக்கும், தாழ்த்தப்பட்டவர்களுக்கும், எல்லோருக்கும் விடுதலை கிடைத்துவிட்டதா என்று பார்த்தால் இல்லை என்றுதான் சொல்லவேண்டியிருக்கிறது. ஏனெனில், ஜனநாயக அடிப்படையில் நாம் இங்கு பேசும்போது, ஜனநாயக அடிப்படையில் தேர்தல்கள் நடத்தும்போதுகூட ஜாதிதான் எல்லாவற்றிற்கும் முன்பாக வந்து நிற்கிறது. இங்ஙனம் தேர்தல்கள்கூட ஜாதி மத அடிப்படையில் நடந்தால், நாம் இந்த ஜாதியின் பிடிப்பிலிருந்து எப்படி விடுபட முடியும் என்று நாம் ஆலோசித்துப் பார்க்கவேண்டும். அப்படிப் பார்க்கும்போது எனக்குமுன் பேசிய ஸ்ரீ. கருணாகரன் அவர்கள் சொன்னார்கள், சரித்திரத்தின் ஆதி காலகட்டத்தில் ஜாதி எப்படி வந்தது என்று பார்க்கவேண்டுமென்று சொன்னார்கள். அது உண்மை. ஒரு பிணிக்கு மருந்து தேடும்போது, டாக்டர், அந்தப் பிணி எப்படி ஆரம்பமாயிற்று என்று பார்க்கிறார். அதேமாதிரி நாமும் முன்கால சரித்திரத்தைப் பார்க்கவேண்டியிருக்கிறது. ஆகவே சரித்திர ஏடுகளைப் புரட்டிப் பார்க்க இந்த சபையைக் கேட்டுக்கொள்கிறேன். கிறிஸ்து பிறப்பதற்கு சுமார் 2000 ஆண்டுகளுக்குமுன்பு இந்த தேசத்தில் முதன் முதலாக ஆரியர்கள் வர ஆரம்பித்தார்கள். அந்தக் காலத்தில், அடிமைப் பழக்கம் நம் நாட்டு மக்களின் மனதில் புகவில்லை. அப்பொழுது ஆரியர்கள் நாடு நாடாக ஊர் ஊராகச் சென்று தங்களது வாழ் நாட்களைக் கழிக்கக்கூடிய ஒரு நிலை இருந்தது. அவர்களை பின்தொடர்ந்துதான் சற்றேறக்குறைய 3500 ஆண்டுகளுக்குமுன்பு வேதகால ஆரியர்கள் என்ற ஒரு கட்டம் வருகிறது. அப்பொழுதுதான், முதன்முதலாக உபனிஷத், வேத அடிப்படைகளில் பிரிவுகள் ஏற்பட்டன. அதற்குப் பிற்பாடுதான் விசுவாமித்திரர், வசிஷ்டர், பாரத்வாஜர் இவர்களுடைய காலம் வருகிறது. அந்தக் காலத்தில் இருந்த சமுதாய அடிப்படை என்னவென்று நாம் பார்க்கவேண்டும். நான் இதைப்பற்றி ஏன் கூறுகின்றேன் என்றால் அக்காலத்தில் இருந்த சமுதாய அடிப்படையையும், அன்று இருந்த ஜாதி மத அடிப்படையையும் தாரதம்மியப்படுத்திப் பார்க்கவேண்டும். அன்று, மகரிஷிகள் முதன் முதலாக ரிக்வேதத்தை கொண்ட காலம். அக்கட்டத்தில் அன்று இருந்த சமுதாயத்தில், இன்று உள்ளதைப் போன்று உள்ள பிரிவுகள் இருக்கவில்லை. ஆரிய புரோகிதர்கள், வேத கால புரோகிதர்கள் மாதிரி இருக்கவில்லை. அவர்கள் சேனைகளையும் படைகளையும் தலைமை தாங்கி நடத்தக்கூடிய வீரர்களாக இருந்தார்கள். தங்கள் தேசத்தை எதிரிகளிடமிருந்து காப்பாற்ற தங்கள் தங்கள் அரசர்களுக்கு உற்ற துணைவர்களாக இருந்திருக்கிறார்கள். அக் காலந்தான், குறிப்பாக பாரதநாட்டில் ஒரு சமுதாயம் வேறொரு சமுதாயத்தை அடிமைப்படுத்தி அடக்கி ஒடுக்கி ஆள எத்தனித்த காலம். அது, இந்தியாவில் சுமார் 3500 ஆண்டுகளுக்கு முன்பாக, அதாவது கிறிஸ்து பிறப்பதற்கு சுமார் 1500 ஆண்டுகளுக்குமுன்பு நடந்ததொரு காரியமாகும். ஐரோப்பிய சரித்திரத்தை எடுத்துப் பார்த்தால் இதேமாதிரிப்பட்ட நிகழ்ச்சி அங்கும் நடந்ததாக நமக்குக் காணமுடியும். இதேபோல்தான் ஒவ்வொரு தேசத்திலும் ஒவ்வொரு சமயத்திலும் நடந்தது என்பதைத் தான் நான் சுட்டிக்காட்ட

[ஸ்ரீ. கெ. சட்டநாத கரயாளர்]

விரும்புகிறேன். ஐரோப்பாவில் எத்தனையோ Religious Crusades மத யுத்தங்கள் நடந்திருக்கின்றன என்று நமக்கு சரித்திர வாயிலாகக் காண முடியும். கிறிஸ்து பிறப்பதற்கு சுமார் 500 ஆண்டுகளுக்கு முன்பு உபனிஷத், வேதம் இவைகள் வருவதற்கு முன்பு, இரும்பு ஆயுதங்கள் உபயோகப்படுத்தப்பட்டன. அக்காலத்தில், வேதபாராயணம் செய்தவர்கள் படைகளை தலைமை தாங்கி முன் நின்று நடத்தக்கூடிய யுத்த வீரர்களாயும் இருந்தார்கள். அதற்குப் பிறகுதான் ஒரு பகுதியினர் அடிமைகளாகவும் ஒரு பகுதியினர் அவர்களை அடக்கி ஆளப்படுபவர்களாகவும் உள்ள நிலை ஏற்பட்டது. அந்த காலகட்டத்தில்தான் ஜாதி வேரூன்ற ஆரம்பித்துவிட்டது என்று சரித்திரம் சொல்கிறது. அதற்கு முன்புள்ள காலத்தில், குஞ்சன் நாடார் அவர்கள் குறிப்பிட்டது போல ஒரு ஜாதியைச் சேர்ந்தவர் வேறொரு ஜாதியில் சேருவதற்குள்ள அனுமதி, இருந்தது. அச்சமயத்தில்தான் ஒவ்வொரு பகுதியினரும் ஒவ்வொரு இடங்களில் குடியேறி தாமதித்துவரத் தொடங்கினார்கள். ஒவ்வொரு அரசர்களும் மற்றுள்ள அரசர்களை அடக்கியாளப் புறப்பட்டார்கள். பிறகு, அதாவது கிறிஸ்து காலத்தை எடுத்துப் பார்ப்போமேயானால், பயங்கரமான ஜாதிமத வேற்றுமைகளும், ஒருவருக்கொருவர் விரோத மனப்பான்மை கொள்வது போன்றவைகளும் இந்தியாவில் மலிந்து யிருந்தன. அப்போதுதான் வியாபாரவர்க்கம் முதன் முதலாக தலைதூக்கியது. முதன் முதலாக நான் மேற்சொன்ன கால கட்டத்தில் தான் வியாபாரம் அல்லது வியாபாரிகள் ஒரு பிரதான பங்கு அடைய ஆரம்பித்தார்கள். அன்று கிராமாந்தரங்களில் இருந்த மக்கள் அங்கிருந்து நகரங்களுக்குச் செல்லவும், நகரங்கள் முக்கியத்துவம் அடைந்ததும், இந்த காலகட்டத்தில்தான் என்று உங்களை ஞாபகப்படுத்திக்கொள்கிறேன்.

Mr. Speaker: You have been placing all these facts, but you are not speaking on the resolution.

Shri K. Sattanatha Karayalar: Especially in the present context, all these facts are necessary I am coming to the resolution.

கழிந்த காலங்களில் நடந்ததை நாம் ஞாபகப்படுத்திக்கொண்டு பார்த்தால் நம் நாட்டில் இந்தப் பிரிவை வேரூன்ற வைத்தது, முதல் முதலாக Communal Representation கொடுத்தபோதுதான் என்று தெரியவரும். பிரித்தாளும் கொள்கையுடைய வெள்ளையர்கள் முதன் முதலாகக் கையாண்ட தந்திரமாகும் அது. குறிப்பாக தமிழ்நாட்டை எடுத்துக்கொண்டால் பிராமணர்கள், பிராமணரல்லாதவர்கள் என்ற பாகுபாடு ஆரம்பித்தது இந்த Communal Representation வந்த காலத்தில்தான் என்று கூறிக்கொள்ள விரும்புகிறேன். இது சமீபத்தில் நடந்த முனிஸிப்பல் தேர்தல்வரை ஜாதி அடிப்படையில் போட்டியிட வைத்தது. இவைகளை எல்லாம் இங்கு ஏன் சுட்டிக்காட்டுகிறேன் என்று கேட்டால் இந்த ஜாதிமத வித்தியாசங்கள் போகவேண்டுமானால், இங்கே சொல்லப்பட்டதுபோல் ஒரு ஜாதியைச் சேர்ந்தவர் வேறொரு ஜாதியை சேர்ந்த ஆட்களை மணம் செய்துகொள்வதாலோ அல்லது ஒரு போற்றி தமது போற்றி என்ற ஸ்தானப் பெயரை எடுத்துவிட்ட காரணத்தினாலோ அல்லது ஒரு ஐயர் தமது ஐயரென்ற பெயரை எடுத்துவிட்ட காரணத்தினாலோ ஜாதி வித்தியாசம் மாறப்போவதில்லை. இந்த ஜாதிக்கு எல்லாம் அடிப்படை ஒன்று காணலாம். அதாவது ஜாதி இரண்டொழிய வேறில்லை என்றதொரு நிலையை காணலாம். நம் நாட்டில், ஒன்று உழைப்பவர்கள், மற்றவர், உண்பவர்கள்; ஒன்று, சுரண்டுப்பவர்கள், மற்றவர்கள் அச்சுரண்டலுக்கு ஆளாகுபவர்கள் என்ற நிலை இருக்கிறது. இந்நிலை மாறுவதுவரை நம்மால் எதுவும் சாதித்துவிட முடியாது. இன்றைய அரசியல் சூழ்நிலையில் இதை நாம் இலேசாக கருதிவிடக்கூடாது. மகாகவி பாரதியார்,

''ஏழையென்றும். அடிமையென்றும்
எவருமில்லை ஜாதியில்
இழிவுகொண்ட மனிதரென்ப
திந்தியாவில் இல்லையே.''

என்று கூறியிருக்கிறார். அதேபோல், ஏழை, பணக்காரன் என்ற பாகுபாடு ஒழிந்து, எல்லோரும் ஓர் குலம், எல்லோரும் இந்நாட்டு மக்கள் என்று கருதும் நிலை வந்தால் மட்டுமே ஜாதி மத பேதம் ஒழியும். அந்நன்னாள் வருவதற்கு இத் தீர்மானம் ஒரு கருவியாக இருக்கும்.

ശ്രീ. പി. ചാക്കോ: സർ, ഈ പ്രമേയത്തെ എതിർത്തുകൊണ്ട് ചില സംഗതികൾ പ്രസ്താവിക്കണമെന്ന് ഞാനാഗ്രഹിക്കുന്നു. തിരുവിതാംകൂർ കൊച്ചിയിൽ കഴിഞ്ഞകാലത്ത് സാമുദായികസംഘടനകൾ ചെയ്തിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലം ഈ ദേശവാസികൾക്കെല്ലാം നേരിട്ട് അറിവുള്ള സംഗതിയാണ്. ഉദാഹരണമായി പറയുകയാണെങ്കിൽ, നായർസർവ്വീസ് സൊസൈററിയും, എസ്. എൻ. ഡി. പി. യോഗവും വിവിധ ക്രിസ്തീയ സംഘടനകളും വിദ്യാഭ്യാസപരമായി ഈ രാജ്യത്ത് കഴിഞ്ഞകാലങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളതിന്റെ ഫലമായിട്ടാണ് നമ്മുടെ രാജ്യം ഇൻഡ്യയിലുള്ള മറെറാരു ദേശത്തെക്കാളും വിദ്യാഭ്യാസവിഷയത്തിൽ മുന്നണിയിൽ നിൽക്കുന്നതെന്നു കാണാൻ കഴിയും.. ഈ നാട്ടിൽ വളരെയധികം അവശതകൾ അനുഭവിച്ച് പിന്നോക്കം നിൽക്കുന്ന സമുദായങ്ങൾ ഈയിടെമാത്രമാണ് സംഘടിതമായി പ്രവർത്തനം നടത്തിവരുന്നത്. ഈ നാട്ടിൽ ജനങ്ങളുടെ അഭിവൃദ്ധിക്കുവേണ്ടി സംഘടിതമായ ശ്രമങ്ങൾ ആവശ്യമാണെന്നുകരുതി കഴിഞ്ഞ രണ്ടുമൂന്നുവർഷങ്ങൾക്കുമുമ്പ് പിന്നോക്ക സമുദായങ്ങളെല്ലാംതന്നെ ഗവണ്മെൻറിന്റെ പ്രത്യേക പരിരക്ഷണത്തിൻ കീഴിൽ സംഘടിച്ച് പ്രവർത്തിക്കുന്നതിനു ഗവണ്മെൻറുതന്നെ തയാറാക്കിയ നിയമാവലിയനുസരിച്ച് പല പ്രവർത്തനങ്ങളും നടത്തിവരുന്നുണ്ട്. ആ സംഘടനകൾ അതാതു സമുദായത്തിന്റെ ഉയർച്ചയ്ക്കു പല പ്രവർത്തനങ്ങളും ചെയ്തുവരുന്ന ഒരു കാലഘട്ടത്തിൽ ഈ പ്രമേയം ഇവിടെ പാസ്സാക്കുകയാണെങ്കിൽ അവയുടെ പ്രവർത്തനങ്ങൾ നശിക്കുകയും ആ സമുദായങ്ങളുടെ അഭിവൃദ്ധി എന്നേക്കുമായി നിലയ്ക്കുകയും ചെയ്യും. എസ്. എൻ. ഡി. പി. യോഗത്തിനെപ്പോലെ സാമുദായികമായപേരിൽ—

ശ്രീ. കെ. ഐ. വേലായുധൻ: എസ്. എൻ. ഡി. പി. യോഗം വെറും ഒരു സാമുദായികസംഘടന മാത്രമാണോ?

ശ്രീ. പി. ചാക്കോ: അതൊരു സാമുദായികസംഘടനയാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ശ്രീ. കെ. ഐ. വേലായുധൻ: അവശതയും ബുദ്ധിമുട്ടും അനുഭവിക്കുന്ന ഏതു മതത്തിലുൾപ്പെട്ടവർക്കും എസ്. എൻ. ഡി. പി. യോഗത്തിൽ ചേരുന്നതിന് തടസ്സമില്ലെന്നറിയാമോ?

ശ്രീ. പി. ചാക്കോ: അങ്ങനെയാണെന്നുവരികിലും ഈഴവസമുദായത്തിന്റെ ഉന്നതിക്കുവേണ്ടി പ്രവർത്തിക്കുന്ന ഒരു സംഘടനയാണെന്നാണ് ഇതുവരെയുള്ള യോഗത്തിന്റെ പ്രവർത്തനത്തിൽനിന്നും മനസ്സിലാക്കുന്നത്.

[ശ്രീ. പി. ചാക്കോ]

അവശസമുദായ സംഘടനകൾ ഇന്നു നാമമാത്രമായി സ്വത്തുക്കളോ സ്ഥാപനങ്ങളോ ഇല്ലാത്തനിലയിൽ കഴിയുന്നുവെന്നുള്ളതു് പരിതാപകരമായ ഒരവസ്ഥയാണു്. അങ്ങനെയുള്ള കാര്യങ്ങൾ ഉണ്ടാക്കുന്നതിനു് വ്യക്തിപരമായ കഴിവുകൾ ഇല്ലാതിരിക്കുന്ന ആ സമുദായങ്ങളിലെ ആളുകൾ അല്പാല്പമായിട്ടെങ്കിലും ധനസഹായംതേടി ഗവണ്മെന്റിന്റെ സഹായസഹകരണത്തോടുകൂടി പുരോഗമിക്കുന്ന ഈ കാലത്തു് ഇങ്ങനെയൊരു നിരോധനം ഏർപ്പെടുത്തുന്നതു് കേവലം പരിതാപകരമായിട്ടുള്ള ഒരു സംഗതിയാണു്. ഈ നാട്ടിലെ അവശസമുദായങ്ങളുടെ സംഘടനകൾ രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുന്നില്ലെന്നുള്ളതു് ഒരു പരമാർത്ഥം മാത്രമാണു്. ഏതൊരു ഗവണ്മെന്റു വന്നാലും ആ ഗവണ്മെന്റിന്റെ തണലിലും താങ്ങിലും പുരോഗമിക്കുന്നതിനുള്ള ഒരു കഴിവുമാത്രമേ അവശസമുദായങ്ങൾക്കുള്ളു. അങ്ങനെയുള്ള സംഘടനകളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആളുകളെ കാൺഗ്രസ്സ് സംഘടനയിൽ ചേർക്കുന്നതിനു് യാതൊരു നിയമവും ബാധകമായിട്ടില്ല. ഈ പ്രമേയം അവശസമുദായങ്ങളുടെ നേർക്കുള്ള ഒരു വെല്ലുവിളിയാണെന്നാണു് എനിക്കു തോന്നുന്നതു്.

സമുദായത്തിന്റെ പേരിലുള്ള സംഘടനകളെല്ലാം നിരോധിക്കണമെന്നു പ്രമേയം ആവശ്യപ്പെടുന്നു. പേരു മാറിയതുകൊണ്ടുമാത്രം സാമുദായികചിന്ത മാറുമെന്നുള്ള വിശ്വാസം എനിക്കില്ല. ഈ നിരോധനംകൊണ്ടു് സാമുദായികവ്യവസ്ഥകളാൽ മദോന്മത്തരായ തിരുവിതാംകൂർകാർക്കു് യാതൊരു മാററവും വരുമെന്നു തോന്നുന്നില്ല. അതുകൊണ്ടു് ഇന്നു നിലവിലുള്ളതും ഏതെങ്കിലും ജാതിയുടെയോ, ജാതിവിഭാഗങ്ങളുടെയോ പേരിനോടു് ഘടിപ്പിച്ചിട്ടുള്ളതുമായ സാമുദായികസംഘടനകളെല്ലാം നിയമനിർമ്മാണംമൂലം നിരോധിക്കണമെന്നുള്ളതു് ഒരിക്കലും സ്വീകരിക്കാൻ പാടില്ല. ഇതിലേക്കു് വ്യവസ്ഥാപിതമായ മറെറന്തെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിച്ചു് നടപ്പാക്കണമെന്നും ഈ സഭയിലുള്ള എല്ലാ രാഷ്ട്രീയപ്രവർത്തകന്മാരുംകൂടി ആലോചിച്ചു് സാമുദായികമനഃസ്ഥിതി ഇല്ലാതാക്കാൻ പ്രവർത്തിക്കണമെന്നുമാണെന്റെ അഭിപ്രായം.

പ്രത്യേകിച്ചും തിരഞ്ഞെടുപ്പുകാലത്തു് ജാതിയുടെ പേരിൽ പ്രചരണങ്ങളും വോട്ടിംഗ്സമ്പ്രദായവും നമ്മുടെ രാജ്യത്തു് വളരെയധികം ഉണ്ടായിരുന്നു. നായന്മാർ നായർക്കുതന്നെ വോട്ടുചെയ്യണം, ക്രിസ്ത്യാനി ക്രിസ്ത്യാനിക്കുതന്നെ വോട്ടു ചെയ്യണം, എന്നൊരു നയമാണു് കണ്ടുവന്നതു്. ഇങ്ങനെ ജാതി തിരിച്ചുള്ള വോട്ടിംഗ്സമ്പ്രദായങ്ങൾ മാറേറണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഈ നാട്ടിൽ സാമുദായികാടിസ്ഥാനത്തിൽ സംഘടിച്ചു് പുരോഗമിച്ചുകൊണ്ടിരിക്കുന്ന അവശസമുദായാംഗങ്ങളായ ജനങ്ങൾക്കു് തടസ്സമായി നില്ക്കുന്ന ഈ പ്രമേയത്തെ ഞാൻ എതിർക്കുന്നു.

Shri P. S. Nataraja Pillai : Sir, I wish to make one or two observations on the resolution before the House. I was patiently following the debate in the House. What gave me surprise was the speeches from the other side. Much more so since reading the speeches of the Prime Minister of India and Leader of the Congress

who controls the destinies of India as its representative. In almost all his speeches we find reference being made about communalism that is growing in the country. He exhorts congressmen to drive it out of the country and to take every step to keep up to the ideal of a secular State. One of the fundamental basis of the liberation movement started under Mahatma Gandhi was that caste must be eliminated as far as possible from politics. He wanted to spiritualise politics to build up a secular State. In later days, emphasis is only on secularism. In spite of all these facts, my friends who represent the Congress in this House are approaching the problem from a purely technical point of view and hair-splitting arguments. I was a little pained at that. I expected that the Members in this House would have realised the spirit behind the resolution. Not only that. My honourable friends would have also realised the extent to which communalism and casteism, if I may use that word, which is in vogue, has created disharmony and disunion in our country. Not only the public life of the country, but even the ideals of administration is being vitiated by communal approach to state problems. That is a fundamental fact which no citizen on the country can deny or forget. Public life is permeated by a spirit of communal mentality and day by day disunion is growing greater and greater. Is it not the duty of a democratic State, a State which proclaims that it is based on secularism, and the duty of the Legislature to view the question from that standpoint? The ideal of loyalty of the citizen is the fundamental basis on which the secular State can function. If we owe allegiance to different loyalties and differeent authorities that must sooner or later lead to a clash. What, after all, is this communal organisation ? There is self-interest in communal organisations. If the population of a State is divided on communal basis, if the society is allowed to divide itself as communal organisations and it is for communal interest. Mutual conflict and mutual animosity are bound to come in and affect the harmonious development of the citizenship. Will it lead to proper administration in the country ? While these organisations are decried or envisaged as a danger to democracy and proper administration, groups of people are organising for different loyalties and if there is a clash between the ideals of the Government and the particular interests of that community, where will be the loyalty of the citizen ? Will the loyalty to the organisation be greater or the loyalty to the State ? That is a question which I would humbly request my hon. Members to consider and ponder over. Sir, we have had experience of allowing communal organisations to thrive, strengthen and become powerful based upon communal allegiance. We know what it has brought to India. Let us not think that it is a slight matter, that it is incidental in our life and in the present condition of our society. If we want to

[Shri P. S. Nataraja Pillai]

evolve as a secular State, if we want our country to be a powerful one, if we want harmonious relationship between all groups, the people as a whole must work to wipe out these differences and bring about communal harmony.

Shri N. P. Varghese : If there is conflict between loyalty to religion and loyalty to State, what will be the stand of the hon. Member ?

Shri P. S. Nataraja Pillai : I feel I am a religious man and even orthodox. I believe in God. That is my creed. As a religious man there are certain observances which I must adhere to. But that is a personal code of life and not a code to be observed as a citizen. I can be a Hindu in a State ruled by a Mussalman. I must have liberty to practise my religion as enjoined by it. I can understand the freedom of worship but that does not clash with my loyalty to the State.

Shri A. Thanu Pillai : If any religious group organises itself against the State then what will be the answer of the member ?

Shri P. S. Nataraja Pillai : I have no hesitation in saying that that group must be eliminated. It must have no place in the State. It has no right to butt in or encroach upon the field of the secular State.

Shri K. Madhavan Unnithan : Cannot the same thing be said about communal loyalty also ?

Shri P. S. Nataraja Pillai : If communal loyalty is allowed to grow, it may even challenge the authority of the State.

Shri A. A. D. Luiz : Do you concede that communalism will cease to exist if the theory of one nation that now exists only in the lips of the leaders gets into their hearts ?

Shri P. S. Nataraja Pillai : I do not think that our leaders say one thing with their lips while there is another thing in their hearts. It is startling to my mind. I believe every man speaks what he feels. If communal organisations are allowed to function without restraint that may lead to a situation—

ശ്രീ. എ. വി. ചെറിയാൻ : കമ്മ്യൂണൽ ഓർഗനൈസേഷൻ രാജ്യത്തിന് നന്മയുള്ള കാര്യങ്ങളും ചെയ്യുകയും സെക്യുലർസ്റ്റേറ്റിൽ കാൺഫ്ളിക്റ്റ് ഉണ്ടാക്കാതിരിക്കുകയും ചെയ്യുക ആണെങ്കിലോ?

Shri P. S. Nataraja Pillai : I would not call it a communal organization by itself. It will be a social organization or a welfare organization. But based upon the principle of communalism, to

group together a certain section of the public under a communal flag and make it an organization deriving its power by feeding on the lower instincts of human beings and ultimately becoming so powerful as to challenge the secular authority of the State is one of the most dangerous things for a secular State to face.

Mr. Speaker : Does the member wish to speak something more on this ?

Shri P. S. Nataraja Pillai : Yes, Sir.

Mr. Speaker : Now, the House will adjourn and meet again tomorrow at eleven o'clock.

The Assembly adjourned at 4.32 p. m. to meet again at 11 A.M. on Saturday, the 7th March 1953.

APPENDIX I

[*Please see answer to question No.* 119 (1)]

List of persons to whom G. M. F. loan has been sanctioned during 1952-53 (Up to 28-2-53)

Sl. No.	Name and address	Amount sanctioned Rs.
1.	Shri Cherian Chacko, Thuruthithara Arakkal Veedu, Neelamperoor, Changanacherry.	3,000
2.	Shri C. N. Gopalan, Chakkalayil Veedu, Kollaka Muri, Panmana Pakuthy, Karunagapally.	3,000
3.	Shri R. Chellappan Pillai, Punakottu Veedu, Poovathoor, Nedumangad	500
4.	Shri Chacko Varkey, Karikkampallil, Cheekidikadu, Thakazhi.	4,000
5.	Shri Ittan Kuruvilla, Nauvallil, Kallathil, Chennankari.	5,000
6.	Shrimati L. Janaki Amma, Sreevilasom House, N. Paroor.	4,700
7.	Shri P. V. Varghese, Kolathu House, Kaviyoor.	1,500
8.	Shri A. Ramachandra Panicker, Edavana House, Kakkazham Muri, Ambalapuzha.	1,000
9.	Shri G. G. John, Olikkara House, Thottakattu Kara, Puthupally Pakuthy, Changanacherry.	4,000
10.	Shri G. Janardhanan Pillai, Kallettu Veedu, Padinjattumcheri, Kaviyoor, Thiruvella.	5,00
11.	Shri Ouseph Joseph, Puthenpurayil House, Chennankari Pakuthy, Changanacherry.	10,000
12.	Shri P. Abdul Aziz, Kottavilakathu House, Athiyara, Aryanad P. O.	3,000
13.	Shri Uthuppan Kuriakose, Pazhayakalathil, Neelamperoor, Changanacherry.	6,000
14.	Shri Uthuppan Uthuppan, Pazhayakalathil, Neelamperoor, Changanacherry.	4,000
15.	Shri C. K. Narayana Kurup, Cherukara House, Kozhimukku, South Edavana, Ambalapuzha.	2,000
16.	Shri Pandavathu Sankara Pillai, Amritha Bhavanam, Pallana.	5,000
17.	Shri Velumban Nanoo, Pathinettuparathoppil Veedu, Vararikkavu, Kumarapuram, Karthigapalli.	3,000
18.	Shri Thomman Thomas, Puthenpurackel Paliyath, Veliyanad, Changanacherry.	9,500
19.	Shri P. Kunjan Nair, Harihara Bhavanam, Ooruttambalam, Neyyattinkara.	3,500
20.	Shri V. M. Abdul Rehiman Vaidyan & Shri A. Mydeen Picha, Vadakke Panayil Veedu, Vembayam, Nedumangad.	12,000
21.	Shri R. Vasudevan Nair, Shroff House, Thycaud, Trivandrum.	3,000

22.	Shri P. Punnoose & Mrs. Punnoose, Pattassri, Chingavanam, Kottayam.	10,0000
23.	Shri Thomas J. Kottiparamban, Kalapurakkal, Lalithamahal, Thalayazham Pakuthy, Vaikom.	25,000
24.	Shri N. Sasthankutty Pillai & Shri K. Muthuperumal Pillai, Chittezhathu Veedu, Kumarakom, Kottayam.	3,000
25.	Shri Punnuse Chacko & Rev. Fr. N. P. Philipose, Nadamel House, Neelamperoor, Changanacherry.	4,000
26.	Shri Mathai John, Konnayil House, Mundukavu, Chengannur.	3,000
27.	Shri Uthuppu Chacko, Punnachirayil House, Veloor, Kottayam.	2,500
28.	Shri Thomman Joseph, Murukkummoottil, Kavalam.	10,000 (to be paid in two equal instalments.)
29.	Shri Joseph Thomas, Karukayil House, Neelamperoor.	8,000
30.	Shi Mathulla Eyo, Karikeezhu Malayikal House, Changanacherry	9,000
31.	Shri K. M. Joseph & Mrs. Thresia Joseph, Karikeezhil House, Cherukara, Kavalam.	4,000
32.	Shri Joseph Varghese, Vattaparambil House, Kainadi, Neelamperoor.	8,000
	Total Rs.	2,64,7000

APPENDIX II

[*Please see Answer to question No.* 127 (13)]

Copy of the Lease Deed dated 13-6-1118 executed by the Cochin Potteries, Chalakudy.

THIS INDENTURE made this the 13th day of Makaram 1118 corresponding to the 26th day of January 1948 between H. H. Ramavarma, 2nd Thampuran of Cochin aged 42 years, son of Ikkavu Thampuran, Nadama village, Cochin-Kanayannur Taluk, Kshatriya by caste, Secretary to the Government of Cochin for and on behalf of the Government of His Highness the Maharaja of Cochin hereinafter called the lessor of the one part and Messrs. The General Mercantile Corporation Ltd., Cochin, represented by its Managing Director Shri S. Rm. Ct. Pl. Palaniappa Chettiar, son of Chidambaram Chettiar, Non-brahmin by caste, aged 34 years residing at Mowbray's Road, Mylapore, Madras, Managing Director, General Mercantile Corporation Ltd., Cochin for and on behalf of the General Mercantile Corporation Ltd., Cochin herein after called the lessees on the other part witnesseth that in cosideration of the rent hereinafter reserved and of the lessees agreement hereinafter contained the lessor hereby grants to the lessees the lease of all those premises with compound, buildings, outhouses, machinery and plant and other accessories and more particularly described in the schedules hereunder annexed and situate at

Kizhakkey Chalakudy village, Mukundapuram Taluk to hold the same for a term of *Seventeen years from 1st Thulam* 1118 at the yearly rent of Rs. 2,400 (Rupees two Thousand and Four hundred only) from 1st Thulam 1118 and Rs. 3000|—(Rupees three thousand only) from 1st Thulam 1123 till the expiry of the aforesaid period of this lease and the lessor hereby agrees with the lessees as follows :—

1. The lessees agree to take the buildings, plant and machinery and other articles of furniture etc., as per Schedule attached belonging to the lessor at the Cochin Government Storeware Works. Chalakudi for a period of seventeen years from 1st Thulam 1118 corresponding to 17th October 1942 and pay the lessor an annual rental of Rs. 2,400 (Rupees two thousand and four hundred) only thereafter till the expiry of the lease period; payable in advance in two instalments on the 1st Thulam and 1st Medom of every year and if any default is made in any instalment, interest at 6 per cent (six per cent) will be paid by the lessees to the lessor from date of default.

2. The lessor agrees to allow the lessees proportionate remission of rent if the work in the factory has to be suspended for over a month due to the breakdown of the important machineries or other causes beyond the control of the lessees. Stoppage of works due to strike or accumulation of stocks, will not entitle the lessees for any remission of rent. The decision of the Dewan of Cochin as to whether the circumstances which have caused the stopping of the work are beyond the control of lessees or not shall be final.

3. The lessees agree that at least three seats on the Board of Directors of the lessees company shall be reserved for election from among Cochinite shareholders eligible for election thereto. If, however, Cochinite shareholders with the requisite qualification are not available for election as Directors, the Board of Directors shall nominate Cochinite shareholders though not possessed of the necessary share qualification to satisfy the condition that there shall be at least three Cochinite shareholders on the Directorate of the Comapny.

4. The lessees agree to raise their paid up share capital to Rs. 75,000 (Rupees Seventy five thousand) only and to reserve and keep open new shares of all kinds to the value of Rs. 29,000 (Rupees Twentynine thousand) only for subscription by bonafide Cochinites for a period of six months from the date on which applications for the new shares are invited and to throw open such shares to public subscription without any restriction only in the event of such shares not being subscribed for by bonafide Cochinites within the period aforesaid.

5. The lessees agree to keep with them the articles as per Schedule II attached as the property of the lessor and sell them and pay for them and when the lessees receive orders for similar articles at rates to be approved by the lessor from time to time.

6. The lessees agree to insure the buildings and plant and machinery for Rs. 50,000 against damage by fire and pay the annual premium on this fire insurance and surrender the policy and the premium receipts to Government and to return the articles remaining unsold mentioned in Schedule II and the articles mentioned in Schedule I to the lessor on the termination of the lease in state of good condition and repair respectively. But the lessees are not responsible for any deterioration or breakage of articles mentioned in Schedule II. In the case of any compulsory insurance of the buildings and machineries by the owner of the factory like the War Risks (Factories) insurance, the lessor agrees to pay the extra premium, if any, that may have to be paid, over the premium, that the lessees have to pay as stipulated in the first sentence of this clause.

7. The lessor agrees to allow the lessees to take as much fuel as is required for the working of the Factory from the forests belonging to the lessor on payment by the lessees of the usual seigniorage and to take clay from Government Poramboke lands on payment by the lessees of rental on the same scale allowed to private individuals. But the lessees will be at liberty to make their own arrangements for the supply of fuel in future, if they so desire.

8. The lessor agrees to pay the lessees on the termination of the lease any capital expenditure that the lessees might have incurred with the specific and previous sanction of the lessor for the replacement of engines and major repairs to buildings etc., which would be found necessary for the proper working of the factory. The value to be given to the lessees of such machinery, repairs etc., will be arrived at after deducting proportionate depreciation and taking into account the condition of the machinery at the time and is to be decided by the Dewan whose decision shall be final. A committee consisting of the Chief Engineer to the Government, the Director of Industries and Commerce and a representative of the lessees shall examine all proposals for capital expenditure and make representations to the Government.

9. The lessees agree that at least seventy-five per cent of the non-labour-staff and ninety per cent of the labourers engaged in the factory shall be bonafide Cochinites.

10. The lessees agree to place at the disposal of the lessor any convenient place in the Storeware Factory building for keeping the records and other articles of the factory belonging to the lessor until such time as the lessor deems it necessary and to allow access to the lessor or his deputies to the place thus reserved during he working hours.

11. The lessees agree to deposit a sum of Rs. 5,000 (Rupees Five thousand only,) with the lessor within a fortnight from this date as security for the fulfilment of the obligations heretobefore mentioned which along with other interests of the lessees in the factory will be forfeited if any of the conditions of this lease are not entirely fulfilled. The lessor will pay the lessees an interest of $2\frac{1}{2}\%$ per annum on this amount. The sum of Rs. 3,000 already deposited by the lessees in pursuance of the lease dated 19-2-1115 shall be deemed one part of the deposit payable and in this lease deed the balance of Rs. 2,000 shall be deposited within a fortnight from the date of this lease.

12. If any dispute arises in the interpretation of any of the terms of this agreement the decision of the Dewan of Cochin shall be final.

13. The lessees further agree that all amounts, if any, due to the lessor under this agreement shall be recovered from them in the manner provided for the recovery of arrears of land revenue under the Cochin Revenue Recovery Act.

IN WITNESS whereof the parties have hereunto set their hands and seal this day and year first above written.

Sd. *Secretary to Government of Cochin.*

For General Mercantile Corporation Ltd.,

Sd. *Managing Director.*